# നമസ്കാര പാഠങ്ങൾ

ഹദ്റത് മിർസാ താഹിർ അഹ്മദ് (റഹ്)



പ്രസാധകർ:
മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ
മാത്തോട്ടം, കേരള

# നമസ്കാര പാഠങ്ങൾ

*ഹദ്റത് മിർസാ താഹിർ അഹ്മദ്(റഹ്)*

*വിവർത്തനം*

*ടി.എം. അബ്ദുൽ മുജീബ് തമ്മനം*

*പ്രസാധകർ:*

*മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ*

*മാത്തോട്ടം, കേരള*

**Namaskara Padangal**
Malayalam translation of **Tadreez-e-Namaz**

Author :
**Hadhrat Mirza Tahir Ahmad(ra)**

Translated by :
T.M.Abdul Mujeeb Thammanam

Printed at:
Aone offset Printers, Kozhikode

Published by :
**Majlis Khuddamul Ahmadiyya, Mathottam, Kerala**
(Youth Organisation (Men) of Ahmadiyya Muslim Jama'at)

Distribution :
**Islam International Publications Kerala**
Ahmadiyya Muslim Jama'at, Near SBI, Kannur 670001, Kerala.

Copies: 1000

Price : 40/-

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

# നിയ്യത്ത്

وَجَّهْتُ وَجْهِيَ لِلَّذِىْ فَطَرَ السَّمٰوٰتِ وَالْاَرْضَ حَنِيْفًا وَمَا اَنَا مِنَ الْمُشْرِكِيْنَ

ആകാശ ഭൂമികൾ സൃഷ്ടിച്ചവനിലേക്ക് അവനെ അനുസരിക്കുന്നവനായിക്കൊണ്ട് ഞാനെന്റെ ശ്രദ്ധ മുഴുവനായും തിരിക്കുന്നു. ഞാൻ ബഹുദൈവാരാധകനിൽ പെട്ടവനല്ല.

# സനാഅ് (സ്തുതിവചനം)

سُبْحٰنَكَ اللّٰهُمَّ وَبِحَمْدِكَ وَتَبَارَكَ اسْمُكَ وَتَعَالٰى جَدُّكَ وَلَا اِلٰهَ غَيْرُكَ

**സുബ്ഹാന-** പരിശുദ്ധം, പരിശുദ്ധമായത്. ഒരു വസ്തു മലിനമാകുമ്പോൾ നിങ്ങൾ അതിനെ നല്ലപോലെ ഉരച്ച് കഴുകുന്നു അപ്പോൾ അത് പരിശുദ്ധമാകുന്നു. വസ്ത്രങ്ങൾ വൃത്തിയാകുന്നു. സ്ത്രീകൾ പറയുന്നു, ഞങ്ങൾ വസ്ത്രങ്ങൾ കഴുകി. കുട്ടികളുടെ വസ്ത്രങ്ങൾ വൃത്തിയാക്കി. എന്താണ് പരിശുദ്ധത? യാതൊരു കറയും ന്യൂനതയും ഇല്ലാതിരിക്കുക. എന്നാൽ പരിശുദ്ധിമാത്രം മതിയാവുന്നതല്ല. അതിൽ മറ്റ് ചിലതും ഉണ്ടായിരിക്കേണ്ടതാണ്. വൃത്തിയായ വസ്ത്രം നിറങ്ങളെ സ്വീകരിക്കുന്നു. ആഗ്രഹിക്കുന്ന നിറം അതിന് നൽകാവുന്നതാണ്. എന്ത് ചിത്രം വേണേലും അതിൽ വരക്കാം. അഴുക്കായ വസ്ത്രത്തിൽ കഴിയില്ല. അഴുക്കുള്ള

വസ്ത്രത്തിൽ ചെയ്യുകയാണെങ്കിൽ അഴുക്കിളകി നിറത്തെ വികൃതമാക്കുന്നു.

അർഥമിതാണ്, അല്ലാഹുവേ, നീ എല്ലാ കുറവുകളിൽ നിന്നും പരിശുദ്ധനാണ്. എന്നാൽ പരിശുദ്ധൻ മാത്രമല്ല മറിച്ച്, وَبِحَمْدِكَ എല്ലാ സവിശേഷഗുണങ്ങളും ഉൾക്കൊള്ളുന്നവനുമാണ്. അപ്പോൾ കുറവുകളിൽ നിന്നു മാത്രം പരിശുദ്ധമായാൽ പോരാ, എല്ലാ ഗുണങ്ങളും ഉൾകൊള്ളേണ്ടതും അത്യാവശ്യമാണ്. ഇതാണ് പരിപൂർണസ്തുതി. سُبْحَانَكَ اللّٰهُمَّ وَبِحَمْدِكَ അല്ലാഹുവേ, നീ നിന്റെ സ്തുതിയോടൊപ്പം പരിശുദ്ധനാകുന്നു. അഥവാ പരിശുദ്ധൻ മാത്രമല്ല സർവ്വ സ്തുതികളും നിന്നിലുണ്ട്. وَتَبَارَكَ اسْمُكَ ആദ്യം പറഞ്ഞു നീ എല്ലാ തിന്മകളിൽ നിന്നും പരിശുദ്ധനാണ് പിന്നീട് പറഞ്ഞു, എല്ലാ നന്മയും നിന്നിലുണ്ട്. പിന്നീട് وَتَبَارَكَ اسْمُكَ എന്നു പറയേണ്ട ആവശ്യമെന്താണ്? അതിലെ ഉദ്ദേശ്യവും യുക്തിയും എന്താണ്? سُبْحَانَكَ اللّٰهُمَّ وَبِحَمْدِكَ എന്നതിൽ എല്ലാം പറഞ്ഞു കഴിഞ്ഞു. പിന്നെ وَتَبَارَكَ اسْمُكَ എന്നു പറയുന്നതെന്തിനാണ്? അല്ലാഹു എന്ന നാമത്തിൽ രണ്ടു കാര്യങ്ങൾ നാം പറഞ്ഞു. അല്ലാഹു എന്ന നാമത്തിൽ യാതൊരു ന്യൂനതയുമില്ല, എല്ലാ നന്മകളും അതിലുണ്ട്. ഇതാണ് ബർക്കത്തിന്റെ അർഥം. ഒരു തിന്മയും ഇല്ലാത്ത എല്ലാ നന്മയും ഉള്ള നാമത്തിൽ നിന്നാണ് ബർക്കത്ത് കിട്ടുന്നത്. ലോകത്ത് അതിൽ നിന്നല്ലാതെ മറ്റൊന്നിൽ നിന്നും അനുഗ്രഹം അന്വേഷിക്കേണ്ട. وَتَبَارَكَ اسْمُكَ ഇത് അനുഗ്രഹീത നാമമാകുന്നു. ഇത് മനസ്സിലാക്കി കൊണ്ട് ആര് ഈ നാമം ജപിക്കുന്നുവോ അവർക്ക് അനുഗ്രഹം ലഭിക്കും. وَتَعَالٰى جَدُّكَ മറ്റെല്ലാ അസ്തിത്വങ്ങളിൽ നിന്നും ഉന്നതമായ അസ്തിത്വമാണിത്. മറ്റൊരു അസ്തിത്വത്തിനും തന്നെ അതിനെ എതിരിടാൻ സാധ്യമല്ല. وَلَآ اِلٰهَ غَيْرُكَ അല്ലാഹുവേ നീയല്ലാതെ മറ്റൊരു ആരാധ്യനില്ലെന്ന് നാം പറയുമ്പോൾ മുകളിൽ പറയപ്പെട്ട എല്ലാ കാര്യങ്ങളും ( وَلَآ اِلٰهَ غَيْرُكَ ) നീയല്ലാതെ ഒരാരാധ്യനില്ല എന്നു പറയാൻ നമ്മെ നിർബന്ധിതരാക്കിത്തീർക്കുന്നു. നാം പരാമർശിച്ച എല്ലാ നന്മയും ഉള്ള ഒരൊറ്റ ആരാധ്യൻ മാത്രമേ ലോകത്തുള്ളൂ.

ഇത്തരത്തിലുള്ള ഒരു തയ്യാറെടുപ്പ് ലോകത്ത് മറ്റൊരു ആരാധനയിലും കാണാൻ സാധ്യമല്ല. ലോകത്ത് ഹിന്ദുക്കൾ, സിക്കുകാർ,

ക്രിസ്ത്യാനികൾ തുടങ്ങിയ വിവിധതരത്തിലുള്ള ആരാധകരുണ്ട്. അവർ ബാന്റ് കൊട്ടുകയൊ മറ്റെന്തെങ്കിലും ചെയ്യുകയോ ചെയ്തു കൊള്ളട്ടെ, ഇത്ര മനോഹരവും ദൈവത്തെ പരിപൂർണമായും പരി ചയപ്പെടുത്തുന്നതുമായ ഒരു ആരാധന ലോകത്ത് മറ്റൊരു ഗ്രന്ഥ ത്തിലും നിങ്ങൾക്ക് കാണാൻ സാധിക്കില്ല. നിങ്ങൾ നിങ്ങളുടെ ആരാധന ജനങ്ങളെ പഠിപ്പിക്കുക, ഞങ്ങളുടെ ആരാധന ഇതാ ണെന്ന് അവരോട് പറയുക, അവർക്ക് കാണിച്ചുകൊടുക്കുക. അങ്ങി നെയെങ്കിൽ എല്ലാവരുടെ മുമ്പിലും നിങ്ങൾക്ക് തലയുയർത്തി നിൽക്കാം. അല്ലാഹു എത്ര നല്ല ആരാധനയാണ് നമുക്ക് പഠിപ്പിച്ചു തന്നിട്ടുള്ളത്. മതത്തിന്റെ ലക്ഷ്യം ആരാധനയാണെങ്കിൽ, അത് നിങ്ങൾ നിർവഹിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഞങ്ങളോ ടൊപ്പം പങ്കുചേരുക. ആരാധനയുടെ തുടക്കം തന്നെ ഇസ്‌ലാമിന്റെ സത്യതക്കുള്ള തെളിവായിത്തീരുന്നു. ജനങ്ങൾ മതത്തിൽ എന്തി നാണ് വിശ്വസിക്കുന്നത്? കാരണം അത് അല്ലാഹുവുമായി ബന്ധി പ്പിക്കുന്നു. ഹിന്ദുക്കൾ, ക്രിസ്ത്യാനികൾ, യഹൂദികൾ, മുസ്‌ലിംകൾ തുടങ്ങി വിവിധ മതവിഭാഗങ്ങളുണ്ട്. അവരുടെ ലക്ഷ്യമെന്താണ്? മാർഗ ത്തെയാണ് മതം എന്നു പറയുന്നത്. അല്ലാഹുവിലേക്ക് എത്തിക്കുന്ന മാർഗമാണ് മതം. അതുകൊണ്ടാണ് വിശ്വസിക്കുന്നത്, അതാണ് ലക്ഷ്യവും. മറ്റെല്ലാം കഥകളാണ്.

നിങ്ങൾ ഇസ്‌ലാമിക നമസ്കാരത്തെ മറ്റുള്ളവർക്ക് കാണിച്ചു കൊടുത്തുകൊണ്ട് ചോദിക്കുക, നിങ്ങൾ എന്തിനാണ് മതത്തിൽ വിശ്വസിക്കുന്നത്? അല്ലാഹുവിന്റെ സാമീപ്യം കരസ്തമാക്കാനല്ലേ? അങ്ങിനെയെങ്കിൽ ഇതിനേക്കാൾ ഉത്തമമായ മറ്റൊരു മാർഗം പറഞ്ഞു തരിക. നിങ്ങളുടെ ആരാധന എന്താണ്? ഏതാണ് ഉത്ത മവും, വേഗത്തിൽ എത്തിക്കുന്നതും, കൂടുതൽ ഗുണപ്രദവുമായ മാർഗം എന്ന് നോക്കുക. അതിനെ സ്വീകരിക്കുക. ഇസ്‌ലാമിക പ്രബോധനത്തിന്റെ നിദർശനം കൂടിയാണ് നമസ്കാരം. നമസ് കാരം **വജ്ജഹ്ത്തു** കൊണ്ട് ആരംഭിക്കുക. എല്ലാ കാര്യങ്ങളും നിങ്ങളുടെ കൂട്ടുകാരെ പറഞ്ഞു മനസ്സിലാക്കുക. നോക്കുക സന്ദേശം എത്തിക്കുന്നതിനുള്ള എത്ര മനോഹരമായ മാർഗ മാണിത്. ഈ മാർഗമവലംബിക്കുക. ഇതിലൂടെ നിങ്ങൾക്ക് അല്ലാ ഹുവിനെ ലഭിക്കുന്നതാണ്.

# തഅവ്വുദ്

اَعُوذُ بِاللّٰهِ مِنَ الشَّيْطَانِ الرَّجِيمِ

*ഞാൻ അല്ലാഹുവിനോട് അഭയം തേടുന്നു. ശപിക്കപ്പെട്ട പിശാചിൽ നിന്ന്.*

ഇക്കാര്യം സ്ത്രീകൾക്ക് അവരുടെ രീതിയിലും പുരുഷന്മാർക്ക് അവരുടെ രീതിയനുസരിച്ചും മനസ്സിലാക്കാവുന്നതാണ്. നിങ്ങളുടെ കൈപിടിച്ച് നടക്കുന്ന ഒരു കുട്ടി ഓടി മുന്നോട്ട് പോകുകയും പെട്ടെന്ന് ഒരു പട്ടിയെ കാണുമ്പോൾ അതിനെ പേടിച്ച് വേഗത്തിൽ തിരിച്ച് വന്ന് നിങ്ങളെ കെട്ടിപ്പിടിക്കുകയും ചെയ്യും. എന്നിട്ട് ഈ പട്ടി എന്റെ പുറകിൽ കൂടിയിരിക്കുകയാണ്, എന്നെ എടുക്കുക എന്നും പറയും. ഇതിനെയാണ് അഭയം തേടുക എന്ന് പറയുന്നത്.

അല്ലാഹുവേ ഞാൻ നിന്റെ സംരക്ഷണത്തിൽ വരുന്നു. ആരിൽ നിന്ന്? പിശാചിൽ നിന്ന്. അഴിച്ചുവിട്ടിരിക്കുന്ന ഒരു പട്ടിയുണ്ട്. അത് എന്റെ പുറകിൽ കൂടിയിരിക്കുകയാണ്. നീ എന്നെ നിന്റെ മടിയിലെടുക്കുക. പട്ടികളിൽ നിന്ന് രക്ഷപ്പെടാൻ കുഞ്ഞിന് മാതാപിതാക്കൾ സഹായകരമാകുന്നതുപോലെ പിശാചിൽ നിന്ന് രക്ഷനേടാൻ അല്ലാഹുവാണ് സഹായകമാകുന്നത്. മാതാപിതാക്കൾ ഉപകാരപ്പെടുകയില്ല. അപ്പോൾ അല്ലാഹുവിനോട് അഭയം തേടുന്നു.

അല്ലാഹുവിനോട് അഭയം തേടുകയാണ്, അല്ലാഹുവേ നിന്റെ സംരക്ഷണത്തിൽ വരുന്നവരെ ഒന്നും ചെയ്യാൻ പിശാചിന് കഴിയില്ല. പിശാച് അല്ലാഹുവിനെ മാത്രമാണ് ഭയപ്പെടുന്നത്. മറ്റാരെയും ഭയപ്പെടുന്നില്ല അവൻ. അല്ലാഹുവിന്റെ സമീപത്തേക്ക് തന്നെ പോകുന്നതല്ല. അതുകൊണ്ടാണ് വിരട്ടപ്പെട്ടവൻ എന്ന് കൂടെ പറഞ്ഞത്. പട്ടിയെ ആരെങ്കിലും ഹുശ് എന്ന് പറഞ്ഞ് ഓടിക്കുകയാണെങ്കിൽ ആ പട്ടിയെ വിരട്ടപ്പെട്ടവൻ എന്നു പറയുന്നു. അപ്പോൾ കടന്നുപോകുക എന്ന് പറഞ്ഞ് അല്ലാഹു പിശാചിനെ ഓടിച്ച് വിട്ടതിനാൽ ഇനി പിശാച് അല്ലാഹുവിന്റെ അടുക്കൽ പോകില്ല. അപ്പോൾ ഞങ്ങൾ നിന്റെ അഭയത്തിൽ വരുന്നു, അല്ലാഹുവേ നീ ഞങ്ങളെ സംരക്ഷിക്കണേ, നീ വിരട്ടിയോടിച്ച പിശാചിൽ നിന്ന് ഞങ്ങളെ രക്ഷിക്കണേ. എവിടെയെല്ലാം പോകുന്നുവോ പിശാച്

അവിടെയെല്ലാം ഉണ്ടാകാം. നിന്റെ അടുത്ത് ഉണ്ടാവില്ല. ഇതാണ് اَعُوْذُ بِاللّٰهِ مِنَ الشَّيْطَانِ الرَّجِيْمِ എന്നതിന്റെ വിവക്ഷ. (ഉർദു ക്ലാസ്സ് 310, 11.10.1997)

# ബിസ്മില്ലാഹിർ റഹ്മാനിർ റഹീം

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ①

*റഹ്മാനും റഹീമുമായ അല്ലാഹുവിന്റെ നാമത്തിൽ*

ഇവിടെ രണ്ടു സിഫത്തുകൾ മാത്രമാണ് പരാമർശിച്ചിട്ടുള്ളത്. ഇതിനു മുമ്പ് എല്ലാ നന്മകളുടേയും ഉടമസ്ഥനായ, എല്ലാ ന്യൂനതകളിൽ നിന്നും പരിശുദ്ധനായ അല്ലാഹുവിനെ പരിചയപ്പെടുത്തുകയുണ്ടായി. ഇവിടെ റഹ്മാൻ റഹീം എന്നീ സിഫത്തുകൾ പരിചയപ്പെടുത്തുന്നു. അല്ലാഹു എന്ന നിന്റെ നാമം എല്ലാ ഗുണങ്ങളും ഉൾക്കൊള്ളുന്നതാണ്.

ഇവിടെ ബിസ്മില്ലായോടൊപ്പം രണ്ട് നാമങ്ങൾ ചേർത്ത് പറഞ്ഞിരിക്കുന്നു. അതിനർഥം അല്ലാഹു എന്നത് അവന്റെ തനതായ നാമമാകുന്നു. എന്നാൽ അവന് സിഫത്തുകൾ (സിശേഷ ഗുണങ്ങൾ) ധാരാളമുണ്ട്. അല്ലാഹുവിലുള്ള എല്ലാ ദൈവിക ഗുണങ്ങളുടേയും അടിസ്ഥാന സിഫത്തുകൾ റഹ്മാനും റഹീമുമാകുന്നു. എന്തു ചെയ്യുകയാണെങ്കിലും, മനസ്സിൽ എന്തുണ്ടെങ്കിലും **ബിസ്മില്ലാഹ്** അതായത് അല്ലാഹുവിന്റെ നാമത്തോടൊപ്പം എന്നു പറയുന്നത് മതിയായതാണ്. ഭക്ഷണം കഴിക്കാൻ തുടങ്ങുമ്പോഴും, യാത്ര പുറപ്പെടുമ്പോഴും, വസ്ത്രം ധരിക്കുമ്പോഴും بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ എന്ന് പറയുക. എന്ത് ചെയ്യുന്നതും ഈയൊരു ചെറിയ വചനത്തിലൂടെ ആയിരിക്കണം. അല്ലാഹുവിന്റെ നാമം എല്ലാത്തിനുമൊപ്പം ചേരുന്നതാണ്. പിശാചിൽ നിന്നും അല്ലാഹുവിന്റെ അഭയം തേടിക്കഴിഞ്ഞാൽ പിന്നെ അല്ലാഹുവിൽ നിന്ന് ചിലത് കരസ്ഥമാക്കേണ്ടതുണ്ട്. പിശാച് പോയപ്പോൾ കുട്ടികൾ ചെയ്യുന്നത് പോലെ, പെട്ടെന്ന് മടിയിൽ നിന്നിറങ്ങി ഓടുകയല്ല വേണ്ടത്. നായ വന്നപ്പോൾ ഓടി ഉപ്പായുടേയും ഉമ്മായുടേയും അടുത്ത് വന്നു, നായ പോയപ്പോൾ പെട്ടെന്ന് കാലിട്ടടിച്ച് ഞങ്ങളെ പോകാനനുവദിക്കുക എന്ന് പറയുന്നു.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ എന്നതിന്റെ അർഥം, അഊദു ബില്ലാഹിക്കു ശേഷം ഇനി അല്ലാഹുവിനോടൊപ്പം കഴിയണം. പിശാചിൽ നിന്ന് അഭയം തേടിയപ്പോൾ ഇനി അല്ലാഹുവിനോടൊപ്പം കഴിയണം. അല്ലാഹുവിനോടൊപ്പം കഴിയുന്നതിനും ചില പ്രയോജനങ്ങളുണ്ട്. ഒരു ഗുണം, എല്ലാ കാര്യങ്ങളിലും അല്ലാഹു ഉപകരിക്കും എന്നതാണ്. بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ എന്ന് പറഞ്ഞ് നിങ്ങൾ എന്ത് ചെയ്താലും, എന്ത് ഭക്ഷിച്ചാലും, എന്ത് കുടിച്ചാലും, എന്ത് പഠിച്ചാലും, എന്ത് കരസ്ഥമാക്കിയാലും, വസ്ത്രം ധരിച്ചാലും, സാധനങ്ങൾ വാങ്ങിയാലും അത് അനുഗ്രഹമുള്ളതായിത്തീരുന്നു. അല്ലാഹുവിന്റെ പേരിൽ ആർക്കും ചീത്ത കാര്യങ്ങൾ ചെയ്യാൻ കഴിയില്ല. ബിസ്മില്ലാഹ് എന്ന് പറഞ്ഞ് ചീത്തവസ്തു ഭക്ഷിക്കില്ല, ബിസ്മില്ലാഹ് പറഞ്ഞ് പലിശക്ക് കടം വാങ്ങില്ല, ബിസ്മില്ലാഹ് പറഞ്ഞ് വിരോധിച്ച കാര്യം ചെയ്യില്ല. അഊദുബില്ലാഹിക്കു ശേഷം ബിസ്മില്ലാഹ് നിങ്ങളുടെ മാർഗം ശരിയാക്കുന്നു. നല്ലതു മാത്രമേ ചെയ്യാൻ കഴിയൂ. മോശമായത് ചെയ്യാൻ കഴിയില്ല. കാരണം അല്ലാഹു കൂടെയുണ്ടാകും.

തുടർന്ന് അല്ലാഹുവിന്റെ രണ്ടു സിഫത്തുകളാണ്. ٱلرَّحۡمَٰنِ, ٱلرَّحِيمِ റഹ്മാൻ എന്ന് ആരെയാണ് പറയുന്നത്? ഇങ്ങിനെ പതുക്കെ പതുക്കെ സിഫത്തുകൾ പൊട്ടിപ്പുറപ്പെടുകയാണ്. അല്ലാഹുവിന്റെ നാമത്താൽ ആരംഭിച്ച് അല്ലാഹുവിന്റെ രണ്ട് സിഫത്തുകൾ മുന്നിൽ വരികയാണ്. ഇത് മറ്റെല്ലാ സിഫത്തുകൾക്കും ഉപരിയാണ് എന്ന് മനസ്സിലാകുന്നു. ചിന്തിക്കുകയാണെങ്കിൽ ഈ രണ്ട് സിഫത്തുകളിൽ നിന്നും അല്ലാഹുവിന്റെ മറ്റെല്ലാ സിഫത്തുകളും ലഭിക്കുന്നതാണ്. എന്താണ് സിഫത്തുകൾ? കേൾക്കുക, പറയുക, കാണുക, ചൂടനുഭവിക്കുക, തണുപ്പനുഭവിക്കുക, ഇതെല്ലാം സിഫത്തുകളാണ്. അതിനെ Attribute / Quality എന്ന് പറയുന്നു. അല്ലാഹുവിൽ കാണപ്പെടുന്ന സവിശേഷഗുണങ്ങളെയാണ് സിഫത്തുകൾ എന്നു പറയുന്നത്. (ഉർദു ക്ലാസ്സ്: നമ്പർ 309, 10.10.97)

# സൂറഃ ഫാത്തിഹഃ

നമസ്കാരത്തിന്റെ കേന്ദ്രബിന്ദു, നമസ്കാരത്തിന്റെ ഏറ്റവും സുപ്രധാനമായ ഭാഗം സൂറഫാത്തിഹഃയാകുന്നു. അത് വിശുദ്ധ ഖുർആന്റെ മാതാവാണെന്നാണ് ഹദീസിൽ വന്നിട്ടുള്ളത്. എങ്ങ

നെയാണ് മാതാവായത്? ചെറിയ അദ്ധ്യായം, ആകെ 7 വചനങ്ങളാണതിലുള്ളത്. ഇതെങ്ങനെയാണെന്നത് മാതാക്കൾക്ക് പറഞ്ഞു തരാൻ കഴിയുമോ? അലിഫ് മുതൽ അന്നാസിന്റെ സീൻ വരെയുള്ള വിശുദ്ധഖുർആൻ ഒരു വലിയ ഗ്രന്ഥമാകുന്നു. ധാരാളം വിഷയങ്ങൾ അതിൽ ഉൾക്കൊള്ളുന്നു. എന്നാൽ സൂറഃ ഫാതിഹഃ അതിന്റെ മാതാവാകുന്നു എന്നാണ് നബി തിരുമേനി(സ) പറയുന്നത്.

മാതാവിന്റെ ovum എത്ര ചെറുതാണ്. അതിൽ എല്ലാ പ്രാഥമിക blueprintകളും അടങ്ങിയിരിക്കുന്നു. അതിൽ നിന്ന് ജനിക്കുന്ന കുട്ടി എത്ര വലുതാണ്. അപ്പോൾ ആ blueprint സൂറഃ ഫാതിഹഃയാകുന്നു. സ്വയം ചെറുതാണെങ്കിലും അതിനുള്ളിൽ മുഴുവൻ വിശുദ്ധ ഖുർആനിലെ കാര്യങ്ങളും അടങ്ങിയിരിക്കുന്നു. അതിൽ ധാരാളം തെളിവുകളുമുണ്ട്. വിശദമായ ആ ചർച്ച ഇവിടെ സാധ്യമല്ല.

മാതാവിന്റെ വയറ്റിൽ ചെറിയ ബീജമുണ്ടാകുന്നു. അതിനുള്ളിൽ പിന്നീട് ജനിക്കുകയും വളരുകയും ചെയ്യുന്ന മനുഷ്യന്റെ രൂപം അടങ്ങിയിരിക്കും. നഗ്നനേത്രങ്ങൾ കൊണ്ട് കാണാൻ പറ്റാത്തത്ര സൂക്ഷ്മമാണത്. അങ്ങനെ വലിയ വസ്തുക്കളുടെ എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുമ്പോഴാണ് ചെറിയ വസ്തുക്കൾ വലിയ വസ്തുക്കളുടെ മാതാവാകുന്നത്. കുട്ടി വളർച്ച പ്രാപിച്ചുകഴിഞ്ഞാൽ ആ ബീജത്തിനുള്ളിൽ അല്ലാഹു ഉണ്ടാക്കിയ രൂപം വെളിപ്പെടാൻ തുടങ്ങുന്നു. അങ്ങനെ ആ കുട്ടി പതുക്കെ പതുക്കെ ജനങ്ങൾക്ക് ദൃശ്യമാകുന്നു.

എന്നാൽ ആ കുട്ടിയിലുള്ള എല്ലാ കാര്യങ്ങളും അതായത് കണ്ണ്, കാത്, മൂക്ക്, രക്തം, വയറ്, കയ്യ്, ആന്തരികാവയവങ്ങൾ, വൃക്കകൾ, കഴുത്തിലെ ഗ്രന്ഥികൾ, കരൾ ഇവയെല്ലാം തന്നെ കുട്ടി വളരാൻ തുടങ്ങുന്ന മാതാവിന്റെ വയറ്റിലുള്ള അണ്ഡകോശവുമായി പുരുഷന്റെ ബീജം കുടിച്ചേർന്നാണ് രൂപംകൊള്ളുന്നത്. ഈ അണ്ഡകോശം മനുഷ്യരുടെ മാതാവാകുന്നു. മനുഷ്യരുടെ എല്ലാ കാര്യങ്ങളും അതിൽ ഉൾക്കൊള്ളുന്നു.

ഇതേപോലെ സൂറഃ ഫാതിഹഃയിൽ ചിന്തിക്കുന്തോറും വിശുദ്ധ ഖുർആന്റെ എല്ലാ കാര്യങ്ങളും അതിൽ കാണാൻ കഴിയുന്നു. സൂറഃ ഫാതിഹഃയിലുള്ള വിഷയത്തിന്റെ സഹായത്താൽ വിശുദ്ധ ഖുർആൻ കൂടുതൽ മനസ്സിലാക്കാൻ സാധിക്കുന്നു.

(ഉർദു ക്ലാസ്സ്: നമ്പർ 310, 11.10.97)

മറ്റൊരു ഉർദു ക്ലാസിൽ ഹുദൂർ(റഹ്) പറഞ്ഞു, റഹ്മാൻ എന്നതിന് രണ്ടർഥമുണ്ട്, (1) ഏറ്റവും കൂടുതൽ കരുണ ചെയ്യുന്നവനെ റഹ്മാൻ എന്ന് പറയുന്നു. (2) ആവശ്യപ്പെടാതെ നൽകുന്നവൻ. ആരും ഒന്നും തന്നെ ആവശ്യപ്പെട്ടിട്ടില്ല, എന്നിട്ടും നൽകുന്നു. ആകാശഭൂമികളെ സൃഷ്ടിച്ചവൻ എന്നത് ഇതിൽ നിന്നാണ് കിട്ടുന്നത്. അർറഹ്മാൻ എന്നാൽ ആരും ആവശ്യപ്പെടാതിരുന്നിട്ടുകൂടി നൽകുന്നവൻ. മാതാക്കൾ കുട്ടികൾക്ക് ജന്മം നൽകുന്നു. എന്നെ ജനിപ്പിക്കൂ എന്നാവശ്യപ്പെടാൻ അപ്പോൾ കുട്ടി ഉണ്ടായിരിക്കില്ല. അതിനാൽ കുട്ടികൾ വളരുന്ന മാതാവിന്റെ ആ ഭാഗത്തിന് രിഹം (ഗർഭാശയം) എന്നു പറയുന്നു. രണ്ടും ഒന്നിൽ നിന്ന് നിഷ്പന്നമായിട്ടുള്ളതാണ്. നബി തിരുമേനി(സ) പറഞ്ഞു, റഹ്മാനും രിഹമും രണ്ടിന്റേയും മൂലവാക്ക് ഒന്ന് തന്നെയാണ്.

മനുഷ്യനിൽ ഏറ്റവും കൂടുതൽ കരുണ ചെയ്യുന്നത് മാതാവാണ്. ആവശ്യപ്പെടാതെ നൽകുന്നതും മാതാവാണ്. പാല് ചോദിക്കാൻ കഴിയാതിരിക്കുമ്പോഴും, സ്വയം ആവശ്യം പൂർത്തിയാക്കാൻ സാധിക്കാത്തപ്പോഴും, ഒന്നും പറയാൻ കഴിയാതിരിക്കുമ്പോഴും കുട്ടികളുടെ ആവശ്യങ്ങൾ മാതാവ് തന്നെ പൂർത്തിയാക്കുന്നു.

അപ്പോൾ റഹ്മാൻ എന്നതിന്റെ ഒരർഥം ഏറ്റവും കൂടുതൽ, ആർക്കും സങ്കൽപിക്കാൻ പോലും കഴിയാത്ത നിലയിൽ, അതിരില്ലാതെ കരുണ ചെയ്യുന്നവൻ എന്നാണ്. അതോടൊപ്പം ആവശ്യപ്പെടാതെ നൽകുന്നവനും. ഇതാണ് റഹ്മാൻ. അത്കൊണ്ട് اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۝ الرَّحْمٰنِ الرَّحِيْمِ۝ എന്ന് പറയുമ്പോൾ ആ അല്ലാഹുവിന്റെ എത്രത്തോളം ഔദാര്യങ്ങളാണുള്ളത്.

## റബ്ബുൽ ആലമീൻ

മുഴുലോകത്തേയും പരിപാലിക്കുന്നു. ഡൈനോസറിനെയും അവനാണ് പരിപാലിച്ചത്. ഡൈനോസറിന് ചോദിക്കാതെ നൽകുന്നവനുമായി എന്തു ബന്ധമാണുള്ളത്? അല്ലാഹു അനേകായിരം വർഷങ്ങൾക്കുമുമ്പ് ഡൈനോസറിനെ സൃഷ്ടിച്ചു. അവയെകൊണ്ട് ഭൂമി നിറഞ്ഞു. നോക്കിയാൽ ഒന്നും മനസ്സിലാകില്ലായിരുന്നു. ലോകത്ത് മുഴുവനും വലിയ വലിയ ഡൈനോസറുകളായിരുന്നു.

G.Park മുഴുവനും തിന്നുകയായിരുന്നു. പിന്നീട് കാലാവസ്ഥയിൽ പരിവർത്തനം ഉണ്ടായി. സമുദ്രത്തിൽ മുകളിൽ നിന്ന് പ്രപഞ്ചത്തിന്റേയും Meteorsന്റേയും മഴ വർഷിച്ചു. വലിയൊരു Meteors സമുദ്രത്തിന്റെ നടുക്ക് പതിച്ചു. അതിൽ വടക്കുനിന്ന് തെക്ക്വരെ ഒരു നിരയിൽ കൊടുങ്കാറ്റ് ഉയർന്നു. അത് ഒരു നീണ്ടകാലം - ഒരു ലക്ഷം വർഷമോ അല്ലെങ്കിൽ അതിനടുത്ത കാലമോ - അന്തരീക്ഷത്തിൽ മഞ്ഞ് സൃഷ്ടിച്ചു. സൂര്യൻ (സൂര്യരശ്മി) അതിൽ തട്ടി താഴെ പതിക്കാതെ തിരിച്ച് പോകുമായിരുന്നു. താഴെയുള്ള ഉഷ്ണം അവിടെ തന്നെ തങ്ങിനിന്നു. അങ്ങിനെ അന്തരീക്ഷം മാറി. ഡൈനോസറിന്റെ ജീവിതവിഭവങ്ങൾ നശിച്ചൊടുങ്ങി. അതോടൊപ്പം ഡൈനോസറും ചത്തൊടുങ്ങി. ഇന്ന് നാം ഉപയോഗിക്കുന്ന എണ്ണ ആ ഡൈനോസറുകളിൽ നിന്നുള്ളതാണ്.

അപ്പോൾ വനങ്ങളിൽ മറഞ്ഞിരുന്ന, ഭാവിയിൽ ജീവിതം നിലനിർത്തേണ്ട ജീവികൾ, ഡൈനോസർ ഭാഗ്യത്തിന് ഇവിടുന്ന് പോയി എന്നും പറഞ്ഞ് പുറത്ത് വന്നു. പുറത്തിറങ്ങി ലോകത്ത് വ്യാപിക്കുകയും വളരുകയും ചെയ്തു. പിന്നീട് കുരങ്ങൻ ഉണ്ടായി, പിന്നീട് മനുഷ്യനുണ്ടായി. ഇതാണ് ഡൈനോസറും ആവശ്യപ്പെടാതെ നൽകുന്നവനും തമ്മിലുള്ള ബന്ധത്തിന്റെ കഥ.

(ഉർദു ക്ലാസ്സ്: നമ്പർ 308, 8.10.97)

സൂറഃ ഫാതിഹഃ ആരംഭിക്കുന്നതിനു മുമ്പുള്ള بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ എന്നതിലെ റഹ്മാൻ, റഹീം എന്നത് ആകാശഭൂമികളെ സൃഷ്ടിക്കുകയും പ്രകൃതിനിയമങ്ങൾ നടപ്പിലാക്കുകയും ചെയ്തവനെയാണ് സൂചിപ്പിക്കുന്നത്. മുഴുവൻ പ്രപഞ്ചത്തേയും സൃഷ്ടിക്കുകയും തന്റെ അനുഗ്രഹങ്ങൾ ആവർത്തിച്ചാവർത്തിച്ച് വെളിപ്പെട്ടുകൊണ്ടിരിക്കുന്ന തരത്തിൽ പ്രകൃതിനിയമങ്ങളെ സൃഷ്ടിച്ച അല്ലാഹുവിന്റെ നാമത്തിൽ. വീണ്ടും വീണ്ടും കാരുണ്യം ചെയ്യുന്നവൻ എന്നതാണ് റഹീമിന്റെ അർഥം. ഉദാഹരണമായി, വിത്തുകളുടെ കാലം, വസന്തകാലം, ഹേമന്തകാലം, ഉഷ്ണകാലം, ശൈത്യകാലം എന്നിവ മാറിമാറി വന്നു കൊണ്ടിരിക്കുന്നു. ഇത് അവന്റെ റഹീമിയത്തിന്റെ ഭ്രമണമാണ്. ഭൂമിയിലും അന്തരീക്ഷത്തിലും മനുഷ്യന് ഉപകാരപ്രദമായ എല്ലാം തന്നെ അവൻ നൽകിയിരിക്കുന്നു.

റഹ്മാൻ എന്നു പറഞ്ഞാൽ ചോദിക്കാതെ നൽകുന്നവൻ. ചോദിക്കാതെ തന്നെ നൽകുന്നവൻ അതിരില്ലാതെ കരുണ ചെയ്യുന്നവനാണ്. അവൻ എല്ലാം തന്നെ നൽകി. അഥവാ എന്തെങ്കിലും അവശേഷിപ്പിച്ചിരുന്നുവെങ്കിൽ റഹ്മാൻ ആകുമായിരുന്നില്ല. ഈ പ്രപഞ്ചത്തെ സൃഷ്ടിക്കുകയും, കോടിക്കണക്കിന് വർഷങ്ങൾക്കു ശേഷം ആവശ്യമായി വരുന്ന വസ്തുക്കൾ ആദ്യമേ തന്നെ സൃഷ്ടിക്കുകയും ചെയ്തു. ഉദാഹരണമായി, രസതന്ത്രവ്യവസ്ഥിതി, ആകാശഭൂമിയുടെ ഭ്രമണം, കാലാവസ്ഥകളുടെ സ്വാധീനം, വൈദ്യുതിയുടെ വ്യവസ്ഥിതി തുടങ്ങിയവ. അതൊന്നും തന്നെ അല്ലാഹുവിനോട് ചോദിച്ചിട്ടില്ല. അവൻ സ്വയംതന്നെ നൽകിയതാണ്. നിയന്ത്രിക്കാൻ കഴിയാതത്ര, ഇതിൽ കൂടുതൽ ആവശ്യപ്പെടേണ്ടിവരാത്തത്രയും തന്നെ നൽകിയവൻ. ഒരു പ്രാവശ്യം തന്നു എന്നുകരുതി പിന്നീട് അത് നിറുത്തിക്കളയുന്നില്ല. അവനുമായി ബന്ധം സ്ഥാപിക്കുന്നതിന് മനുഷ്യന്റെ കുറച്ച് പ്രയത്നവും അവന്റെ ആവർത്തിച്ചുള്ള അനുഗ്രഹവുമുള്ള എന്തെങ്കിലും വസ്തു ഉണ്ടാകേണ്ടതാണ്.

റഹീമിയത്തിന്റെ അനുഗ്രഹങ്ങളെ വീണ്ടും വീണ്ടും കൊണ്ടുവരുന്നവനാണ് റഹീം. വീണ്ടും വീണ്ടും വരുന്നതിനായി അല്പം നിങ്ങൾക്കും പ്രയത്നിക്കേണ്ടതായി വരും. നിങ്ങൾ അല്പം പ്രയത്നിക്കുക, ഫലം അല്ലാഹു നൽകുന്നതാണ്. ഇത് റഹ്മാനിയത്തിന്റേയും റഹീമിയത്തിന്റേയും സംയുക്ത ഫലമാകുന്നു.

ഇനി സൂറഃ ഫാതിഹഃ ആരംഭിക്കുന്നു. സൂറഃ ഫാതിഹഃയിലും നമുക്ക് റബ്ബിനേയും, റഹ്മാനേയും, റഹീമിനേയും കാണാൻ സാധിക്കുന്നു. ഈ റഹ്മാനെ സൂറഃ ഫാതിഹഃയിൽ വീണ്ടും എന്തിന് കൊണ്ടു വന്നു? എന്ന് ചോദ്യം ഉദ്ഭവിക്കാവുന്നതാണ്? (ഇതിൽ ആത്മീയ ഉപഹാരങ്ങളെക്കുറിച്ചും പരിപാലനത്തെക്കുറിച്ചുമുള്ള പരാമർശമാണ്) പ്രപഞ്ചത്തെ സൃഷ്ടിക്കുകയും ആവശ്യങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു എന്നുള്ളത് റഹ്മാന്റെ ഒരു നിർവചനമാണ്. എന്നാൽ വിശുദ്ധ ഖുർആൻ ഒരു അത്ഭുത ഗ്രന്ഥമാണ്. ഒന്നും തന്നെ അവശേഷിപ്പിക്കുന്നില്ല, എല്ലാം അതിൽ നിക്ഷിപ്തമാണ്. അതുകൊണ്ടാണ് അതിനെ സംബന്ധിച്ച് مَالِ هٰذَا الْكِتٰبِ لَا يُغَادِرُ صَغِيْرَةً وَّلَا كَبِيْرَةً اِلَّآ اَحْصٰىهَا എന്നു പറഞ്ഞിട്ടുള്ളത്. ഖിയാമത്ത്

നാളിൽ ജനങ്ങൾ പറയും, ഇത് വിചിത്രമായ ഗ്രന്ഥമാകുന്നു. ചെറുതും വലുതുമായ ഒന്നുംതന്നെ അത് വിട്ടുകളഞ്ഞിട്ടില്ല.

റഹ്മാനെ സംബന്ധിച്ച് വിശുദ്ധഖുർആനിൽ പരാമർശമുണ്ട്. വിശുദ്ധഖുർആനിലുള്ളത് ലോകത്തുള്ള മറ്റൊരു ഗ്രന്ഥത്തിലുമില്ല. اَلرَّحْمٰنُ ۙ﴿۱﴾ عَلَّمَ الْقُرْاٰنَ ؕ﴿۲﴾ خَلَقَ الْاِنْسَانَ ۙ﴿۳﴾ عَلَّمَهُ الْبَيَانَ ﴿۴﴾ അർറഹ്മാൻ എന്നാൽ ഭൗതീക പ്രപഞ്ചത്തെ മാത്രം സൃഷ്ടിച്ചവനെന്നല്ല. ഈ പ്രപഞ്ചത്തെ മനസ്സിലാക്കുന്നതിനായി റഹ്മാൻ മനുഷ്യനെ സൃഷ്ടിച്ചു. (اَلرَّحْمٰنُ ۙ﴿۱﴾ عَلَّمَ الْقُرْاٰنَ ؕ﴿۲﴾ خَلَقَ الْاِنْسَانَ ۙ﴿۳﴾) മുഴുലോകവും സൃഷ്ടിപ്പിനെ കുറിച്ച് പറയുമ്പോൾ സ്രഷ്ടാവിന്റെ ഏത് ഗുണമാണ് പറയുക? ലോകത്തുള്ള ഒരു ഗ്രന്ഥവുംതന്നെ റഹ്മാനെ സൃഷ്ടിപ്പുമായി ബന്ധപ്പെടുത്തിയിട്ടില്ല. ഖുർആൻ മാത്രമാണ് റഹ്മാനെ കുറിച്ച് പറയുകയും അതോടൊപ്പം മനുഷ്യ സൃഷ്ടിപ്പിനെക്കുറിച്ച് പരാമർശിക്കുകയും ചെയ്തിട്ടുള്ളത്. ഇതിൽ എന്ത് തത്വമാണ് ഉള്ളത്? ലോകത്തുള്ള ഒരു മതഗ്രന്ഥത്തിലും തന്നെ, റഹ്മാനാണ് സൃഷ്ടിച്ചത് എന്ന് പറയുന്നില്ല. സ്രഷ്ടാവ് സൃഷ്ടിച്ചു, അല്ലെങ്കിൽ ദൈവം സൃഷ്ടിച്ചു എന്നാണത് പറയുന്നത്. വിശുദ്ധഖുർആൻ മാത്രമാണ് എല്ലാറ്റിൽ നിന്നും വ്യത്യസ്തമായി കാര്യങ്ങൾ പറയുന്നത്. അത് പറയുന്നു, (اَلرَّحْمٰنُ ۙ﴿۱﴾ عَلَّمَ الْقُرْاٰنَ ؕ﴿۲﴾ خَلَقَ الْاِنْسَانَ ۙ﴿۳﴾) ഇതിലെന്ത് യുക്തിയാണുള്ളത്?

ഒന്നാമത്തെ കാര്യം, റഹ്മാനിയത്തിന്റെ ഫലമായി സൃഷ്ടിച്ച പ്രപഞ്ചത്തിന്റെ ഉന്നതലക്ഷ്യം മനുഷ്യനെ സൃഷ്ടിക്കുക എന്നതായിരുന്നു. റഹ്മാനായ അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചില്ലായിരുന്നുവെങ്കിൽ പ്രപഞ്ചത്തിന്റെ യാതൊരു ഉപയോഗവും ഉണ്ടാകുമായിരുന്നില്ല. മനുഷ്യനെ മൃഗങ്ങളിൽ നിന്നും വ്യതിരിക്തമാക്കുന്നതിനുവേണ്ടിയാണ് പ്രപഞ്ചത്തെ സൃഷ്ടിച്ചത്. ഏറ്റവും സാമർഥ്യമുള്ള മൃഗത്തിന് പോലും പ്രപഞ്ചത്തെ മനസ്സിലാക്കാൻ സാധിക്കില്ല. റഹ്മാനിയത്ത് എവിടെയെല്ലാമാണ് വെളിപ്പെടുന്നതെന്ന് അതിന് മനസ്സിലാക്കാൻ കഴിയില്ല. മനുഷ്യൻ മാത്രമാണ് എല്ലാ ജീവികളെ സംബന്ധിച്ചുമുള്ള വിഷയങ്ങളും സ്വരുക്കൂട്ടിയിട്ടുള്ളത്. ഉദാഹരണമായി, സിംഹം, റഹ്മാനിയത്തിന്റെ ഫലമായിട്ടാണെന്ന് ഏതെങ്കിലും കുരങ്ങന് പറയാൻ കഴിയുമോ? നായയെ സംബന്ധിച്ച് ഇത് റഹ്മാനിയത്തിന്റെ ഫലമാണെന്ന് ഏതെങ്കിലും കാക്ക

യ്ക്ക് ചിന്തിക്കാൻ കഴിയുമോ? സ്വന്തം അസ്ഥിത്വത്തെ കുറിച്ചറിയാമെന്നല്ലാതെ മുഴുവൻ പ്രപഞ്ചത്തെകുറിച്ചുമുള്ള അറിവില്ല. മനുഷ്യനെ ഒഴിച്ചു നിർത്തിയാൽ, മറ്റ് ജീവജാലങ്ങളിൽ അല്ലാഹുവിന്റെ റഹ്മാനിയത്തിന്റെ ചെറിയ ഒരംശം മാത്രമേ ഉള്ളൂ. അതിനാൽ അല്ലാഹു എന്തെല്ലാമാണ് നൽകിയിട്ടുള്ളത് എന്ന് മനസ്സിലാക്കാൻ സാധ്യമല്ല. അതിനാൽ അല്ലാഹുവിന് മനുഷ്യനെ സൃഷ്ടിക്കണമായിരുന്നു. കാരണം അല്ലാഹുവിന്റെ റഹ്മാനിയത്തിന്റെ പ്രകടനം മനുഷ്യസൃഷ്ടിപ്പിനെ അനിവാര്യമാക്കുന്നു. എണ്ണ, കൽക്കരി, രത്നം, ഡൈനോസോർ, മരങ്ങൾ തുടങ്ങിയ സമ്പത്തുകളിൽ നിന്നും മൃഗങ്ങൾ എന്തു പ്രയോജനമാണ് എടുക്കുക? വസ്തുക്കൾ ഉണ്ടാക്കി എന്നാൽ അത് ആർക്കും പ്രയോജനപ്പെടാതിരിക്കുന്നതെങ്ങനെ?. ഉദാഹരണമായി, ഏതെങ്കിലും നായ്ക്കുട്ടി വിമാനം പറത്തുന്നതായി കണ്ടിട്ടുണ്ടോ? അല്ലാഹുവിന്റെ റഹ്മാനിയത്തിൽ നിന്ന് പ്രയോജനമെടുക്കാൻ ആരുമില്ലായെങ്കിൽ പിന്നെ ആ റഹ്മാനിയത്ത് എന്തിനുപകരിക്കും? എല്ലാ കാര്യങ്ങളും മനുഷ്യനിൽ ഒത്തുചേരുന്നു. അവൻ മുഴുവൻ പ്രപഞ്ചത്തേയും പ്രയോജനപ്പെടുത്തുന്നു. അതുകൊണ്ടാണ് അല്ലാഹു പറയുന്നത്,

اَلرَّحْمٰنُ ۝١ عَلَّمَ الْقُرْاٰنَ ۝٢ خَلَقَ الْاِنْسَانَ ۝٣ عَلَّمَهُ الْبَيَانَ ۝٤ ഒരു ഗ്രന്ഥും റഹ്മാനിൽ നിന്ന് ഇറക്കപ്പെട്ടതാണെന്ന് അവകാശപ്പെടുന്നില്ല. അഥവാ റഹ്മാനാണ് ബൈബിൾ ഇറക്കിയത്, ഗീത ഇറക്കിയത് എന്നെവിടേയും കാണില്ല. ഖുർആൻ മാത്രമാണ് اَلرَّحْمٰنُ ۝١ عَلَّمَ الْقُرْاٰنَ ۝٢ എന്ന് പറയുന്നത്. അപ്പോൾ عَلَّمَ الْقُرْاٰنَ ആത്മീയ പ്രപഞ്ചമായി. പ്രപഞ്ചത്തെ സൃഷ്ടിച്ച അതേ റഹ്മാൻ ആത്മീയപ്രപഞ്ചത്തേയും സൃഷ്ടിച്ചു. ആത്മീയപ്രപഞ്ചത്തെ മനസ്സിലാക്കുന്നതിന്നായി മനുഷ്യനെ സൃഷ്ടിക്കേണ്ടത് അനിവാര്യമായിരുന്നു. ഒരു മൃഗത്തിനും ഖുർആൻ മനസ്സിലാക്കാൻ സാധിക്കില്ലല്ലോ? ആദ്യം മനുഷ്യനും മനസ്സിലാക്കാൻ കഴിയില്ലായിരുന്നു. അതിനാൽ അവരുടെ ഗ്രന്ഥങ്ങളിൽ ഒന്നും തന്നെ നാം ഗീത നൽകി എന്ന വാദമില്ല. കാരണം അവർ പരിപൂർണത കൈവരിച്ചിരുന്നില്ല. അതിനാൽ ഖുർആൻ മനസ്സിലാക്കാൻ കഴിയുമായിരുന്നില്ല. ഖുർആൻ അവർക്ക് നൽകി എന്നും പറയുന്നില്ല. ക്രിസ്ത്യാനികളും സർതിഷ്തുകളും യഹൂദികളുമായ മുൻ മനുഷ്യർക്ക് നൽകിയില്ല. അൽഇൻസാൻ പരി

പൂർണ മനുഷ്യൻ റസൂൽ തിരുമേനി(സ) ആയിരുന്നു. ഖുർആൻ മനസ്സിലാക്കേണ്ട അദ്ദേഹം പിന്നീടായിരുന്നു വരേണ്ടിയിരുന്നത്. അദ്ദേഹത്തിനായിരുന്നു ഖുർആൻ ലഭിക്കേണ്ടിയിരുന്നത്. അപ്പോൾ **ഖലഖൽ ഇൻസാന**യ്ക്ക് രണ്ട് അർഥമാകുന്നു.

اَلرَّحْمٰنُ ۙ﴿۲﴾ عَلَّمَ الْقُرْاٰنَ ؕ﴿۳﴾ خَلَقَ الْاِنْسَانَ ۙ﴿۴﴾ عَلَّمَهُ الْبَيَانَ ﴿۵﴾ അവൻ മനുഷ്യനെ സൃഷ്ടിച്ചു. പിന്നീട് അവനെ ഭാഷണം പഠിപ്പിച്ചു. വിശുദ്ധ ഖുർആന്റെ വിഷയങ്ങൾ അതിലെ പ്രകാശം കരസ്ഥമാക്കുക, അതുമുഖേന ലോകത്ത് സംഭവിക്കുന്ന കാര്യങ്ങൾ പരസ്പരം വ്യത്യാസപ്പെടുത്തുന്നു. ഇതെല്ലാം ബയാനിൽപ്പെട്ട കാര്യങ്ങളാകുന്നു. തന്റെ ഉദ്ദേശ്യത്തെ സ്പഷ്ടമാക്കുന്നത് എന്നതാണ് ബയാന്റെ മറ്റൊരു വിവക്ഷ. ഹൃദയത്തിലെ കാര്യങ്ങളെ തുറന്ന് അവതരിപ്പിക്കുന്നതിനേയാണ് ബയാൻ എന്നു പറയുന്നത്. എന്താണ് ബയാൻ? ഒരു വസ്തു മറ്റൊരു വസ്തുവിൽ നിന്ന് വ്യതിരിക്തമാക്കുക. ബാന എന്നു പറഞ്ഞാൽ തുറന്ന് സംസാരിക്കുക, സ്പഷ്ടമായ വ്യതിരിക്തത എന്നൊക്കെയാണ് അർഥം.

اَلرَّحْمٰنُ ۙ﴿۲﴾ عَلَّمَ الْقُرْاٰنَ ؕ﴿۳﴾ خَلَقَ الْاِنْسَانَ ۙ﴿۴﴾ عَلَّمَهُ الْبَيَانَ ﴿۵﴾ ഈ ഭാഷണം അവനെ സംസാരിക്കുന്നതിനുള്ള വിവേകം പഠിപ്പിച്ചു. അവനെ തന്റെ ഉദ്ദേശ്യം പ്രകടിപ്പിക്കാൻ പഠിപ്പിച്ചു. അവന് നന്മയും തിന്മയും തമ്മിലുള്ള വകഭേദം പഠിപ്പിച്ചു. ഇതിനെയെല്ലാം ബയാൻ എന്നാണ് പറയുന്നത്. ഹൃദയത്തിലുള്ളത് തുറന്ന് പറയുന്നതിനെ സംഭാഷണ കഴിവ് എന്നു പറയുന്നു. (ഉർദു ക്ലാസ്സ്: 313, 21.10.97)

ഇതുവരെ ഭൗതികലോകത്തെകുറിച്ചായിരുന്നു പറഞ്ഞിരുന്നത്, ഇനി ആത്മീയ ലോകത്തെ കാര്യങ്ങളാണ് പറയാൻ ആരംഭിക്കുന്നത്. പരിപാലനത്ത്വം രണ്ട് വിധത്തിലാണുള്ളത്. ആദ്യത്തെ പരിപാലനം കുട്ടിയെ ഭക്ഷണം കഴിപ്പിക്കുന്നതായിരുന്നു. രണ്ടാമത്തേത്, വലുതായപ്പോൾ മര്യാദകൾ പഠിപ്പിച്ചു. اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ എന്ന് പറയുമ്പോൾ നാം രണ്ടാമത്തെ പരിപാലനത്തിലേക്ക് കടക്കുന്നു. മൃഗങ്ങൾക്കും, കീടങ്ങൾക്കും, പ്രാണികൾക്കും ഭക്ഷണം നൽകുക എന്നതായിരുന്നു ആദ്യ പരിപാലനം. ഇപ്പോൾ ആ പരിപാലനം വളർച്ച പ്രാപിച്ച് അറിവിന്റെ പരിപാലനത്തിലെത്തി. ഈ പരിപാലനം മുഴുലോകത്തിനും അല്ലാഹു നൽകിയിട്ടുണ്ട്. മതത്തിൽ അത്

പുരോഗതി പ്രാപിച്ച് ഇസ്‌ലാം വരെയെത്തി. നാഗരികതയിലും സംസ്കാരത്തിലും പുരോഗതി കൈവരിച്ചുകൊണ്ട് വിവിധ സംസ്കാരങ്ങളിലൂടെ കടന്നുപോയി. മനുഷ്യൻ പഠിക്കുകയും കരസ്ഥമാക്കുകയും ചെയ്ത അറിവുകൾ കാരണത്താൽ റബ്ബുൽ ആലമീനെ സ്തുതിക്കേണ്ടതാണ്. റബ്ബുൽ ആലമീൻ എന്നതിൽ ചിന്തിക്കുമ്പോൾ, ഏറ്റവും ഉത്തമമായ ശിക്ഷണം നൽകിയത് ഖുർആനാണെന്ന് മനസ്സിലാകും. മനുഷ്യനെ മനുഷ്യനാക്കുന്നതിനായി ആവശ്യമുള്ളതെല്ലാം അതിൽ ഒരുമിച്ച് കൂടിയിരിക്കുന്നു. ഏറ്റവും ഉത്തമശിക്ഷണം നൽകിയതും മുഹമ്മദ്(സ) ആകുന്നു. ഏറ്റവും കൂടുതൽ അറിവ് പഠിപ്പിച്ചതുമായ നബി, മുഹമ്മദ്(സ) ആകുന്നു.

അല്ലാഹുവിന്റെ സ്തുതിയാണ് യഥാർഥസ്തുതി. അല്ലാഹു സ്തുതിക്കുന്നവൻ മാത്രമാണ് സ്തുത്യർഹൻ. മുഴുവൻ പ്രപഞ്ചത്തേയും ശിക്ഷണത്തിലൂടെ അതിനിസ്സാരമായ അവസ്ഥയിൽ നിന്ന് വളർത്തി ഉന്നതമായ അവസ്ഥയിൽ എത്തിച്ചു എന്നത് അവൻ സ്തുത്യർഹനാണെന്നതിന് തെളിവാകുന്നു. പിന്നീട് ഏറ്റവും ഉന്നത കലാലയമായ ഖുർആൻ നടപ്പിൽ വരുത്തുകയും അതിൽ എല്ലാ അറിവുകളും ഉൾക്കൊള്ളിക്കുകയും ചെയ്തു. വിശുദ്ധ ഖുർആനിൽ പരാമർശിക്കപ്പെടാത്ത ഒരു അറിവും ലോകത്തില്ല എന്നാണ് മസീഹ് മൗഊദ്(അ) പറഞ്ഞത്. എല്ലാത്തിനെകുറിച്ചും എല്ലാത്തിന്റേയും ഗുണങ്ങളെ കുറിച്ചും പരാമർശിക്കുന്നു. ഉന്നതപദവിയിലുള്ള മനുഷ്യനാകുന്നതിന് അനിവാര്യമായതെല്ലാം ഖുർആനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. അപ്പോൾ വീണ്ടും വിഷയം ആരംഭിക്കുന്നു.

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ശേഷം الرَّحۡمٰنِ الرَّحِيۡمِ. ഖുർആനിൽ വീണ്ടും ചിന്തിക്കുമ്പോൾ റഹ്മാന്റെ മറ്റൊരു പ്രതാപം കാണാൻ സാധിക്കുന്നു. മനുഷ്യന് അതിരില്ലാത്ത കാരുണ്യം ചെയ്തുകൊണ്ട് ആവശ്യപ്പെടാതെ തന്നെ അവൻ ഖുർആൻ നൽകി. ഈ വിഷയത്തെ പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, റസൂൽ തിരുമേനി(സ) ഖുർആൻ ആവശ്യപ്പെട്ടിരുന്നില്ല. ശരീഅത്ത് എന്താണെന്നും അതെത്ര ഭാരിച്ചതാണെന്നുമുള്ള അറിവ് തിരുമേനിക്കില്ലായിരുന്നു. ഹിറാഗുഹയിൽ വെച്ച് വെളിപാടിറങ്ങിയ സന്ദർഭത്തിൽ മലക്ക് പറഞ്ഞു, വായിക്കുക. അപ്പോൾ തിരുമേനി(സ) പറഞ്ഞത് എനിക്ക് വായിക്കാനറിയില്ല എന്നാണ്. ഒരാഗ്രഹവും ഉണ്ടാ

യിരുന്നില്ല. കാരുണ്യവാനായ അല്ലാഹു നമ്മിൽ രണ്ട് ഔദാര്യം ചെയ്തിരിക്കുന്നു. ഒന്ന്, ആവശ്യപ്പെടാതെ തന്നെ ഖുർആൻ നൽകി. രണ്ടാമത്തേത്, ഏറ്റവും ഉത്തമനായ മനുഷ്യന് തന്നെ അത് നൽകി....

പിന്നീട് മുജദ്ദിദുമാർ വരുന്നതാണ് എന്നതും റഹീമിന്റെ നിർവചനമാണ്. റസൂൽ തിരുമേനി(സ) കടന്നു പോയപ്പോൾ റഹീമായ അല്ലാഹു മുജദ്ദിദിനെ കൊണ്ടു വന്നു. വീണ്ടും സത്യമതം ലഭിക്കട്ടെ എന്ന് അല്ലാഹു ചിന്തിച്ചു. ജനങ്ങൾ കൂടുതൽ വഴികേടിലായപ്പോൾ അല്ലാഹു മസീഹ് മൗഊദ്(അ)നെ നിയോഗിച്ചു. അദ്ദേഹം വീണ്ടും ഖുർആനിക അധ്യാപനങ്ങൾ പഠിപ്പിക്കാൻ തുടങ്ങി. ഇത് അർറഹ്മാനിർറഹീമിന്റെ ആത്മീയ നിർവചനമാകുന്നു.

ആരെയാണ് مٰلِكِ يَوۡمِ الدِّيۡنِ എന്ന് പറയുന്നത്? ദീനെന്നു പറഞ്ഞാൽ ഒരാൾക്ക് അയാളുടെ ജോലിയുടെ കൂലി നൽകുക എന്നാണർഥം. ജോലി ചെയ്യുന്ന തൊഴിലാളികളുടെ യൗമിദ്ദീൻ എപ്പോഴായിരിക്കും? യജമാനനിൽ നിന്ന് അവർക്ക് കൂലി ലഭിക്കുമ്പോൾ. അതിനെയാണ് ദീൻ എന്നു പറയുന്നത്. നിങ്ങൾ ചെയ്തതിനെല്ലാം നിങ്ങൾക്ക് ഫലം ലഭിക്കും എന്നാണിതിനർഥം. അല്ലാഹു ആഗ്രഹിക്കാത്തിടത്തോളം ഒന്നിന്റെയും ഫലം ലഭിക്കുന്നതല്ല എന്നതാണ് مٰلِكِ يَوۡمِ الدِّيۡنِ ന്റെ സാരം.

കൃഷിക്കാരൻ വിത്ത് നടുന്നു. മുഴുവൻ വർഷവും പരിശ്രമിക്കുന്നു. എന്നാൽ വിളവെടുപ്പിനുള്ള സമയം വന്നപ്പോൾ കൊടുങ്കാറ്റടിച്ച് വിളവ് പൂർണമായും നശിപ്പിക്കുന്നു. ഒരു ധാന്യമണി പോലും അയാൾക്ക് ലഭിക്കുന്നില്ല. താൻ ഈ വിളവിന്റെ യജമാനനാണെന്ന് അയാൾ കരുതിയിരുന്നു. **മാലികി യൗമിദ്ദീന്റെ** ഈയൊരു അടയാളവും കാണിക്കപ്പെടുന്നു. അശ്രദ്ധയാൽ എല്ലാം തന്നെ തന്റേതാണെന്ന് മനുഷ്യൻ ധരിക്കുന്നു.

ഇതു സംബന്ധമായി ഒരു യഥാർഥ സംഭവം ഹുസൂർ(റഹ്) വിവരിക്കുന്നു, ഞാനും ഖലീഫത്തുൽ മസീഹ് സാലിസും(റഹ്) കൃഷിക്കാരായിരുന്നു. വൈകുന്നേര സമയമായിരുന്നു. യൗമിദ്ദീനിനായുള്ള ഒരു യന്ത്രമായ അദ്ദേഹത്തിന്റെ ട്രാക്ടർ വിളവ് കൊയ്യാൻ തയ്യാറായിരുന്നു. ഞാനും അതുതന്നെ കൊണ്ടുവന്നിരുന്നു. അതു മുഖേന വിളവ് കൊയ്യാമെന്ന് ഞങ്ങൾ രണ്ടുപേരും ധരിച്ചിരുന്നു.

ഗോതമ്പ് നല്ലവണ്ണം ഉണ്ടാകും. വണ്ടിയിലിരുന്ന് ഞാൻ അഹ്മദ് നഗറിലേക്ക് (കൃഷിയുള്ള സ്ഥലം) പുറപ്പെട്ടു. കാലാവസ്ഥയും നല്ല തായിരുന്നു. യന്ത്രമിറക്കിയാൽ എല്ലാം തന്നെ കയ്യിലാകും എന്ന ചിന്തയിലായിരുന്നു. അന്നേരം ഒരു കൊടുങ്കാറ്റ് വന്നു. അല്പം മുന്നോട്ട് നീങ്ങിയപ്പോൾ തന്നെ ഭയാനകമായ ചുഴലിക്കാറ്റടിക്കാൻ തുടങ്ങി. പിന്നീട് വലിയ വലിയ ആലിപ്പഴം പതിക്കാൻ തുടങ്ങി. മഴയല്ല ആലിപ്പഴമാണ് വർഷിക്കുന്നതെന്ന് തോന്നി. ഇതിനു മുമ്പ് ജീവിതത്തിൽ ഇത്ര വലിയ ആലിപ്പഴം കണ്ടിട്ടില്ലായിരുന്നു. വണ്ടി യുടെ മുകളിൽ കുഴി രൂപപ്പെട്ടു. ഞാൻ അഹ്മദ് നഗറിൽ എത്തിയ പ്പോഴേക്കും മുഴുവൻ വിളവും നശിച്ചിരുന്നു. മുഴുവൻ പ്രദേശത്തു നിന്നും ഒരു ധാന്യമണിപോലും കിട്ടിയില്ല. ഇതിനെയാണ് مٰلِكِ يَوْمِ الدِّيْنِ എന്നു പറയുന്നത്.

പറയുന്നു, അവസാന നിമിഷംവരെ ഞാൻ തന്നെയാണ് യജമാ നൻ. നൽകേണ്ട സമയം വരുമ്പോൾ ഞാൻ നൽകുന്നു, നിങ്ങൾ മറന്നു പോകുന്നു. ഉദ്ദേശിച്ചാൽ നൽകുന്നതുമല്ല. അവൻ കാരു ണ്യവുമായി വന്ന് വീണ്ടും വീണ്ടും അനുഗ്രഹം ചൊരിയുന്നു. മനു ഷ്യൻ വിസ്മരിച്ചു കളയുന്നു. ഈ രക്ഷാശിക്ഷ അവന്റെ നിയന്ത്ര ണത്തിലാണ്. ചില സ്ത്രീകൾ 9 മാസം കുട്ടിയെ പരിപാലിക്കുന്നു. എന്നാൽ അവസാനം അത് ഇല്ലാതാകുന്നു. അതാണ് مٰلِكِ يَوْمِ الدِّيْنِ. വിശുദ്ധഖുർആനിൽ ചിന്തിക്കുക. പരമകാരുണികനും കരു ണാമയനുമായ അല്ലാഹുവിന്റെ ഈ എല്ലാ അനുഗ്രഹങ്ങളും കാ രുണ്യങ്ങളും മനുഷ്യനു വേണ്ടിയുള്ളതുമാണെങ്കിൽ കർമങ്ങളുടെ പ്രതിഫലവും അവൻ തന്നെയാണ് നൽകേണ്ടത്. മറ്റാർക്കും നൽകാൻ സാധ്യമല്ല. എന്ത് പ്രതിഫലമാണ് നൽകേണ്ടതെന്ന് അവനറിയാം. ഇത് റഹ്മാനും റഹീമുമായ അല്ലാഹുവിലേക്കെത്തു ന്നതിനുള്ള മാർഗമാണ്. അവൻ പരിപാലിക്കുന്നു. അവന്റെ മാർഗത്തിലൂടെ നാം പരിപാലനത്തിൽ പ്രവേശിച്ചു. പിന്നീട് റഹ്മാ നിയത്ത് വന്നു. പിന്നീട് റഹീമിയത്ത് വന്നു. നാം റഹ്മാനും റഹീമു മായ അല്ലാഹുവിൽ നിന്ന് ഫലമെടുത്തുകൊണ്ടിരിക്കുന്നു. ആത്മീ യ സംസ്കരണത്തിനായി അവൻ വലിയ വലിയ പരിശുദ്ധ ദാസരെ നിയോഗിച്ചു. അവയിൽ നിന്നെല്ലാംതന്നെ മനുഷ്യൻ പ്രയോജന മെടുത്താലും അന്തിമഫലം ഇഹലോകത്തും പരലോകത്തും അല്ലാഹു തന്നെയാണ് നൽകുക. മാലികിനെ സംബന്ധിച്ച് ഹദ്റത്ത്

മസീഹ് മൗഊദ്(അ) പറയുന്നു, തനിക്കു കീഴിൽ അല്ലാഹു ആരെയെങ്കിലും യജമാനൻ ആക്കിയിട്ടുണ്ടെങ്കിൽ അത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയെയാണ്.

പരിപാലനത്തിലും റഹ്മാനിയത്തിലും റഹീമിയത്തിലും ആ മഹാത്മാവ് ഏറ്റവും അധികം പരിപൂർണത കൈവരിച്ചു. തിരുമേനി(സ) യെതന്നെ യജമാനൻ ആക്കുകയും ചെയ്തു. കാരണം ഒരു വ്യക്തി വിജയിക്കുന്നുവെങ്കിൽ അത് അല്ലാഹുവിന്റെ റസൂലിന്റെ മാർഗത്തിലൂടെയായിരിക്കും. അദ്ദേഹത്തിന് എതിരാണെങ്കിൽ വിജയിക്കില്ല. ആത്മീയ അനുഗ്രഹങ്ങൾക്കായി റസൂൽ തിരുമേനി(സ)യെ ഈ ലോകത്ത് യജമാനനാക്കിയിരിക്കുന്നു. (മസീഹ് മൗഊദ്(അ) വേറെയും അർഥങ്ങൾ പറഞ്ഞിട്ടുണ്ട്.)

വിശുദ്ധഖുർആനിൽ മാലികി യൗമിദ്ദീന്റെ നിർവചനം വന്നിട്ടുണ്ട്. لَا تَمْلِكُ نَفْسٌ لِّنَفْسٍ شَيْـًٔا ۖ وَالْاَمْرُ يَوْمَئِذٍ لِّلّٰهِ ഖിയാമത്ത് നാളിൽ അല്ലാഹു പറയുന്നു, مٰلِكِ يَوْمِ الدِّيْنِ എന്നതിന്റെ അർഥം, അന്ന് ആരും ഒന്നിന്റേയും ഉടമസ്ഥനായിരിക്കില്ല. അന്നേരം പരിപൂർണമായും അല്ലാഹുവിന്റെ ആധിപത്യമായിരിക്കും. ഇതാണ് الرَّحْمٰنِ الرَّحِيْمِ مٰلِكِ يَوْمِ الدِّيْنِ (ഉർദുക്ലാസ്: നമ്പർ 313, 21.10.1997)

# മാലികി യൗമിദ്ദീന്റെ നിർവചനം

وَمَآ اَدْرٰىكَ مَا يَوْمُ الدِّيْنِ ۞ ثُمَّ مَآ اَدْرٰىكَ مَا يَوْمُ الدِّيْنِ ۞ (അൽ ഇൻഫിത്വാർ: 18,19)

യൗമിദ്ദീൻ എന്താണെന്ന് നിങ്ങൾക്കെങ്ങിനെ മനസ്സിലാക്കിതരും എന്ന് അല്ലാഹു എന്ത്കൊണ്ടാണ് പറഞ്ഞത്? അല്ലാഹുവിന് മനസ്സിലാക്കിത്തരാൻ അറിയില്ലേ? ഉദാഹരണം നൽകുന്നു, അന്ധനോട് പ്രകാശം ഇങ്ങനെയാകുന്നു എന്ന് പറഞ്ഞാൽ അയാൾക്ക് മനസ്സിലാകില്ല. അപ്പോൾ നിങ്ങൾ പറയും, നിനക്ക് മനസ്സിലാക്കാൻ കഴിയില്ല... (നിങ്ങൾക്ക് നൽകപ്പെടാത്ത കാര്യത്തെ നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയില്ല) അപ്പോൾ യൗമിദ്ദീൻ എന്നതിന്റെ നിർവചനത്തിൽ നിങ്ങൾ ചിന്തിക്കുകയാണെങ്കിൽ നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും.

يَوْمَ لَا تَمْلِكُ نَفْسٌ لِّنَفْسٍ شَيْـًٔا ۖ وَالْاَمْرُ يَوْمَئِذٍ لِّلّٰهِ യൗമുദ്ദീനിൽ ഒരു ജീ

വനും ഒന്നിന്റേയും ഉടമസ്ഥനായിരിക്കില്ല. ഏത്വരെ സ്വയം ഈ അവസ്ഥയിലൂടെ മനുഷ്യൻ കടന്നുപോകുന്നില്ലയോ ഇതിനെ കുറിച്ച് ചിന്തിക്കാൻ അവന് സാധ്യമല്ല.

നമ്മിലുള്ള ഗുണങ്ങളിലൂടെയാണ് നാം തിരിച്ചറിയപ്പെടുന്നത്. എന്റെ ഒന്നും തന്നെ അവശേഷിക്കുന്നതല്ല എന്ന അവസ്ഥയെ കുറിച്ച് മനുഷ്യന് ചിന്തിക്കാൻ തന്നെ കഴിയില്ല. കാരണം എല്ലാം അല്ലാഹുവിനാൽ നൽകപ്പെട്ടതാണ്. അവൻ എല്ലാം തന്നെ തിരിച്ചെടുക്കുകയാണെങ്കിൽ, മനുഷ്യന് നൽകപ്പെട്ട ജീവിതത്തിൽ നിന്നും ബന്ധുക്കളിൽ നിന്നെല്ലാം അവൻ വേർപെട്ടുപോകുന്നു. ഇതാണ് യൗമുദ്ദീനിന്റെ നിർവചനം.

അതിനുശേഷം പറയുന്നു, وَمَاقَدَرُوااللّٰهَ حَقَّ قَدْرِهٖ അവർ അല്ലാഹുവിന്റെ പ്രതാപത്തെ മനസ്സിലാക്കിയില്ല. وَالْاَرْضُ جَمِيْعًا قَبْضَتُهٗ يَوْمَ الْقِيٰمَةِ (അസ്സുമർ: 68) ഖിയാമത്ത്നാളിൽ ഭൂമി പരിപൂർണമായും അവന്റെ നിയന്ത്രണത്തിലായിരിക്കും.

وَالسَّمٰوٰتُ مَطْوِيّٰتٌۢ بِيَمِيْنِهٖ (അസ്സുമർ:68) ആകാശം അവന്റെ കയ്യിൽ ചുരുട്ടപ്പെടുന്നതാണ്. وَنُفِخَ فِى الصُّوْرِ فَصَعِقَ مَنْ فِى السَّمٰوٰتِ وَمَنْ فِى الْاَرْضِ (അസ്സുമർ:69). കാഹളം ഊതപ്പെടുന്നതാണ്. ആകാശഭൂമിയിലുള്ളതെല്ലാം തന്നെ ബോധരഹിതരായി വീഴുന്നതാണ്. ഒന്നും തന്നെ മനസ്സിലാകാത്ത അബോധാവസ്ഥ. അല്ലാഹു ഇച്ഛിക്കുന്നവൻ ബോധരഹിതനാകുന്നതല്ല. പിന്നീട് രണ്ടാമതും കാഹളം ഊതപ്പെടും. അപ്പോൾ എല്ലാവരും എഴുന്നേറ്റു നിൽക്കുന്നതാണ്. اِلَّا مَنْ شَآءَ اللّٰهُ അല്ലാഹു ഇച്ഛിക്കുന്നവരൊഴികെ. ഇതിൽ ആരാണ് ഉദ്ദേശ്യം? ഏറ്റവും ആദ്യം റസൂൽ തിരുമേനി(സ) ആകുന്നു. (മാലികി യൗമിദ്ദീനോടൊപ്പം ഞാനിക്കാര്യം പറഞ്ഞിരുന്നു.) മാലികി യൗമിദ്ദീനാണ്, അന്നേ ദിവസം അവൻ നൽകിയതെല്ലാം തിരിച്ച് ആവശ്യപ്പെടുന്നതാണ്.

റസൂൽ തിരുമേനി(സ) തന്റെ ജീവിതത്തിൽ തന്നെ എല്ലാം അല്ലാഹുവിന് നൽകിയിരുന്നു. ഒരു കണികപോലും തന്റെയടുക്കൽ വെച്ചിരുന്നില്ല എന്നാണ് ഖുർആനിൽ നിന്നും തെളിയുന്നത്. അപ്പോൾ ഖിയാമത്ത്നാളിൽ അല്ലാഹു എങ്ങിനെയാണ് വീണ്ടും ആവശ്യപ്പെടുക? അല്ലാഹുവിന് കീഴിൽ റസൂൽ തിരുമേനി(സ)യാണ് ഉടമസ്ഥൻ എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞത് ഈ അർഥത്തി

ലാണ്. കാരണം തന്റെ അസ്ഥിത്വം അടക്കം ഒന്നും അവശേഷിപ്പിക്കാതെ എല്ലാം അല്ലാഹുവിന് ഏൽപ്പിച്ചുകഴിഞ്ഞാൽ ഖിയാമത്ത് നാളിൽ അല്ലാഹു വീണ്ടും നബി(സ)യോട് അവശ്യപ്പെടുകയില്ല. കാരണം ധാരാളം വ്യഖ്യാതാക്കൾ എഴുതിവെച്ചിരിക്കുന്നത്, റസൂൽ തിരുമേനി(സ)യും ബോധരഹിതനാകുന്നതാണ്, മൂസാ(അ)യും ബോധരഹിതനാകുന്നതാണ് എന്നാണ്. ഇത് തെറ്റാണ്. അതുകൊണ്ടാണ് ഞാൻ ഭിന്നാഭിപ്രായം പറഞ്ഞത്. ഇത് റസൂൽ തിരുമേനി(സ) യുടെമേൽ ആരോപണമാണ്. റസൂൽ തിരുമേനി(സ) ബോധരഹിതനാകുക അസാധ്യമാണ്. കാരണം ബോധമുണ്ടായിരുന്ന സമയത്ത് ജീവിതത്തിൽ തന്നെ നൽകിക്കഴിഞ്ഞത് അല്ലാഹു എങ്ങിനെ വീണ്ടും വാങ്ങും? اِلَّا مَنْ شَآءَ اللّٰهُ എന്നതുകൊണ്ട്, ജീവിതത്തിൽ തന്നെ എല്ലാം അല്ലാഹുവിന്റെ അധീനതയിൽ നൽകിയ റസൂൽ തിരുമേനി(സ) ആകുന്നു ഉദ്ദേശ്യം. മാലികി യൗമിദ്ദീൻ നമസ്കാരത്തിൽ ഏറ്റവും ബുദ്ധിമുട്ടുള്ള കാര്യമാണ്. എല്ലാം തന്നെ വാസ്തവത്തിൽ മടക്കിനൽകിയ ഏറ്റവും വലിയ വ്യക്തിത്വം റസൂൽ തിരുമേനി(സ) ആകുന്നു.

റസൂൽ തിരുമേനി(സ)യെ കുറിച്ച് വിശുദ്ധ ഖുർആൻ പറയുന്നു, قُلْ اِنَّ صَلَاتِیْ وَنُسُکِیْ وَمَحْیَایَ وَمَمَاتِیْ لِلّٰهِ رَبِّ الْعٰلَمِیْنَ (അൽ അൻആം: 163) നീ വിളംബരപ്പെടുത്തുക, എന്റെ നമസ്കാരം, എന്റെ ത്യാഗങ്ങൾ, എന്റെ ജീവിതവും മരണവും എല്ലാം തന്നെ അല്ലാഹുവിന്റേതായിക്കഴിഞ്ഞു. ഈ വിളംബരം ഇവിടെയാണ് ഉണ്ടായത്. ഖിയാമത്ത് നാളിൽ എനിക്ക് തിരിച്ചുതരിക എന്ന്പറഞ്ഞ് അല്ലാഹു എങ്ങിനെയാണ് വീണ്ടും ആവശ്യപ്പെടുക? ഇതാണ് മാലികി യൗമിദ്ദീനിന്റെ അർഥം. ഈ യാഥാർഥ്യത്തെ ആരെങ്കിലും മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ അത് മസീഹ് മൗഊദ്(അ) ആകുന്നു. മസീഹ് മൗഊദ്(അ) പറയുന്നു, ഭൂമിയിൽ മാലികി യൗമിദ്ദീൻ ആക്കപ്പെട്ട ദൂതനാണ് നബി(സ). എല്ലാം അദ്ദേഹത്തെ ഏൽപ്പിച്ചു. ഇനി എന്താണോ ചെയ്യുന്നത് അത് ഉടമസ്ഥന്റെ പ്രതിനിധി എന്ന നിലയിലാണ് ചെയ്യുക. എന്താണോ ഉടമസ്ഥൻ ആഗ്രഹിക്കുക അതുമാത്രമേ പ്രവർത്തിക്കൂ. റസൂൽ തിരുമേനി(സ) ബോധരഹിതനാകില്ല എന്നാണ് അതിൽനിന്നും മനസ്സിലാകുന്നത്. കാരണം നമ്മുടെ കഴിവുകളെയാണ് ബോധം എന്നുപറയുന്നത്. ബോധം തിരിച്ചുപോയാൽ

എല്ലാം തിരിച്ചുപോകും. അതുകൊണ്ട് فَصَعِقَ مَنْ فِي السَّمٰوٰتِ എന്നതിന്റെ താത്പര്യം, ആദ്യകാഹളം ഊതപ്പെടുമ്പോൾ എല്ലാ വസ്തുക്കളും അതിന്റെ കഴിവുകളിൽ നിന്ന് പുറംതള്ളപ്പെടും എന്നതാണ്. കാരണം, യഥാർഥ ഉടമസ്ഥൻ അല്ലാഹുവാണ്. ആദ്യം തന്നെ മടക്കി നൽകിയവരോട് വീണ്ടും ആവശ്യപ്പെടുന്നതല്ല.

(ഉർദു ക്ലാസ് നമ്പർ: 314, 22.10.97)

# അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ

സൂറ:ഫാതിഹ ആരംഭിക്കുന്നത് بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ ലൂടെയാണ്. ഇതിനെ തുടർന്നു വരുന്ന വചനം اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ എന്നാണ്.

اَلْحَمْدُ എന്നതിന്റെ അർഥം എല്ലാ സ്തുതികളും എന്നാണ്. اَلْحَمْدُ വിന് പല അർഥങ്ങളുമുണ്ട്. അൽ എന്നത് അറബിയിലെ ഒരു പദമാകുന്നു. അതിനെ ഇംഗ്ലീഷിൽ The എന്നും പറയുന്നു. ഇത് ഇംഗ്ലീഷിലെ Difinite Article ആകുന്നു. ഈ The യിൽ പല അർഥങ്ങളും ഉണ്ട്. اَلْحَمْدُ എന്നതിന്റെ അർഥം Perfect Praise എന്നാകുന്നു. The ചില സമയത്ത് Perfection നു വേണ്ടിയും ഉപയോഗിക്കുന്നു. അൽഹംദു എന്നതിന്റെ അർഥം All Praises എന്നായി.

اَلْحَمْدُ എന്നതിന്റെ അർഥം The യിലൂടെയല്ലാതെ നിങ്ങൾക്ക് മനസിലാക്കിത്തരാം. اَلْحَمْدُ എന്നതിന്റെ അർഥം സ്തുതി എന്ന് പറയാൻ കഴിയുന്ന യഥാർഥ സ്തുതി എന്നുള്ളതാണ്. He is the man എന്നു പറയുന്നതുപോലെ. അതായത് മനുഷ്യഗുണങ്ങളുള്ള The എന്ന് പറയാൻ കഴിയുന്ന വ്യക്തി. He is the man. അപ്പോൾ The എന്ന പദത്തിനും പല അർഥങ്ങളുണ്ട്. اَلْحَمْدُ വിലെ അൽ എന്നത് The യുമായി സദൃശ്യമുള്ളതാണ്.

സ്തുതി എന്ന് പറയാൻ പറ്റുന്ന സ്തുതിയാണ് **അൽഹംദുലില്ലാഹി** അത് അല്ലാഹുവിന് മാത്രമാണ്. മറ്റെല്ലാ സ്തുതികളും വ്യാജം. അല്ലാഹുവിന് മാത്രമുള്ളതാണ് യഥാർഥസ്തുതി. മറ്റെല്ലാ സ്തുതികളും ഈ സ്തുതിയിൽ ഉൾക്കൊള്ളുന്നു. സ്തുത്യർഹമായ വസ്തുക്കൾ, ഗുണങ്ങളുള്ളവ, നിങ്ങൾക്ക് വസ്തുക്കൾ നല്ലതായി തോന്നിയാൽ, اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ എന്ന് പറയാം. എല്ലാ

നല്ല കാര്യങ്ങളും അല്ലാഹുവിൽനിന്ന് പുറപ്പെടുകയും നമുക്ക് ദൃശ്യമാകുകയും നമുക്ക് ഗുണപ്രദമായി ക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അതിനാൽ ആദ്യപദമായ اَلْحَمْدُ വിൽ ചിന്തിക്കുന്തോറും നിങ്ങൾക്ക് ആനന്ദം ലഭിക്കുന്നു. മുഴുവൻ ഖുർആന്റേയും സംക്ഷിപ്തം اَلْحَمْدُ വിൽ വന്നിരിക്കുന്നു.

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ശേഷം വരുന്ന ആദ്യപദമാണ് اَلْحَمْدُ. നിങ്ങൾ ചിന്തിക്കുകയാണെങ്കിൽ മുഴുവൻ ഖുർആനും അതിൽ ഉൾ ക്കൊള്ളു ന്നതായി കാണാം. ലോകത്തുള്ള സ്തുത്യർഹമായ എല്ലാ വസ്തുക്കളും അല്ലാഹുമായി ബന്ധപ്പെട്ടതാണെങ്കിൽ സ്തുതിക്കർഹമാണ്. അല്ലാഹു വിനെ വിട്ടുകൊണ്ട് ഒന്നിന്റേയും സ്തുതിയില്ല. ഇതാണ് اَلْحَمْدُ എന്നതിന്റെ ഒരർഥം. നിങ്ങൾക്ക് ചിന്തിക്കാൻ കഴിയുന്ന എല്ലാ നല്ലവസ്തുക്കളും എല്ലാ സ്തുതികളും നല്ലതാകുന്നത് അല്ലാഹുവാണ് അവയെ സൃഷ്ടിച്ചത് എന്ന കാരണത്താലാണ്. ഒരു മനുഷ്യൻ നല്ലവനാണെങ്കിൽ അവനെ നല്ലവൻ എന്ന് പറയുന്നത് എന്തുകൊണ്ടാണ്? കാരണം അവനിൽ അല്ലാഹുവിന്റെ ഗുണങ്ങൾ കാണേണ്ടതാണ്. اَلْحَمْدُ എന്നു പറയുന്നത് അതിൽ അല്ലാഹുവിന്റെ ഗുണങ്ങൾ ഉൾക്കൊള്ളിട്ടുണ്ടെങ്കിലാണ്. അപ്പോൾ അത് നല്ലതാകുന്നു. റസൂൽ(സ)തിരുമേനിയിലാണ് അല്ലാഹുവിന്റെ ഗുണങ്ങൾ ഏറ്റവും കൂടുതലായി ഉണ്ടായിരുന്നത്. അപ്പോൾ اَلْحَمْدُ വിൽ റസൂൽ തിരുമേനി(സ)യുടെ നാമവും ഉൾപ്പെട്ടു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാര്യം വളരെ മനോഹരമായ നിലയിൽ പരാമർശിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു, اَلْحَمْدُ വിൽ മുഹമ്മദ്(സ) തിരുമേനിയും ഉൾപ്പെടുന്നു. കാരണം اَلْحَمْدُ പറയുന്നതിന് രണ്ടു മാർഗങ്ങളാണ് ഉള്ളത്. ഒന്ന് اَلْحَمْدُ لِلّٰہِ എല്ലാ സ്തുതികളും അല്ലാഹുവിനാകുന്നു. അല്ലാഹുവിന്റേതാണ് യഥാർഥസ്തുതി എന്നാകുന്നു രണ്ടാമത്തെ അർഥം.

നാം ചെയ്യുന്ന എല്ലാ നല്ല സ്തുതിയും അല്ലാഹുവിലേക്കാണ് പോകുന്നത് എന്നതാണ് ഒന്നാമത്തെ അർഥം. അല്ലാഹു ചെയ്യുന്നതാണ് യഥാർഥ സ്തുതി എന്നതാണ് രണ്ടാമത്തെ അർഥം. അല്ലാഹു ആരെയാണോ സ്തുതിക്കുന്നത് അത് സത്യവും ബാക്കിയുള്ളതെല്ലാം കള്ളവുമാകുന്നു.

റസൂൽ തിരുമേനി(സ)യാണ് അല്ലാഹുവിനെ ഏറ്റവും കൂടുതൽ

സ്തുതിച്ചത് എന്ന നിലയിൽ തിരുമേനിയുടെ നാമം അഹ്മദ്(സ) എന്നാകുന്നു. മറ്റൊരാളെ ധാരാളമായി സ്തുതിക്കുന്നവനെയാണ് അഹ്മദ് എന്നു പറയുന്നത്. കൂടുതൽ സ്തുതിച്ചതിന്റെ ഫലമായി അല്ലാഹു തിരുമേനിയുടെ നാമം അഹ്മദ്(സ) എന്ന് വെച്ചു. മുഹ മ്മദ്(സ) സ്തുതിച്ച അല്ലാഹുവിന്റെ സ്തുതി പരിപൂർണ സ്തുതി യാകുന്നു. അത് മനുഷ്യന് അനിവാര്യമാകുന്നു. മറ്റെല്ലാ നബി മാരുടേയും സ്തുതികളിൽ നിങ്ങൾക്ക് എന്തെങ്കിലും ന്യൂനത കാണാൻ സാധിക്കുന്നതാണ്. അതിനുള്ള തെളിവ് അല്ലാഹു തിരുമേനി(സ)യുടെ നാമം അഹ്മദ് എന്നതു കൂടാതെ മുഹമ്മദ് എന്നും വെച്ചിട്ടുണ്ട് എന്നതാണ്. അല്ലാഹു പിന്നീട് തിരുമേനി(സ) യെ ധാരാളം സ്തുതിച്ചു. അത്യധികം സ്തുതിക്കപ്പെടുന്നവനെ യാണ് മുഹമ്മദ് എന്നു പറയുന്നത്. അല്ലാഹു കൂടുതൽ മറുപടി പറയുന്നവനാണ് എന്നതിനാൽ മുഹമ്മദ് എന്ന പദത്തിന് കൂടുതൽ പ്രബലത കൈവരുന്നു. കാരണം അല്ലാഹു അർക്കും നന്ദി പറ യാറില്ല. അല്ലാഹു സ്തുതിക്കുന്നത് മനുഷ്യന്റെ സ്തുതിക്ക് മറു പടിയായായിട്ടാണ്. പിന്നീട് അവൻ വളരരെയധികം സ്തുതി ക്കുന്നു. ചുരുക്കത്തിൽ റസൂൽ തിരുമേനി(സ)യുടെ നാമമായ അഹ് മദും മുഹമ്മദും اَلْحَمْدُ വിൽ ഉൾക്കൊണ്ടിരിക്കുന്നു. അതുകൊണ്ടാ ണ് اَلْحَمْدُ എന്ന പദം മുഴുവൻ ഖുർആന്റെയും സംക്ഷിപ്തമാണെന്ന് ഞാൻ പറഞ്ഞത്. എല്ലാ സ്തുതികളും, പ്രപഞ്ചത്തിലുള്ള എല്ലാ നല്ല വസ്തുക്കളും അല്ലാഹുവിന് വേണ്ടിയുള്ളതാണ്. പരിപൂർണ സ്തുതി അവന്റേതാകുന്നു. അതല്ലാതെയുള്ള ഒരു സ്തുതിയും യഥാർഥ സ്തുതിയല്ല. ഏറ്റവും കൂടുതൽ സ്തുതിക്കുന്നവൻ അഹ് മദ്(സ) ആയിരുന്നു. അല്ലാഹുവിനാൽ ഏറ്റവും കൂടുതൽ സ്തുതിക്ക പ്പെട്ട വ്യക്തി മുഹമ്മദ്(സ) ആകുന്നു. اَلْحَمْدُ എന്നതിൽ ഈ എല്ലാ കാര്യങ്ങളും ഉൾപ്പെടുന്നു.

പിന്നീട് മനുഷ്യൻ പറയുന്നു, اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ റസൂൽ തിരു മേനി(സ)യെ സൃഷ്ടിക്കുക മാത്രമല്ല, തിരുമേനി(സ)യിൽ ഇത് അവ സാനിക്കുന്നുമില്ല, മുഴുലോകത്തേയും അവൻ തന്നെയാണ് പരി പാലിക്കുന്നത്. അഥവാ മുഹമ്മദ്(സ)യുടെ പരിപാലനം ഇത്ര നല്ലതാ കാമെങ്കിൽ എല്ലാവരും എന്തുകൊണ്ട് പിന്നിലായി? നാഥൻ അവൻ തന്നെയാണ്. റസൂൽ(സ)ക്ക് വ്യക്തിഗത സവിശേഷത ഒന്നും ഉണ്ടാ

യിരുന്നില്ല. അല്ലാഹുവിന്റെ കാരണത്താലാണ് അത് സംജാതമാ യത്. മുഹമ്മദ്(സ)യെ പരിപാലിച്ച അതേ അസ്തിത്വം തന്നെയാണ് മുഴുലോകത്തേയും, എല്ലാ കാലഘട്ടത്തേയും, എല്ലാ വസ്തുക്ക ളേയും പരിപാലിച്ചത്. ആ മഹാത്മാവിന് ഇത്ര ഉന്നതി പ്രാപിക്കാൻ സാധിക്കുമെങ്കിൽ മറ്റുള്ളവർ എന്തുകൊണ്ട് തിരുമേനി(സ)യെ അനു ഗമിക്കുന്നില്ല. അവർക്കും ഇത്തരത്തിൽ ഉന്നതി പ്രാപിക്കാൻ കഴി യുന്നതാണ്. തൗഫീഖില്ലായെങ്കിൽ അത് വേറെ കാര്യം. എന്നാൽ മാർഗം തുറന്ന് കിടക്കുന്നുണ്ട്. ഇതാണ് اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ എന്ന തിന്റെ അർഥം.

ഇനി ഈ അർഥം ചിന്തിക്കുന്നതിനായി നിങ്ങൾക്ക് ഒരു കാല ഘട്ടം തന്നെ വേണം. എല്ലാ നമസ്കാരത്തിലും اَلْحَمْدُ എന്നു പറയു മ്പോൾ ഈ എല്ലാ കാര്യങ്ങളും ചിന്തയിൽ വരിക അസാധ്യമാണ്. അതിനുള്ള പരിഹാരം ഓരോ പ്രാവശ്യവും اَلْحَمْدُ എന്നു പറയു മ്പോൾ ഏതെങ്കിലും നല്ലകാര്യം തീർച്ചയായും ഓർക്കുക. അത് നിങ്ങളുടെ അവസ്ഥയുമായി ബന്ധമുള്ളതുമാകാം.

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ എന്നതിൽ മുഴുലോകത്തുമുള്ള എല്ലാ സൃഷ്ടി കളുടെയും പരിപാലനം അല്ലാഹുവിലേക്ക് എത്തുന്നു. നിത്യേനെ നാം ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളിലും നമുക്ക് رَبِّ الْعٰلَمِيْنَ നെ കാണപ്പെടേണ്ടതാണ്. പ്രഭാതസവാരിക്കു പോകുമ്പോൾ വഴിയിൽ ധാന്യം കൊത്തിത്തിന്നുന്ന പക്ഷികളെ കാണുമ്പോൾ ഹൃദയത്തി ൽ നിന്നും اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ എന്ന ശബ്ദം പുറപ്പെടാറില്ലേ? നമുക്ക് മാത്രമല്ല ആഹാരം നൽകുന്നത്, പ്രസ്തുത ജീവികൾക്കും ആ ഹാരം നൽകുന്നു. ആ പക്ഷികൾ ഭക്ഷിക്കുന്ന കീടങ്ങൾക്കുള്ള ആഹാരവും അല്ലാഹുവിന്റെ ചുമലിലാണ്. അവ വളരുന്നതിനുള്ള ജീവിതവിഭവവും അല്ലാഹുവിലാണ്. മുഴുലോകത്തിന്റെയും ജീവിത വിഭവങ്ങളും, അവയുടെ ജീവൻ നിലനിർത്തലും അല്ലാഹുവിൽ അർപ്പിതമാണ്. മുഴുവൻ പ്രപഞ്ചത്തിനും ഒരു ശക്തി അനിവാര്യ മാണ്. പ്രസ്തുത ശക്തിയുടെ അഭാവത്തിൽ പ്രപഞ്ചം നിലനിൽക്കി ല്ല. ഏതോ വസ്തു അവയെയെല്ലാം sustain ചെയ്തു കൊണ്ടിരി ക്കുകയും അവയ്ക്ക് കഴിവുകൾ പ്രദാനം ചെയ്ത് കൊണ്ടിരിക്കു കയുമാണ്. അത് അല്ലാഹുവിന്റെ അസ്ഥിത്വമാകുന്നു.

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ എന്നതിൽ ഒരു ശാസ്ത്രജ്ഞനും സ്വയം തന്നെ

കുറിച്ച് ചിന്തിക്കാവുന്നതാണ്. അല്ലാഹു എങ്ങിനെയാണ് പ്രപഞ്ചത്തെ നിയന്ത്രിക്കുന്നത് എന്നതിനെ സംബന്ധിച്ചുള്ള എന്തെങ്കിലും രഹസ്യം അയാൾക്ക് മനസ്സിലാകുകയും നമസ്കാരത്തിൽ അതിനെ കുറിച്ച് ചിന്തിച്ചു കൊണ്ട് അൽഹംദു എന്ന് പറയുകയും ചെയ്യുകയാണെങ്കിൽ അയാൾക്കു കൂടുതൽ അനുഭൂതി ലഭിക്കുന്നതായിരിക്കും. അല്ലാഹു എങ്ങിനെയാണ് തന്നെ പരിപാലിച്ചത്, എന്തൊക്കെ ഭക്ഷണങ്ങളാണ് നൽകിയത്, എത്ര ഉൽകൃഷ്ടമാക്കി എന്നൊക്കെ ഒരു വ്യക്തി ചിന്തിക്കുന്തോറും തന്നെകുറിച്ചുള്ള അറിവുകൾ വർധിക്കുകയും അതിനനുസരിച്ച് اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ന്റെ അർഥം വിശാലമാകുകയും ചെയ്യുന്നു. ചുരുക്കത്തിൽ ഈ പ്രാരംഭ വചനം മുഴുവൻ ഖുർആനേയും ഉൾക്കൊള്ളുന്നു. ഇത് കൂടാതെ മറ്റ് പല വചനങ്ങളും ഇത്തരത്തിൽ വിഷയത്തെ മുന്നോട്ട് കൊണ്ടുപോകുന്നുണ്ട്.

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ എന്ന് പറഞ്ഞതിനു ശേഷം നാം എന്താണ് പറയുന്നത്? الرَّحْمٰنِ الرَّحِيْمِ . റഹ്മാൻ എന്നതിന്റെ അർഥം എന്താണ്? ആവശ്യപ്പെടാതെ നൽകുന്നവൻ. എന്നാൽ ഇതിനുമുമ്പ് بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ എന്നതിൽ الرَّحْمٰنِ വന്നിട്ടുണ്ട്. അവിടെ ആവശ്യപ്പെടാതെ നൽകുന്നവൻ, മുഴുപ്രപഞ്ചത്തേയും പ്രദാനം ചെയ്യുന്നവൻ എന്ന അർഥത്തിലായിരുന്നു. അഥവാ അവൻ ആവശ്യപ്പെടാതെ നൽകില്ലായിരുന്നുവെങ്കിൽ رَبِّ الْعٰلَمِيْنَ ന്റെ കാര്യം ആരംഭിക്കില്ലായിരുന്നു. ഇരുലോകവും സൃഷ്ടിക്കപ്പെട്ടിരുന്നു എന്നതാണ് رَبِّ الْعٰلَمِيْنَ സൂചിപ്പിക്കുന്നത്. بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ എന്നതിലെ റഹ്മാനിലൂടെ ആവശ്യപ്പെടാതെ മുഴുപ്രപഞ്ചവും ഉടലെടുത്തു. അപ്പോൾ വിശുദ്ധ ഖുർആനിൽ അൽഹംദുവിന് ശേഷം വീണ്ടും الرَّحْمٰنِ എന്തിനാണ് വന്നിട്ടുള്ളത്? بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ സൂറഃ ഫാത്തിഹയ്ക്കും മറ്റ് സൂറത്തുകൾക്കും പ്രാരംഭത്തിൽ ഓതുന്നു.

اَلرَّحْمٰنُ ۙ﴿٢﴾ عَلَّمَ الْقُرْاٰنَ ؕ﴿٣﴾ خَلَقَ الْاِنْسَانَ ۙ﴿٤﴾ ആയ അല്ലാഹു الرَّحْمٰنِ عَلَّمَهُ الْبَيَانَ ﴿٥﴾ ആകുന്നു. റഹ്മാനായ അല്ലാഹു മുഴുലോകത്തേയും സൃഷ്ടിച്ചു. ഖുർആനും പഠിപ്പിച്ചത് അവനാണ്. മനുഷ്യനെ സൃഷ്ടിച്ചതും അവനാണ്. خَلَقَ الْاِنْسَانَ . അപ്പോൾ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ എന്നതിൽ അടങ്ങിയിരിക്കുന്ന സൃഷ്ടിപ്പ് നടന്നു കഴിഞ്ഞു. പിന്നീട് رَبِّ الْعٰلَمِيْنَ ന്റെ കാര്യം ആരംഭിച്ചു. രണ്ടാമതും എന്തിനാണ് الرَّحْمٰنِ

എന്ന് പറഞ്ഞത്? വിശുദ്ധ ഖുർആനിൽ **റഹ്മാന്റെ** രണ്ടു കാര്യങ്ങളാണ് പരാമർശിച്ചിരിക്കുന്നത്. 1. മനുഷ്യനെ സൃഷ്ടിച്ചു. 2. അവൻ ഖുർആൻ പഠിപ്പിച്ചു.

ഇപ്പോൾ ഖുർആന്റെ കാര്യമാണ് ആരംഭിക്കുന്നത്. സൂറ ഫാതിഹ اَلْحَمْدُ لِلّٰهِ എന്നു പറഞ്ഞതിനു ശേഷം الرَّحْمٰنِ എന്ന് പറഞ്ഞുകൊണ്ട് പറയുന്നത്, മുഴുവൻ ആത്മീയപ്രപഞ്ചത്തേയും അല്ലാഹു തന്നെയാണ് സൃഷ്ടിച്ചത്. അത് **അർറഹ്മാനു**മായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ വിഷയത്തെ വിവിധ സ്ഥലങ്ങളിൽ ഉന്നതമായ ദൈവികജ്ഞാനത്തോടുകൂടി പരാമർശിച്ചിട്ടുണ്ട്. പറയുന്നു, ആരാണ് അല്ലാഹുവിനോട് ഖുർആൻ അവശ്യപ്പെടാൻ പോയത്? ആരും തന്നെയില്ല. നബി തിരുമേനി(സ) സ്വയവും ഖുർആൻ വേണമെന്ന് പറഞ്ഞിട്ടില്ല. **അല്ലമൽ ഖുർആൻ**, റഹ്മാനായ അല്ലാഹു ആവശ്യപ്പെടാതെ തന്നെ ഖുർആൻ നൽകി. ലോകത്തുള്ള ആരും തന്നെ അല്ലാഹുവിനോട് ഞങ്ങൾക്ക് ഖുർആൻ നൽകിയാലും എന്ന് ആവശ്യപ്പെട്ടിട്ടില്ല. ഖുർആനെ സംബന്ധിച്ച് ആർക്കും അറിവ് തന്നെ ഉണ്ടായിരുന്നില്ല. അപ്പോൾ മുഹമ്മദ്(സ)ക്ക് റഹ്മാനായ അല്ലാഹു ഖുർആൻ പഠിപ്പിച്ചു. അവൻ ആവശ്യപ്പെടാതെ നൽകുന്നവനാണ്. ചുരുക്കത്തിൽ ഭൗതിക ലോകത്തെയും റഹ്മാനായ അല്ലാഹുവാണ് സൃഷ്ടിച്ചത്, ആത്മീയ ലോകത്തെയും സൃഷ്ടിച്ചത് അവൻ തന്നെയാണ്. അതുകൊണ്ടാണ് അർറഹ്മാൻ ആവർത്തിച്ചു വന്നത്.

# അർറഹീം

റഹ്മാനായ അല്ലാഹു വിശുദ്ധഖുർആന്റെ സകല കല്പനകളും എല്ലാ നല്ലകാര്യങ്ങളും നമ്മുടെ ഗുണത്തിനായി വിശദീകരിച്ചു. എന്നാൽ അതിനുശേഷം അവൻ നമ്മിൽ നിന്ന് അശ്രദ്ധനായില്ല. അതാണ് റഹീം സൂചിപ്പിക്കുന്നത്. ചോദിക്കാതെ തന്നെ നൽകുന്ന തരത്തിൽ ഏറ്റവും കൂടുതൽ അനുഗ്രഹവുമായി വന്നവനാണ് അർറഹ്മാൻ. റഹ്മാനായ അല്ലാഹു പ്രപഞ്ചത്തെ സൃഷ്ടിച്ചു. എല്ലാ കാലഭേദങ്ങളെയും അവനാണ് സൃഷ്ടിച്ചത്. വിത്തു നടുന്ന

ഒരു കാലം ഉണ്ട്. അപ്പോൾ നിങ്ങൾ വിത്തു നടുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, എല്ലാത്തിനും ഒരു കാലമുണ്ട്. ഏതെങ്കിലും വസ്തു നടുകയാണെങ്കിൽ അത് മുളക്കുന്നു, വളരുന്നു. അഥവാ അസമയത്ത് വിത്തിടുകയാണെങ്കിൽ അത് അവിടെ തന്നെ കിടക്കുന്നു. എന്നാൽ കടന്നുപോയ കാലത്തെ അല്ലാഹു വീണ്ടും കൊണ്ടു വരുന്നു. കഴിഞ്ഞ വർഷം ഇട്ട വിത്ത് മണ്ണിൽ തന്നെ സുരക്ഷിതമായി കിടക്കുന്നു. പുതിയ കാലം വരുമ്പോൾ ആ വിത്ത് മുളക്കുന്നു. അപ്പോൾ കാലാവസ്ഥയെ അവർത്തിച്ചാവർത്തിച്ച് കൊണ്ടുവരുന്നവനാണ് അർറഹീം.

അവശ്യമുള്ളതത്രയും തന്നെ ആദ്യ അവസരത്തിൽ നൽകിയവനെയാണ് അർറഹ്മാൻ എന്നു പറയുന്നത്. എല്ലാം തന്നെ അവൻ നൽകി. അഥവാ നിങ്ങൾക്ക് അർറഹ്മാനിൽ നിന്ന് പ്രയോജനമെടുക്കാൻ സാധിക്കുന്നില്ലെങ്കിലും നിങ്ങളെ സഹായിക്കുന്നവനാണ് റഹീം. ഒരു വർഷം നിങ്ങൾ അശ്രദ്ധരാകുന്നു. അടുത്ത വർഷവും നിങ്ങൾ അശ്രദ്ധ കാണിക്കുന്നു. അതിനടുത്ത വർഷവും അശ്രദ്ധരാകുന്നു. എപ്പോഴും തന്നെ അവൻ തന്റെ കാരുണ്യത്തെ ദർശിക്കുന്നതിനുള്ള സാഹചര്യം ഒരുക്കി ക്കൊണ്ടിരിക്കുന്നു. അതിനെയാണ് റഹീം എന്നു പറയുന്നത്. (ഉർദു ക്ലാസ്സ്: നമ്പർ 310, 11.10.1997)

# മാലികി യൗമിദ്ദീൻ

അല്ലാഹു യൗമുദ്ദീനിന്റെ ഉടമയാകുന്നു. വിശുദ്ധഖുർആൻ പറയുന്നു, وَمَآ اَدْرٰىكَ مَا يَوْمُ الدِّيْنِ . യൗമിദ്ദീൻ എന്താണെന്ന് നിനക്ക് എങ്ങിനെ മനസ്സിലാക്കി തരും? സൂറഫാത്തിഹായിൽ വന്നിരിക്കുന്ന മാലികി യൗമിദ്ദീന്റെ വ്യാഖ്യാനം സ്വയം അല്ലാഹു നൽകുമ്പോൾ, യൗമിദ്ദീൻ എന്തായിരിക്കും എന്നതിന് സ്വന്തം വിശദീകരണം നൽകുന്നതിന് പകരമായി നാം അതേ വ്യാഖ്യാനത്തെയാണ് എടുക്കേണ്ടത്. എന്താണ് സംഭവിക്കുക? ثُمَّ مَآ اَدْرٰىكَ مَا يَوْمُ الدِّيْنِ. വീണ്ടും നിങ്ങളോടെന്താണ് പറയുക, യൗമുദ്ദീൻ എന്താണെന്ന് എങ്ങിനെയാണ് മനസ്സിലാക്കിതരിക? വിശുദ്ധ ഖുർആനിൽ അല്ലാഹു ثُمَّ مَآ اَدْرٰىكَ مَا يَوْمُ الدِّيْنِ എന്ന് എന്തിനാണ് പറഞ്ഞിരിക്കുന്നത്? യൗമുദ്ദീൻ എന്താണെന്ന് നിനക്കെങ്ങിനെയാണ് മനസ്സിലാക്കിത്തരിക

എന്ന് അല്ലാഹു പറയുമ്പോൾ അവന് മനസ്സിലാക്കിത്തരാൻ അറിയില്ലേ എന്ന കാര്യമാണ് ആദ്യമായി പരിഹരിക്കേണ്ടത്. അതായത് എന്ത് പറഞ്ഞാണ് നിനക്ക് മനസ്സിലാക്കി തരിക. വീണ്ടും പറയുന്നു, ثُمَّ مَآ أَدْرَىٰكَ مَا يَوْمُ ٱلدِّينِ അഥവാ നിങ്ങൾ കാഴ്ചശക്തിയില്ലാത്ത അന്ധനോട് പ്രകാശം ഇങ്ങിനെയാണ് അങ്ങിനെയാണ് എന്ന് പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കുമ്പോൾ, പിന്നീട് നിനക്ക് മനസ്സിലാകില്ല, നിനക്ക് മനസ്സിലാക്കാൻ തന്നെ സാധ്യമല്ല എന്ന് പറയും. അതായത് ഇപ്പോൾ നിനക്ക് ലഭിച്ചിട്ടില്ലാത്ത വസ്തുക്കളെ നിനക്ക് മനസ്സിലാക്കാൻ സാധ്യമല്ല. അതിനാൽ പിന്നീട് വിവരിക്കുന്ന യൗമിദ്ദീന്റെ നിർവചനത്തിൽ ചിന്തിച്ചാൽ അത് നിനക്ക് മനസ്സിലാകും. يَوْمَ لَا تَمْلِكُ نَفْسٌ لِّنَفْسٍ شَيْـًٔا ۖ وَٱلْأَمْرُ يَوْمَئِذٍ لِّلَّهِ (ഇൻഫിത്വാർ: 19,20) ഒരു ജീവനും സ്വയമോ മറ്റൊരാൾക്ക് വേണ്ടിയോ ഒന്നിനും ഉടമയാകാൻ സാധിക്കാത്ത ദിവസമാണ് യൗമിദ്ദീൻ. സമ്പൂർണമായും ഉടമസ്ഥത Disposes ആയിത്തീരും. മനുഷ്യന് സ്വയം അത് അനുഭവപ്പെടുന്നതുവരെ അതിനെ കുറിച്ച് സങ്കൽപിക്കാൻ സാധ്യമല്ല.

അഥവാ നിങ്ങളുടെ കണ്ണ്, കാത് തുടങ്ങിയവ നിങ്ങളോടൊപ്പമില്ലെങ്കിൽ നിങ്ങളും ഇല്ലാതായി. കാതുകളും ബുദ്ധിയും തലച്ചോറും മറ്റൊന്നും തന്നെ നിങ്ങളുടെ നിയന്ത്രണത്തിലല്ലാതിരിക്കുക, നിങ്ങളുടെ മാതാവിന്റെ ഒന്നും തന്നെ നിങ്ങളുടെ വരുതിയിലല്ലാതിരിക്കുക, നിങ്ങൾ ഒന്നിന്റെയും ഉടമയല്ലാതിരിക്കുക അതാണ് മാലികി യൗമിദ്ദീൻ. ഇതെങ്ങിനെ സാധ്യമാകും? ഇതെങ്ങിനെ സംഭവിക്കും? നമ്മിലുള്ള നമ്മുടെ ഗുണങ്ങളിലൂടെയാണ് നാം തിരിച്ചറിയപ്പെടുന്നത്. എല്ലാംതന്നെ അല്ലാഹുവിനാൽ നൽകപ്പെട്ടതാണെങ്കിലും തന്റെ ഒന്നും തന്നെ അവശേഷിക്കില്ല എന്നുള്ളത് മനുഷ്യന് ചിന്തിക്കാൻ പോലും കഴിയില്ല. അഥവാ അവൻ തിരിച്ച് വാങ്ങുകയാണെങ്കിൽ എല്ലാ വസ്തുക്കളും, എല്ലാ ജീവനും, അവരിൽ നിന്ന് വേർപ്പെടുത്തപ്പെടും. അവന് നൽകിയ ജീവിതം, വിവേകം, ബന്ധുക്കൾ, സ്വഭാവഗുണങ്ങൾ തുടങ്ങിയവയിൽ നിന്നെല്ലാം അവൻ പുറത്താക്കപ്പെടും. مَٰلِكِ يَوْمِ ٱلدِّينِ എന്നതിന്റെ വളരെ ഭയാനകമായ നിർവചനമാണിത്.

അല്ലാഹു നിങ്ങൾക്ക് നൽകിയ കണ്ണുകളും, കാതുകളും, പല്ലുകളും, ബുദ്ധിയും എല്ലാംതന്നെ നിന്നെ ഏൽപ്പിക്കുന്നു, നീ പറയുന്നതുപോലെ മാത്രമേ ഉപയോഗിക്കുകയുള്ളു, ഇനി നിന്റെ ഇച്ഛ

യാണ് എന്ന് പറഞ്ഞ് അല്ലാഹുവിന് മടക്കി നൽകുകയാണെങ്കിൽ ഇവയെല്ലാംതന്നെ നിങ്ങളിൽനിന്ന് വീണ്ടും ആവശ്യപ്പെടാൻ അല്ലാഹുവിന് സാധിക്കുമോ? ഇല്ല. അല്ലാഹുവേ! എല്ലാം തന്നെ നൽകിക്കഴിഞ്ഞല്ലോ എന്ന് നിങ്ങൾക്ക് പറയാം.

അതിനാൽ റസൂൽ തിരുമേനി(സ) ബോധശൂന്യനാകുന്നതല്ല. കാരണം നമ്മുടെ കഴിവിലുള്ള വസ്തുക്കളെയാണ് ബോധം എന്ന് പറയുന്നത്. ബോധം തിരിച്ചു പോയാൽ എല്ലാം തിരിച്ച് പോയി. അതിനാൽ فَصَعِقَ مَنْ فِي السَّمٰوٰتِ എന്നത് കൊണ്ടുള്ള വിവക്ഷ, ഖിയാമത്ത് നാളിൽ ആദ്യകാഹളം ഊതപ്പെടുമ്പോൾ എല്ലാതും തന്നെ സ്വന്തം കഴിവുകളിൽ നിന്ന് പിന്തള്ളപ്പെടും. കാരണം അതിന്റെയെല്ലാം ഉടമസ്ഥൻ അല്ലാഹുവാണ്. അതിനാൽ യഥാർഥ ഉടമസ്ഥൻ പറയും എന്റെ എല്ലാ വസ്തുക്കളും തിരിച്ച് നൽകുക. മുൻപ് നൽകിയവരിൽ നിന്ന് ആവശ്യപ്പെടാൻ സാധിക്കില്ല.

നാം നമ്മുടെ ഉടമസ്ഥതയിലുള്ള എന്തെങ്കിലും വസ്തു ആർക്കെങ്കിലും നൽകുകയാണെങ്കിൽ പിന്നീട് അത് തിരിച്ച് ചോദിക്കുവാനുള്ള അവകാശം ഉണ്ടാകില്ല. എന്നാൽ എന്റെ ഇച്ഛക്കനുസരിച്ച് ഉപയോഗിക്കണം, ഞാൻ തിരിച്ച് ചോദിക്കുകയാണെങ്കിൽ നൽകണം എന്ന നിബന്ധനയിലാണ് അല്ലാഹു എല്ലാ വസ്തുക്കളും നൽകിയിരിക്കുന്നത്. എന്നാൽ നാം കഴിക്കുന്ന ഭക്ഷണം അല്ലാഹു തിരിച്ച് ആവശ്യപ്പെടാറില്ല. അവന്റെ അനുമതിയോടു കൂടിയാണ് ഭക്ഷണം കഴിക്കുന്നതെങ്കിൽ അത് അവന്റെ ഇച്ഛാനുസരണമാകുന്നു. അനുമതിയില്ലാതെ ഭക്ഷിക്കുകയാണെങ്കിൽ അത് അവന്റെ ഇച്ഛയ്ക്കു വിരുദ്ധമാകുന്നു. (ഭക്ഷിച്ച വസ്തുക്കൾ അല്ലാഹു തിരിച്ച് ചോദിക്കില്ല. പ്രത്യുത ഇസ്ലാമിൽ അത് നിഷിദ്ധമാണ്. റസൂൽ തിരുമേനി(സ) പറഞ്ഞു, അഥവാ ആർക്കെങ്കിലും എന്തെങ്കിലും നൽകിയതിന് ശേഷം തിരിച്ച് ആവശ്യപ്പെടുകയാണെങ്കിൽ അത് ഛർദിച്ചത് പോലെയാകുന്നു) അതായത് അല്ലാഹുവിനെ വായകൊണ്ട് ഉടമസ്ഥനെന്ന് പറയുന്നു, എന്നാൽ ഹൃദയംകൊണ്ട് ഉടമസ്ഥനെന്ന് അംഗീകരിക്കുന്നില്ല. നിങ്ങളുടെ എല്ലാംതന്നെ അല്ലാഹുവിന്റെ ഇച്ഛയ്ക്കനുഗുണമാകുമ്പോഴാണ് ഹൃദയം അല്ലാഹുവിനെ ഉടമസ്ഥനായി അംഗീകരിക്കുന്നത്. ഈയർഥത്തിൽ നബി തിരുമേനി(സ)യെ കുറിച്ച് ഞാൻ പാരായണം ചെയ്ത വചനത്തിൽ അല്ലാഹു പറയുന്നു, നീയിപ്പോൾ ആ വസ്തുക്കളുടെ ഉടമസ്ഥനല്ല. നീ എനി

ക്കുവേണ്ടി തന്നെ ഏൽപ്പിച്ചു കഴിഞ്ഞു. അല്ലാഹു ഈ ലോകത്ത് വെച്ച്തന്നെ ഞാനാണ് ഉടമസ്ഥനെന്ന് അംഗീകരിക്കുമ്പോൾ ഖിയാമത്ത് നാളിൽ അല്ലാഹു എങ്ങിനെയാണ് വീണ്ടും ആവശ്യപ്പെടുക?

ആരുടെയും സ്വന്തമായി ഒന്നും ശേഷിക്കാത്ത എല്ലാം തന്നെ അല്ലാഹുവിന് മടക്കി നൽകുന്ന ദിനത്തെയാണ് യൗമിദ്ദീൻ എന്ന് പറയുന്നത്. വിശുദ്ധഖുർആനിൽ യൗമിദ്ദീന്റെ എന്ത് നിർവചനമാണ് വന്നിട്ടുള്ളത്? വിശുദ്ധഖുർആനിൽ യൗമിദ്ദീൻ എന്ന് പരാമർശിച്ചിരിക്കുന്നു. ഓരോ വചനങ്ങളാലും ഞാനീ വിഷയത്തെ എടുക്കുകയും മനസ്സിലാക്കിത്തരികയും ചെയ്തു. وَمَآ اَدْرٰىكَ مَا يَوْمُ الدِّيْنِ അല്ലയോ മനുഷ്യരെ! യൗമിദ്ദീൻ എന്താണെന്ന് നിനക്കെങ്ങിനെ മനസ്സിലാക്കിതരും? നിനക്ക് വീണ്ടും എങ്ങിനെ മനസ്സിലാക്കിതരും? നിനക്ക് മനസ്സിലാകുന്ന ഏതെങ്കിലും രീതി പറഞ്ഞു തരിക. يَوْمَ لَا تَمْلِكُ نَفْسٌ لِّنَفْسٍ شَيْئًا ۗ وَالْاَمْرُ يَوْمَئِذٍ لِّلّٰهِ അന്ന് ആരും തന്നെ മറ്റാർക്കുംവേണ്ടി തന്റെ പക്കൽ ഒന്നും വെക്കുന്നതല്ല. ഒരാത്മാവിനും സ്വന്തം യാതൊരു കഴിവും ഉണ്ടായിരിക്കില്ല. അന്ന് നിങ്ങൾ ആർക്കും ഉപകാരപ്പെടില്ല, ഒന്നും നിങ്ങളുടെ ഉടമസ്ഥതയിലായിരിക്കില്ല, നിങ്ങളുടെ ജീവനും നിങ്ങളുടെ ബുദ്ധിയും ഹൃദയവും കഴിവുകളും നിങ്ങളുടെ വരുതിയിലായിരിക്കില്ല. وَالْاَمْرُ يَوْمَئِذٍ لِّلّٰهِ അന്ന് എല്ലാ കാര്യങ്ങളും അല്ലാഹുവിലേക്ക് മടങ്ങിപ്പോകുന്നതാണ്.

(ഉർദു ക്ലാസ്സ്: നമ്പർ 319, 17.10.1997)

# ഇഹ്ദിനസ്സിറാത്വൽ മുസ്തഖീം...

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ

അല്ലാഹുവേ! ഞങ്ങൾക്ക് നേർമാർഗം കാണിച്ചു തരേണമേ. നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ. എന്ത് അനുഗ്രഹം? അനുഗ്രഹം കരസ്ഥമാക്കിയവരെ കുറിച്ച് വിശുദ്ധ ഖുർആൻ മറ്റൊരിടത്ത് പറയുന്നുണ്ട്. ആരിലെല്ലാമാണ് അനുഗ്രഹം ഉണ്ടായത്? നബി, സിദ്ധീഖ്, ശഹീദ്, സ്വാലിഹ്. اَنْعَمْتَ എന്ന ഒരു പദത്തിൽ എത്ര കാലഘട്ടത്തിലെ വൃത്താന്തങ്ങളാണ് പരാമർശവിധേയമായിട്ടുള്ളത്. നബിമാരുടെ ആഗമനം ആരംഭിച്ച കാലത്തുതന്നെ നബിമാരോടൊപ്പം സിദ്ധീഖും, ശഹീദും, സ്വാലിഹും ജന്മമെടുത്തുകൊണ്ടിരുന്നു.

നിങ്ങൾ നിത്യവും നമസ്കാരത്തിൽ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ എന്ന് പറഞ്ഞ് അതോടൊപ്പം صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ എന്നതിലൂടെ അനുഗ്രഹവും തേടുന്നു. അതായത്, അല്ലാഹുവേ! ഞങ്ങൾക്ക് നബിമാരുടെ മാർഗം കാണിച്ചു താ. അതിലൂടെ സഞ്ചരിച്ചു കൊണ്ടാണ് സിദ്ധീഖ് ജന്മമെടുത്തത്, അതിലൂടെ സഞ്ചരിച്ചു കൊണ്ടാണ് ശഹീദ് ജന്മമെടുത്തത്, അതിലൂടെ സഞ്ചരിച്ചു കൊണ്ടാണ് സ്വാലിഹ് ജന്മമെടുത്തത്.

അല്ലാഹുവിന്റെ ദൃഷ്ടിയിൽ എല്ലാ കർമങ്ങളും പരിശുദ്ധമായവരെയാണ് സ്വാലിഹ് എന്ന് പറയുന്നത്. നല്ലതും മോശമല്ലാത്തതുമായ കർമങ്ങളെയാണ് സ്വാലിഹായ അമൽ എന്ന് പറയുന്നത്. ഈ പദവിതന്നെ അതിമഹത്തായതായി തോന്നുന്ന ഉന്നത പദവിയാകുന്നു. അതിനാൽ നമസ്കാരത്തിൽ തേടുന്നത് എന്താണെന്ന് ആലോചിച്ചുറച്ച് തേടണം.

നീ അനുഗ്രഹിച്ചവരുടെ മാർഗം കാണിച്ചു തരണമെന്ന് നിങ്ങൾ പറയുന്നു. അനുഗ്രഹം കരസ്ഥമായവരുടെ മാർഗം. കോപം ഇറങ്ങിയവരുടെതല്ല.

എന്തിനെയാണ് അനുഗ്രഹം എന്നു പറയുന്നത്? നബി: നബിമാർക്ക് മർദനങ്ങൾ ഏൽക്കേണ്ടി വരുന്നു. എത്ര പ്രയാസങ്ങൾ നേരിടേണ്ടി വരുന്നു. ഈ അനുഗ്രഹമാണ് തേടുന്നത്.

അടുത്ത അനുഗ്രഹം: നിങ്ങൾ തേടുന്ന ഈ നാല് മാർഗങ്ങളിലും ഇത്രയേറെ പ്രയാസങ്ങൾ എന്തുകൊണ്ടാണെന്ന് നിങ്ങൾക്ക് ചിന്തിക്കാൻപോലും കഴിയില്ല. അത് അനുഗ്രഹവുമാണ് താനും. അതിനു കാരണം അല്ലാഹുവിന് വേണ്ടി ഇത്രയേറെ ദുഖങ്ങളും, പ്രയാസങ്ങളും സഹിക്കുന്നവർ അല്ലാഹുവിന്റെ ഏറ്റവും പ്രിയരായിരിക്കും. അതിനാൽ നബിയാകുക എളുപ്പമുള്ള കാര്യമല്ല. ഏറ്റവും പ്രയാസമേറിയ ജോലി പ്രവാചകത്വമാണ്. അതിന് അനുയോജ്യർ ആരാണെന്നും അല്ലെന്നുമുള്ള തീരുമാനം അല്ലാഹുവാണ് എടുക്കുന്നത്. ഈ അനുഗ്രഹം എത്തരത്തിലുള്ളതാണെന്ന് സാധാരണക്കാർക്ക് മനസ്സിലാകില്ല. ഒരു നബി വന്നാൽ അദ്ദേഹത്തെ ഉപദ്രവിക്കുകയും അസഭ്യം പറയുകയും ചെയ്യുന്നു. കുടുംബക്കാരും സമൂഹവും ഉപേക്ഷിക്കുന്നു. ഇതാണ് പ്രവാചകത്വം. ഹദ്റത് മസീഹ് മൗഊദ്(അ) നോടൊപ്പവും ഇതൊക്കെതന്നെയാണ് സംഭവിച്ചത്. അപ്പോൾ ആദ്യത്തെ അനുഗ്രഹം എന്നത് നീ അനുഗ്രഹിച്ചവരുടെ മാർഗം

കാണിച്ചു താ എന്നാണ്. ഇതാണ് തേടുന്നത്. അല്പം ഭയപ്പെടുക. കാരണം വലിയ കാര്യമാണ് ആവശ്യപ്പെടുന്നത്. ധൈര്യമാണെങ്കിൽ ഇല്ലതാനും.

അതുകൊണ്ടാണ് ഇതിനു മുമ്പായി اِيَّاكَ نَعۡبُدُ وَ اِيَّاكَ نَسۡتَعِيۡنُ എന്ന് പറഞ്ഞത്. അതായത് നിന്നെ മാത്രം ആരാധിക്കുന്നു, സഹായവും നിന്നോട് തന്നെയാണ് തേടുന്നത്. അഥവാ നീ സഹായിച്ചില്ലായെങ്കിൽ സൂറ:ഫാതിഹയിലെ ദുആ ഞങ്ങൾക്ക് ലഭിക്കുകയില്ല തന്നെ.

നബിമാരുടെ പദവി കഴിഞ്ഞാൽ പിന്നെ സിദ്ദീഖിയത്ത് ആണ്. സിദ്ദീഖ് എന്താണ്? സത്യത്തിന്റെ അവസാന അതിശയോക്തിയുടെ ക്രിയാരൂപമാണ് സിദ്ദീഖ്. അതിനർഥം അവരുടെ എല്ലാ കാര്യങ്ങളും സത്യവും, സത്യത്തിന്റെ ഉന്നതനിലവാരത്തിലേക്ക് എത്തിയതുമായിരിക്കും എന്നാണ്. അവരുടെ എല്ലാ കർമങ്ങളും സത്യവും, വാക്കും കർമവും തമ്മിൽ യാതൊരു ഭിന്നതയും ഇല്ലാത്തതുമാകുന്നു. മുഴുവൻ സമുദായവും ഇവർ സത്യവാനാണെന്ന് സാക്ഷ്യം പറയുന്നു. അവരാണ് സിദ്ദീഖ്. ഒരോ നബിമാരും ആദ്യത്തിൽ സിദ്ദീഖാകുന്നു. നബി തിരുമേനി(സ)യും സിദ്ദീഖായിരുന്നു. ഹദ്റത് മസീഹ് മൗഊദ്(അ)ഉം സിദ്ദീഖായിരുന്നു. അതുകൊണ്ടാണ് അവർ ഏറ്റവും സത്യസന്ധരാണെന്ന് എല്ലാവരും പറയുന്നത്. അപ്പോൾ സിദ്ദീഖിന്റെ സത്യം പ്രകാശമായിക്കൊണ്ട് പരക്കുന്നു. സിദ്ദീഖ് ഒരു ദീപത്തെപോലെ പ്രകാശിക്കുകയും ചുറ്റുപാടുമുള്ള അന്ധകാരത്തെ വെളിച്ചമാക്കി മാറ്റുകയും ചെയ്യുന്നു. അപ്പോൾ ജനങ്ങൾ പറയും ഇത് സിദ്ദീഖാണ്, ഇത് സിദ്ദീഖാണ്. പിന്നീട് അല്ലാഹു നബിയാക്കുന്നു. ജനങ്ങൾ ഈ വിളക്കിനെ, ഞങ്ങളതിനെ അംഗീകരിക്കുന്നില്ല അതിനെ അണച്ചുകളയുക എന്ന് പറഞ്ഞ് ഊതിക്കെടുത്താൻ തുടങ്ങുന്നു. എന്നാൽ അല്ലാഹു പറയുന്നു, ഈ വിളക്ക് അണയില്ല. ഒരിക്കലും അണയാൻ അനുവദിക്കില്ല. ഇതാണ് സിദ്ദീഖിന്റെ സ്ഥാനം.

അതിനു താഴെയാണ് ശഹീദിന്റെ സ്ഥാനം. എന്താണ് ശഹീദ്? കാരണം ശഹീദാക്കണേ എന്നും തേടുന്നുണ്ടല്ലോ. ശഹീദിന്റെ അർഥം അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെടുക എന്നതാണ്. വധിക്കപ്പെടേണ്ട അവസരം വരുമ്പോൾ എത്രപേർ ഓടിക്കളയും എന്നറിയില്ല. എന്നാൽ അല്ലാഹുവിനോട് തേടുന്നത് അതാണ്.

അതിനാൽ ആവശ്യപ്പെടുകയും അവസരം വരുമ്പോൾ പിന്നോട്ട് മാറുകയും ചെയ്യുന്നവർ സിദ്ദീഖാകുകയില്ലല്ലോ, ശഹീദുമാകുകയില്ല.

തുടർന്ന് വരുന്ന സ്ഥാനം സ്വാലിഹിന്റേതാണ്. എല്ലാവർക്കും സ്വാലിഹ് ആകാവുന്നതാണ്. സ്വാലിഹ് എന്നാൽ ഒരിക്കലും കളവു പറയാത്തവരും, ഒരിക്കലും ചതിച്ചിട്ടില്ലാത്തവരും, ആരുടെയും മുതൽ അന്യായപ്പെടുത്താത്തവരും, കൃത്യമായി നമസ്കരിക്കുന്നവരുമാണ്. അവരുടെ കർമങ്ങൾ നല്ലതും, പരിശുദ്ധവും, സുതാര്യവുമായിരിക്കും. ആ പദവി കരസ്ഥമാക്കുന്നതിനും നല്ല പരിശ്രമം അനിവാര്യമാണ്. അതിനാൽ നമസ്കാരം അത്യന്താപേക്ഷിതമാണ്. അഞ്ചുനേരവും നമസ്കാരത്തിലെ ഓരോ റകഅത്തിലും ഈ ദുആ അനിവാര്യമാണ്. അഥവാ ഇങ്ങിനെ ചെയ്യുന്നില്ലായെങ്കിൽ സ്വാലിഹ്പോലും ആകാൻ കഴിയില്ല. ജനങ്ങൾക്ക് സ്വാലിഹ് ആകുന്നതിനുള്ള സൗഭാഗ്യവും ലഭിക്കുന്നതല്ല.

എല്ലാവർക്കും ഉപജീവനം നൽകുന്നു എന്നതും അല്ലാഹുവിന്റെ ഒരു അനുഗ്രഹമാണ്. റബ്ബുൽ ആലമീനാണ്. അതായത്, മുഴുവൻ ലോകത്തിനും വേണ്ടി ഭക്ഷണപാനീയങ്ങൾക്കുള്ള വ്യവസ്ഥിതി ഒരുക്കുന്നു. മുഴുവൻ ലോകത്തുമുള്ള ജനങ്ങൾക്കും, മൃഗങ്ങൾക്കും, പക്ഷികൾക്കും, കീടങ്ങൾക്കും, പ്രാണികൾക്കും അല്ലാഹു എന്തെങ്കിലും ഭക്ഷണമായി നൽകുന്നത് കൊണ്ടാണ് അവ നിലനിൽക്കുന്നത്. (ഉർദു ക്ലാസ് നമ്പർ: 308, 08.10.1997)

# ഗൈരിൽ മഗ്ളൂബി അലൈഹിം

**മഗ്ളൂബ്** എന്നതിന്റെ അർഥം എന്താണ്? കോപം ഇറങ്ങിയവരെ **മഗ്ളൂബ്** എന്ന് പറയുന്നു. എന്നാൽ ആരുടെ കോപം? അതിനെ കുറിച്ച് പരാമർശിക്കുന്നില്ല. صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ നീ അനുഗ്രഹിച്ചവരുടെ മാർഗം. എന്നാൽ غَيْرِالْمَغْضُوْبِ എന്നതിൽ ആരാണ് കോപിച്ചത് എന്നുള്ള പരാമർശമില്ല. അക്കാരണത്താൽ നിങ്ങളുടെ പരിഭാഷയിൽ എപ്പോഴും തെറ്റുണ്ടാകുന്നു. നമ്മുടെ പക്കലുള്ള വിശുദ്ധ ഖുർആന്റെ പരിഭാഷയിൽപോലും ഈ തെറ്റ് സംഭവിച്ചിട്ടുണ്ട്. ആരുടെ കോപമാണ് ഇറങ്ങിയത് എന്നതിനെ സംബന്ധിച്ച് അല്ലാഹു പരാമർശിക്കുന്നതേയില്ല. മറിച്ച് പറയുന്നത്, കോപത്തിന് പാത്രമായ,

കോപത്തിന് പാത്രമാക്കപ്പെട്ട സമുദായത്തിന്റെ മാർഗം കാണിച്ചു തരല്ലേ എന്നാണ്. എന്ത്കൊണ്ട് വിശുദ്ധ ഖുർആനിൽ صِرَاطَ الَّذِيْنَ غَضِبَتْ عَلَيْهِمْ നിന്റെ കോപത്തിന് പാത്രമായവരുടെ മാർഗം കാണിച്ചു തരല്ലേ എന്ന് പറഞ്ഞില്ല എന്നതാണ് ചോദ്യം? എന്നാൽ അതിനു മുമ്പ് اَنْعَمْتَ നീ അനുഗ്രഹിച്ചത് എന്ന പദം വന്നിട്ടുണ്ട്.

തുടർന്ന് വരുന്നു **അള്ളാല്ലീൻ**. അതായത് സ്വയം വഴിപിഴച്ചവർ. ഇതിൽ കർത്താവ് ഉണ്ട്. എന്നാൽ مَغْضُوْبِ എന്നതിൽ കർത്താവ് ഇല്ല.

**അൽമഗ്ളൂബി അലൈഹിം** എന്നതിന്റെ അർഥം കോപം ഇറക്കപ്പെട്ടവർ, കോപത്തിന് പാത്രമായവർ ശിക്ഷലഭിച്ചവർ തുടങ്ങിയവരുടെ മാർഗമാണ്. എന്നാണ് ആരാണ് ശിക്ഷിച്ചത്, ആരാണ് കോപം ഇറക്കിയത് എന്ന് പറയുന്നില്ല.

വിശുദ്ധ ഖുർആനിൽനിന്ന് വ്യക്തമാകുന്നത്, ലോകം ആവർത്തിച്ചാവർത്തിച്ച് അവരിൽ തന്റെ കോപം ഇറക്കും എന്നാണ്. വീണ്ടും വീണ്ടും അവർ മനുഷ്യകരങ്ങളാൽ ശിക്ഷിക്കപ്പെടും. വിശുദ്ധ ഖുർആൻ ഇത് സ്പഷ്ടമായി വിവരിക്കുന്നുണ്ട്. അപ്പോൾ മനുഷ്യകരങ്ങളാൽ അവർ ശിക്ഷിക്കപ്പെടേണ്ടത് വിധിച്ചു കഴിഞ്ഞതിനാൽ അല്ലാഹുവിന് **ഗളിബ്ത്ത** എന്ന് പറയാൻ കഴിയില്ല. കാരണം രണ്ടു ശിക്ഷകളെ സംബന്ധിച്ചും വിശുദ്ധ ഖുർആനിൽ പരാമർശമുണ്ട്.

1. അല്ലാഹുവിൽനിന്ന് ശിക്ഷ ലഭിക്കുന്നതാണ്.
2. മനുഷ്യകരങ്ങളാലും ശിക്ഷ ലഭിക്കുന്നതാണ്.

ജർമനിയിൽ സംഭവിച്ചത് പോലെ. എന്താണ് സംഭവിച്ചത്? നാസി സമുദായം യഹൂദികൾക്കുമേൽ ശിക്ഷയായിക്കൊണ്ട് ഇറങ്ങി. ജർമൻ നാസികൾ യഹൂദികളെ കഠിനമായി പീഢിപ്പിച്ചിരുന്നു എന്ന് ഈയിടെയായി ഇംഗ്ലണ്ടിലെ ടെലിവിഷനിൽ ധാരാളം ചർച്ച നടക്കുന്നുണ്ട്. എന്നാൽ ഇംഗ്ലണ്ടിലെ ടെലിവിഷൻ മറ്റൊരു വശം നിങ്ങൾക്ക് പറഞ്ഞു തരുന്നില്ല. ഈ ഇംഗ്ലണ്ടിൽ തന്നെയാണ് നാസികളുടെ പീഢനങ്ങൾക്ക് മുമ്പ് ബ്രിട്ടീഷുകാർ അവരെ (യഹൂദികളെ) പീഢിപ്പിച്ചിരുന്നത്. യഹൂദികളെ അങ്ങേയറ്റം നിന്ദ്യരാക്കിയിരുന്നു. ഓരോ ഇടനാഴികളിലും അവർ ദ്രോഹിക്കപ്പെട്ടിരുന്നു. അവരെ മർദിക്കുമായിരുന്നു. അവരുടെ സമ്പത്തുകൾ കൊള്ളയടിക്കുമാ

യിരുന്നു. അതിനെ നന്മയായി ധരിക്കുകയും ചെയ്തിരുന്നു. അതിനു മുൻപ് സ്പെയ്നിൽ വെച്ചും അവർ ദ്രോഹിക്കപ്പെട്ടു. ക്രിസ്തീയരും ലോകത്തിന്റെ കൈകളാൽ മർദിതരായിട്ടുണ്ട്. എന്നിട്ടിപ്പോൾ ജർമനിക്ക് ദുഷ്പേരുണ്ടാക്കുന്നതിനായി അവിടെ തമ്പടിച്ചിരിക്കുകയാണ്. എന്നാൽ യഹൂദികളുടെ വിധി തന്നെ ഇതാണ് എന്ന് പറയുന്നില്ല. അവർ ഹദ്റത് ഈസാ(അ)നെ എതിർത്തതു മുതൽ ഇന്നു വരെ അവരിൽ പല ഘട്ടങ്ങൾ കടന്നുവന്നു. എല്ലാ ഘട്ടങ്ങളിലും യഹൂദികൾ പീഢിപ്പിക്കപ്പെട്ടു. മനുഷ്യകരങ്ങളാൽ പീഢിപ്പിക്കപ്പെട്ടതിനെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ പരാമർശമുണ്ട്. വിശുദ്ധ ഖുർആൻ പറയുന്നു, മനുഷ്യകരങ്ങളാൽ നിങ്ങൾ പിഢിപ്പിക്കപ്പെടുന്നതാണ്. അതായത് കോപം ഇറങ്ങുന്നതാണ്. വിശുദ്ധ ഖുർആന്റെ പ്രവചനം നൂറുശതമാനവും പ്രൗഢഗംഭീരതയോടു കൂടി സത്യമായി പുലർന്നു എന്നതിന് മുഴുവൻ ചരിത്രവും സാക്ഷിയാണ്. ഇത് മനുഷ്യകരങ്ങളാൽ എഴുതപ്പെട്ട ഗ്രന്ഥമായിരുന്നു എങ്കിൽ ഇതിൽ വൈരുദ്ധ്യം ഉണ്ടായേനെ. അല്ലാഹു സൂറഃഫാത്തിഹഃയിൽ اَنْعَمْتَ عَلَيْهِمْ എന്നതിന് ശേഷം غَيْرِ الْمَغْضُوْبِ എന്ന് പറഞ്ഞു കൊണ്ട് വളരെ ഉത്തമമായ നിലയിൽ വിഷയം അവതരിപ്പിക്കുകയായിരുന്നു. എന്നാൽ പരിഭാഷകർ അതിനെ വികലമാക്കി.

ചുരുക്കത്തിൽ ഇവിടെ പറഞ്ഞിരിക്കുന്ന ദുആ കോപത്തിന് പാത്രമായവരുടെ മാർഗം കാണിച്ചുതരല്ലേ എന്നാണ്. ഇവിടെ അതിന്റെ ആവശ്യമെന്താണ്? صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ എന്ന് നാം പറഞ്ഞ് കഴിഞ്ഞു. صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ എന്നതിന്റെ അർഥം നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ ഞങ്ങളെ വഴി നടത്തണേ എന്നാകുന്നു. അതിൽ ഒരു മാറ്റിനിർത്തൽ എന്തിനാണ്? ആരാണ് അനുഗ്രഹീതർ എന്ന് അല്ലാഹുവിന് അറിവുള്ളതല്ലേ! അപ്പോൾ കോപത്തിന് പാത്രമായവരുടെ മാർഗത്തിൽ നടത്തരുതേ എന്ന് പറഞ്ഞു കൊണ്ട് നിങ്ങൾ എന്താണ് അർഥമാക്കുന്നത്?

കാരണം, യഹൂദികൾ സ്വയവും **അൻഅംത**യിൽ ഉൾപ്പെടുന്നു. കാരണം ഇസ്ലാമിന് മുമ്പ് യഹൂദികളിൽ അനുഗ്രഹം വർഷിച്ചിരുന്നു. അതിനെ കുറിച്ചുള്ള പരാമർശം വിശുദ്ധ ഖുർആനിൽ നിറഞ്ഞു കിടക്കുന്നുണ്ട്. അപ്പോൾ നാം അനുഗ്രഹീതരുടെ മാർഗം ആവശ്യപ്പെടുമ്പോൾ അതിൽ യഹൂദികളും ഉൾപ്പെടും എന്ന

തിനാൽ വസ്തുത അവ്യക്തമാകും. അവരിലെല്ലാവരിലും അനുഗ്ര ഹലബ്ധിക്കുള്ള മാർഗം സമാനമാണ്. അനുഗ്രഹീതരുടെ മാർഗ മാണ് എല്ലാ പ്രവാചകരുടെയും സമുദായങ്ങളുടെ മാർഗം. അ പ്പോൾ അനുഗ്രഹീത മാർഗത്തിൽ നയിക്കേണമേ എന്ന് പറയുന്നു. എന്നാൽ അനുഗ്രഹം ലഭിച്ച ശേഷം വഴികേടിലായവരുടെ മാർഗ ത്തിൽ നടത്തരുത്.

*കുട്ടികൾക്ക് മനസ്സിലാകുന്നതിനായി ഹുസൂർ ഒരുദാഹരണം പറ യുന്നു.*

നിങ്ങൾ ആർക്കെങ്കിലും അനുഗ്രഹം നൽകുക, നല്ല ഭക്ഷണം കഴിക്കാനായി നൽകുക. അപ്പോൾ എന്താണ് ചെയ്തത്? അനു ഗ്രഹം നൽകി. അവർ നല്ല ഭക്ഷണം നല്ല നിലയിൽ കഴിച്ചു കൊണ്ടി രുന്നു. എന്നാൽ ഭക്ഷണത്തിൽ മാലിന്യം ഇടുന്ന ചില കുട്ടികളു ണ്ടാകും. ഭക്ഷണത്തിൽ മാലിന്യം ഇടുന്ന കുട്ടികളെ ചെവിക്കു പിടിച്ച് പുറത്താക്കുന്നു. അപ്പോൾ ആരംഭത്തിൽ രണ്ടു കൂട്ടർക്കും അനുഗ്രഹം ലഭിച്ചു.

ഇത് നമ്മുടെ ജലീസാണ്, *(ഹുസൂർ തിരുമനസിന്റെ മകളായ സാഹിബ് സാദി മോനാ (സല്ലമഹുല്ലാഹ്)യുടെയും ബഹുമാന്യ കരീം അഹ്മദ് ഖാൻ സാഹിബിന്റെയും മകനായ ജലീസാണ് ഉദ്ദേ ശ്യം. സമ്പാ.)* അവന് പാത്രത്തിൽ നല്ല ഭക്ഷണവും കൂടെ വെള്ള വും നൽകിയാൽ അല്പ നേരത്തിനുള്ളിൽ വെള്ളത്തിൽ ഭക്ഷണം ഇട്ടിരിക്കുന്നതായി കാണാം. അപ്പോൾ ഞങ്ങൾ അവനെ ചെവിക്കു പിടിച്ച് പുറത്താക്കുന്നു. അതേപോലെ അല്ലാഹു അനുഗ്രഹിച്ചവർ പിന്നീട് തങ്ങളുടെ അനുഗ്രഹത്തിൽ മാലിന്യം കലർത്തിയപ്പോൾ അവരെ വേർതിരിച്ചു. അവരുടെ മാർഗം തേടരുതെന്നാണ് അല്ലാ ഹു പറയുന്നത്. ആരംഭത്തിൽ സമാനമായ നിലയിൽ എല്ലാവർക്കും അനുഗ്രഹം നൽകി. എന്നാൽ അതിക്രമം കാണിക്കുകയും, അനു ഗ്രഹത്തെ പ്രയോജനപ്പെടുത്താതിരിക്കുകയും തങ്ങൾക്ക് ലഭിച്ച അനുഗ്രഹത്തെ മലിനപ്പെടുത്തുകയും ചെയ്തപ്പോൾ അവരെ ചെവിക്ക് പിടിച്ച് ഒരു ഭാഗത്തേക്കാക്കി. ചുരുക്കത്തിൽ مَغْضُوبِ عَلَيْهِمْ എന്ന് പറയുന്നത് മുമ്പ് 'നാം അവർക്ക് മുഴുലോകത്തും ശ്രേഷ്ഠത നൽകി' എന്ന് വിശുദ്ധ ഖുർആനിൽ അല്ലാഹു പറഞ്ഞ കൂട്ടരാണ്. അതായത് മുഴുലോകത്തിലും അവർക്ക് ശ്രേഷ്ഠത നൽകി. വിശുദ്ധ

ഖുർആൻ പറഞ്ഞ ആ ശ്രേഷ്ഠത ഇപ്പോഴും അവരിലുണ്ട്. അവർക്ക് നല്ല ബുദ്ധിശക്തി നൽകി, ഉന്നതരായ ശാസ്ത്രജ്ഞർ, ഉന്നതരായ ചിന്തകർ. മഹത്തായ ഭൗതീകജ്ഞാനവും സമ്പത്തും കരസ്ഥമാക്കു ന്നതിനായുള്ള ബുദ്ധി അവർക്കുണ്ട്. അമേരിക്ക എത്ര വലിയ രാഷ്ട്രമാണ്. അവർ അവിടെ ചെന്ന് അതിനെ കയ്യടക്കി. ഫലത്തിൽ അമേരിക്കയാണ് ഭരണം നടത്തുന്നത് എങ്കിലും യഥാർഥത്തിൽ ഇസ്റായീലാണ് അമേരിക്കയിൽ ഭരണം നടത്തുന്നത്. അവിടെ യുള്ള ശാസ്ത്രജ്ഞർക്ക് ഇസ്റാഈൽ ഇഷ്ടപ്പെടാത്ത തീരുമാനം എടുക്കാനുള്ള ധൈര്യമില്ല. അപ്പോൾ നാം നിങ്ങൾക്ക് മുഴു ലോകത്തും ശ്രേഷ്ഠത നൽകി എന്ന് വിശുദ്ധ ഖുർആൻ വിശേ ഷിപ്പിച്ചവരുടെ അവസ്ഥയാണിത്. ഭൗതീകമായ നിലയിൽ ആ ബഹുമതി ഇന്നുവരെ മുഴുലോകത്തിനുമേലും അവർക്കുണ്ട്. എന്നാൽ അതേ ബഹുമതിയാണ് പിന്നീട് **മഗ്ളൂബ്** ആകുന്ന തിനുള്ള ഹേതുവായിത്തീരുന്നത്. എത്രത്തോളം അവർക്ക് പുരോ ഗതിയുണ്ടാകുന്നുവോ അത്രത്തോളം അവരുടെ അത്യാഗ്രഹവും വർധിക്കുന്നു. അത്രത്തോളം അധികമായി ലോകരുടെമേൽ അധി കാരം ഉറപ്പിക്കുന്നു. എണ്ണത്തിൽ കുറവാണ്. ശക്തി എണ്ണത്തേ ക്കാൾ എത്രയോ അധികമാണ്. അമേരിക്കയുടെ ജനസംഖ്യയ്ക്ക് മുന്നിൽ അവർ നിസാരരാണ്. എന്നാൽ അവർ ശക്തമായി അധി കാരം ഉറപ്പിക്കുമ്പോൾ പതുക്കെ പതുക്കെ ഹൃദയങ്ങളിൽ വെറുപ്പ് ഉടലെടുക്കാൻ തുടങ്ങുന്നു. ഒരു പ്രതിപ്രവർത്തനം ഉണ്ടാകാൻ തുടങ്ങുന്നു.

ഖുർആൻ ഒരു തുറന്ന ഗ്രന്ഥമാകുന്നു. യഹൂദികളും ഇത് വായിക്കു ന്നുണ്ട്. എന്നാൽ സ്വന്തം സമുദ്ധാരണത്തെ കുറിച്ച് ചിന്തിക്കുന്നില്ല. വീണ്ടും പാലസ്തീനികൾക്കുമേൽ ഉണ്ടായിക്കൊണ്ടിരിക്കുന്നതു പോലുള്ള കാഠിന്യം പ്രവർത്തിക്കുന്നു. അവർ ഒരാളെ കൊല്ലു മ്പോൾ ഇവർ നൂറുപേരെ കൊല്ലുന്നു. അതായത് അപരാധത്തെ കഠിനമായി അടിച്ചമർത്താൻ ശ്രമിക്കുന്നു. എന്നാൽ പ്രകൃതി നിയമം സ്വതന്ത്രമാണ്. അത് തന്റെ നിലയിൽ പ്രവർത്തിക്കുന്നു. ഇത് വിശുദ്ധ ഖുർആന്റെ വലിയൊരു മഹത്വമാണ്. നിങ്ങൾ നിത്യവും സൂറഃ ഫാതിഹഃ പാരായണം ചെയ്യുന്നുണ്ട്. എന്നാൽ ശ്രദ്ധിക്കുന്നില്ല.

اَنۡعَمۡتَ عَلَيۡهِمۡ എന്ന വിഭാഗത്തിൽ ആദ്യം യഹൂദികളും ഉൾപ്പെട്ടിരുന്നു. അല്ലാഹു പറയുന്നു, നാം നിങ്ങൾക്ക് മുഴുവൻ ലോകത്തും ശ്രേഷ്ഠത നൽകി. എന്നാൽ അവർ തങ്ങളുടെ അനുഗ്രഹത്തെ മലിനപ്പെടുത്തിയപ്പോൾ, അതിൽ മാലിന്യം കലർത്തിയപ്പോൾ അല്ലാഹു പറഞ്ഞു, ഇനി നിങ്ങളെ ഞാൻ ശിക്ഷിക്കുന്നതാണ്. അല്ലാഹുവിന്റെ പക്കൽ നിന്നുള്ള ശിക്ഷയും ലഭിക്കും. അത് ഈ ലോകത്തുതന്നെ ലഭിക്കണമെന്നില്ല. പരലോകത്തും ലഭിക്കുന്നതാണ്. എന്നാൽ ഏത് ഭൗതീകരുടെ കയ്യാലാണ് ലഭിക്കുക? നിങ്ങൾ കൈവശപ്പെടുത്താൻ ശ്രമിക്കുന്നവരിൽ നിന്ന്. ഞങ്ങൾ ഇപ്പോൾ ഇന്നയിടത്തെത്തി ഇനി കയ്യടക്കാം എന്ന് വീണ്ടും വീണ്ടും നിങ്ങൾ ചിന്തിക്കും. പിന്നീട് ആ അധിനിവേശം അവരിൽ നിന്ന് കൈവിട്ടു പോകുന്ന തരത്തിലുള്ള പ്രതിപ്രവർത്തനങ്ങളും വീണ്ടും വീണ്ടും ഉണ്ടാകും. യഹൂദികളുടെ മുഴുവൻ ചരിത്രത്തിന്റെയും രത്നച്ചുരുക്കം ഇതാണ്. മുഴുവൻ യൂറോപ്പും നിങ്ങൾ അരിച്ചു പെറുക്കി നോക്കുക. എല്ലാ രാജ്യത്തും എവിടെയെങ്കിലും യഹൂദികൾക്കു മേൽ അതിക്രമം ഉണ്ടായിട്ടുണ്ടെങ്കിൽ അതിന് കാരണം അവർ തങ്ങളുടെ അധിനിവേശം വർധിപ്പിക്കാൻ ശ്രമിച്ചു എന്നതാണ്.

ആരംഭത്തിൽ എല്ലാവർക്കും നല്ലതായി തോന്നി. യോഗ്യരായ ആളുകളാണ്, വിവിധ ശാസ്ത്രങ്ങൾ കൊണ്ടുവന്നു, വിവിധ ജ്ഞാനങ്ങളിൽ അഭിവൃദ്ധി ഉണ്ടായി, അവർ എത്തിയ രാഷ്ട്രങ്ങളിൽ പ്രയോജനമെത്തിച്ചു. ജർമനി അവരുടെ പിന്നിൽ കൂടുന്നതിനു മുമ്പ് അവരുടെ ശാസ്ത്രജ്ഞരും, അവരുടെ ബുദ്ധിജീവികളും ജർമനിക്ക് ധാരാളം പ്രയോജനം എത്തിച്ചു. എന്നാൽ അധിനിവേശം തുടങ്ങിയപ്പോൾ അവരെ പുറത്താക്കാൻ തുടങ്ങി. ഇതാണ് മഗ്ളൂബിന്റെ അർഥം. തന്റെ കോപത്തിന് പാത്രമായവർ എന്ന് അല്ലാഹു പറയാൻ കാരണം ഇതാണ്. മറിച്ച് കോപം ഇറക്കപ്പെട്ടുകൊണ്ടിരുന്നവർ എന്നാണ് പറഞ്ഞത്. കാരണം വിശുദ്ധ ഖുർആൻ പറഞ്ഞത്, ലോകരുടെ കൈകളാൽ ശിക്ഷിക്കപ്പെടും എന്നാണ്. അതുകൊണ്ട് '**ഗളിബ്ത**' എന്ന് പറയാൻ പറ്റില്ല. ഗളിബ്ത എന്നതിന്റെ അർഥം നിന്റെ ശിക്ഷയ്ക്ക് പാത്രമായവർ എന്നാണ്.

(ഉർദു ക്ലാസ്: 312)

# സൂറഃ ഫാതിഹക്ക് ശേഷം ഖുർആൻ പാരായണം

ആദ്യത്തെ രണ്ടു റക്അത്തുകളിൽ സൂറഃ ഫാതിഹക്ക് ശേഷം സൂറത്തുകൾ ഓതുന്നു. യഥാർഥത്തിൽ വിശുദ്ധ ഖുർആന്റെ കല്പന فَاقْرَءُوْا مَا تَيَسَّرَ مِنَ الْقُرْاٰنِ എന്നതാണ്. അതായത്, ഖുർആനിൽ നിന്ന് ഒരാൾക്ക് സാധ്യമാകുന്നത്ര പാരായണം ചെയ്യുക. അതിനാൽ വ്യത്യസ്ഥ സൂറത്തുകൾ ഓതേണ്ടതാണ്. قُلْ هُوَ اللّٰهُ اَحَدٌ മാത്രം ആവർത്തിക്കരുത്. സാധ്യമാകുന്നത്ര സൂറത്തുകൾ ചെറുതാണെങ്കിൽ പോലും മനഃപ്പാഠമാക്കാനും ഓരോ നമസ്കാരത്തിലും മാറി മാറി ഓതാനും ശ്രമിക്കേണ്ടതാണ്. ദൈർഘ്യമേറിയ സൂറത്തുകൾ വേണമെന്നില്ല. നീണ്ട സൂറത്തുകൾ മനഃപ്പാഠമാകുന്നില്ലെങ്കിൽ ഏതെങ്കിലും സൂറത്തിൽ നിന്നുള്ള കുറച്ച് ആയത്തുകൾ മനഃപ്പാഠമാക്കുക. ഉദാഹരണമായി ആയത്തുൽ കുർസി. അത് ഒരായത്താണ്. മാത്രമല്ല ഏതെങ്കിലും നമസ്കാരത്തിൽ സൂറ: ഫാതിഹക്ക് ശേഷം ഓതാൻ മതിയായതുമാണ്. അതുപോലെ നിങ്ങൾ അർഥം പഠിച്ചിട്ടുള്ള, നിങ്ങളെ ആകർഷിച്ചിട്ടുള്ള, നിങ്ങളിൽ സ്വാധീനം ചെലുത്തിയിട്ടുള്ള മറ്റ് ആയത്തുകളും മനഃപ്പാഠമാക്കുക. അങ്ങിനെ സ്വന്തം നമസ്കാരത്തെ വ്യത്യസ്ഥ ഖുർആനിക ആയത്തുകളാൽ അലങ്കരിക്കുക. അപ്പോൾ നമസ്കാരത്തിന്റെ ആനന്ദം ലഭിക്കും. അല്ലെങ്കിൽ അതൊരു ആചാരം എന്ന നിലയിൽ മാത്രമായിത്തീരും. ഫാത്തിഹയും ഖുൽ ഹുവല്ലാഹു അഹദും കുട്ടികൾ വേഗത്തിൽ ഓതിത്തീർക്കും. ചിന്തിച്ച് അതിന്റെ അർഥം മനസ്സിലാക്കാനുള്ള കഴിവ് ബുദ്ധിയിലുണ്ടാവില്ല. അങ്ങിനെ ധൃതിയിൽ നമസ്കരിക്കരുത്.

വിശുദ്ധ ഖുർആനിലെ കല്പന നമസ്കാരത്തിൽ സൂറത്തുകൾ മാറി മാറി ഓതാൻ ശ്രമിക്കണമെന്നതാണ്. അതിനാൽ ഞാൻ ഓരാഴ്ചയിലെ നമസ്കാരങ്ങൾക്കായി ഒരു ക്രമം നിശ്ചയിച്ചിട്ടുണ്ട്. സുബ്ഹി നമസ്കാരത്തിൽ ഇന്ന സൂറത്തുകൾ മാറി മാറി പാരായണം ചെയ്യുന്നു, ളുഹർ അസ്ർ നമസ്കാരങ്ങളിൽ സ്വന്തമായി ഓതുന്നു. മഗ്രിബ് ഇശാ നമസ്കാരങ്ങളിൽ ഓരോ ദിവസവും ഏതെങ്കിലും സൂറത്തുകൾ മാറിമാറി ഓതുന്നത് നിങ്ങൾ കേൾക്കുന്നുണ്ട്. അതുകൊണ്ടുള്ള ഒരു പ്രയോജനം, നിങ്ങൾ മറ്റൊരു സൂറത്ത് ഓതുന്ന

ദിവസം ആ സൂറത്തിലെ വിഷയങ്ങളിൽ വീണ്ടും ഒരു ആനന്ദം ലഭിക്കുകയും മനസ്സിലാകുകയും ചെയ്യുന്നു എന്നതാണ്. അതുകൊണ്ടാണ് ഞാൻ മുഴുവൻ ജമാഅത്തിനെയും ഉപദേശിച്ചു കൊണ്ട് കുറഞ്ഞപക്ഷം താനോതുന്ന സൂറത്തുകളുടെ അർഥം പഠിക്കുവാനായി പറഞ്ഞത്. അവയുടെ അർഥം പഠിക്കുകയാണെങ്കിൽ അവർക്കും അത് മനഃപ്പാഠമാക്കുന്നതിനുള്ള താത്പര്യം ഉണ്ടാകും. കൂടുതൽ ദൈർഘ്യമുള്ളത് പഠിച്ചില്ലെങ്കിലും കുഴപ്പമില്ല. എന്നാൽ കുറച്ച് ആയത്തുകൾ തീർച്ചയായും മനഃപ്പാഠമാക്കുക. അങ്ങിനെയെങ്കിൽ അഞ്ചുനേര നമസ്കാരങ്ങളിലും നിങ്ങൾക്ക് വ്യത്യസ്ത സൂറത്തുകൾ പാരായണം ചെയ്യാൻ കഴിയും. അടുത്ത ദിവസത്തെ അഞ്ച് നമസ്കാരങ്ങളിൽ വേറെ സൂറത്തുകൾ ഓതാൻ സാധിക്കുന്നതാണ്. അതിനടുത്ത ദിവസത്തെ അഞ്ചു നമസ്കാരങ്ങളിൽ വേറെ സൂറത്തുകൾ. ആഴ്ച്ചക്കു ശേഷം ആഴ്ച എന്നതുപോലെ നിങ്ങളുടെ സൂറത്തുകളുടെയും ഒരു ഭ്രമണം രൂപം കൊള്ളുന്നു. ഇത് വളരെ അനിവാര്യമായ ഭാഗമാണ്. നമസ്കാര പാഠങ്ങളിൽ വായിക്കുമ്പോൾ അതിൽ قُلْ هُوَ اللّٰهُ اَحَدٌ എന്നായിരിക്കും എഴുതിയിട്ടുണ്ടാകുക. അത് മാത്രം ശരിയല്ല. അതിനാൽ നമസ്കരിക്കുമ്പോൾ നിങ്ങൾക്ക് ഓർമയുള്ള സൂറത്ത് അല്ലെങ്കിൽ സൂറത്തിന്റെ ഏതാനും ഭാഗം ഓതുക. ഞാൻ ഏത് ആയത്തുകളാണ് സൂറഃ ഫാത്തിഹക്ക് ശേഷം ഓതേണ്ടത് എന്ന വിഷയം തയ്യാറാക്കുക. പിന്നീട് നിങ്ങൾക്ക് ആനന്ദം ലഭിക്കുകയും ഹൃദയത്തിൽ സ്വാധീനം ചെലുത്തുന്നതുമായ ആയത്തുകൾ മനഃപ്പാഠമാക്കുക. ഒരു തവണ قُلْ هُوَ اللّٰهُ اَحَدٌ ഓതുന്നു. മറ്റൊരിക്കൽ വേറെ ഓതുന്നു. പിന്നീട് മറ്റ് ചില ആയത്തുകൾ ഓതുന്നു. അങ്ങിനെ ഒരു വർഷത്തിനുള്ളിൽ നമ്മുടെ ഉർദു ക്ലാസിലെ എല്ലാ കുട്ടികളും, നിങ്ങൾ കാരണത്താൽ പുറത്ത് ദീൻ പഠിക്കുന്നവരും തങ്ങളുടെ നമസ്കാരങ്ങളിൽ വ്യത്യസ്ഥ സൂറത്തുകൾ പാരായണം ചെയ്യുന്ന ശീലക്കാരായി മാറുന്നതാണ്. എന്നാൽ അർഥം തീർച്ചയായും അറിഞ്ഞിരിക്കണം എന്ന ഒരു നിബന്ധനയിൽ. അതിനെ നല്ലവണ്ണം മനഃപ്പാഠമാക്കുക.

# സുബ്ഹിക്കു ശേഷമുള്ള ഖുർആൻ പാരായണം

നിങ്ങൾ സുബ്ഹി നമസ്കാരത്തിന് ശേഷം ഖുർആൻ പാരായണം ചെയ്യണം. നമസ്കാരശേഷം നിങ്ങൾ വിശുദ്ധ ഖുർആൻ നിർബന്ധമായും ഓതുകയാണെങ്കിൽ തൽഫലമായി നിങ്ങൾക്ക് ഖുർആനുമായി ഒരു ബന്ധം സ്ഥാപിക്കാൻ കഴിയുന്നു. പിന്നീട് മുഴുവൻ ദിവസവും നിങ്ങൾക്ക് നല്ലതായി കടന്നുപോകുകയും ചെയ്യും. നമസ്കാരത്തിന് ശേഷം വിശുദ്ധ ഖുർആൻ ഓതുമെന്ന തീരുമാനം എടുക്കുക. ഖുർആൻ ഓതിയതിന് ശേഷം അതിന്റെ അർഥവും നോക്കുക. അതിനുള്ള മാർഗമിതാണ്, അർഥമുള്ള ഖുർആൻ എടുക്കുക. ആദ്യം അറബിയിൽ ഓതുക. പിന്നീട് അതിന്റെ അർഥം നോക്കുക. എന്നും ഓതണമെന്ന് നിങ്ങൾക്ക് ആഗ്രഹം ഉണ്ടാകുന്നു. ചില ആയത്തുകൾ ചില സമയത്ത് ഹൃദയത്തെ സ്വാധീനിക്കുന്നു. ചില ആയത്തുകൾ ശരീരത്തിൽ വിറയലുണ്ടാക്കുമെന്നും, ഹൃദയമിടിപ്പിനെ വർധിപ്പിക്കുമെന്നും വിശുദ്ധ ഖുർആനിൽ പ്രസ്താവിച്ചിട്ടുണ്ട്. അത്തരത്തിലുള്ള ആയത്തുകൾ നിങ്ങൾക്ക് ഓതിക്കൊണ്ടിരിക്കുമ്പോൾ ലഭിക്കുന്നതാണ്. അങ്ങിനെയുള്ള സ്ഥലത്തെത്തുമ്പോൾ  ഹൃദയത്തിൽ പ്രകമ്പനം ഉണ്ടാകുന്നുവെന്ന് നിങ്ങൾക്ക് അനുഭവപ്പെടുകയും ചെയ്യും. പിന്നീട് അവയെ മനഃപ്പാഠമാക്കി നിങ്ങളുടെ സൂറത്തുകളുടെ എണ്ണം വർധിപ്പിക്കുക. പിന്നീട് തങ്ങളുടെ നമസ്കാരങ്ങളിലെ ആദ്യ രണ്ട് റക്അത്തുകളിൽ സൂറഃ ഫാത്തിഹക്ക് ശേഷം നിങ്ങൾ  ഈ ആയത്തുകൾ ഓതുകയാണെങ്കിൽ അത് വളരെ നല്ല ഒരു കർമമായിത്തീരുന്നതാണ്. തൽഫലമായി ഭാവിതലമുറയ്ക്ക് നല്ല ശിക്ഷണം നൽകാൻ സാധിക്കും. നല്ല ഗുണം ലഭിക്കുകയും ചെയ്യും.

*പർവതപ്രദേശത്ത് നടത്തിയ ഒരു യാത്രയിൽ പർവതത്തിൽ കയറുന്നതിനെ പരാമർശിച്ചതിനു ശേഷം പറഞ്ഞു,* നമസ്കാരത്തിലും ഇതേപോലെ പല സ്ഥലങ്ങളിലും കുന്നുകൾ ഉണ്ടാകുന്നതാണ്. അതിൽ കയറുന്നതിന് നന്നായി പരിശ്രമിക്കേണ്ടിവരും. ഞാൻ നിങ്ങളോട് പറഞ്ഞ കാര്യങ്ങൾ കുന്നുകളാണ്. ഓരോ കുന്നിലും നിങ്ങൾ കയറിക്കഴിയുമ്പോൾ അടുത്ത കുന്ന് കാണുന്നതാണ്.

അതിൽ നിങ്ങൾ കയറിക്കഴിഞ്ഞാൽ പിന്നീട് അടുത്ത കുന്ന് കാണും. അങ്ങിനെ നിങ്ങളുടെ നമസ്കാരങ്ങൾ വളരെ ഉന്നതിയിലെത്തി ച്ചേരും. എത്രത്തോളമെന്നാൽ മുകളിൽ നിന്ന് നിങ്ങൾ നോക്കുമ്പോൾ ജനങ്ങളുടെ നമസ്കാരങ്ങൾ അവിടെ തന്നെ ഇരിക്കുന്നതായിട്ട് കാണുന്നതാണ്. അതായത് ഖുൽ ഹുവല്ലാഹുവിൽ തന്നെ. നിങ്ങൾ എത്രയോ ഉയരത്തിൽ എത്തിക്കഴിഞ്ഞിട്ടുണ്ടാകും.

അതിനാൽ മുഴുവൻ ലോകവും നിങ്ങളെ കണ്ടുകൊണ്ട് പ്രയോ ജനമെടുക്കുന്ന തരത്തിൽ നമസ്കാരം മനഃപ്പാഠമാക്കുക. നിങ്ങൾ കടന്ന്പോകുന്ന മാർഗത്തിലൂടെ അവരും നിങ്ങളുടെ പിന്നാലെ വരുന്നതാണ്. മുന്നിലുള്ള കുട്ടികൾക്ക് സന്തോഷമായിരിക്കും. അവ രുടെ ഉമ്മമാർ എത്ര യോഗ്യതയുള്ളവരായിരിക്കും. അവർ കുട്ടി കളെ നല്ലപോലെ പഠിപ്പിക്കും. അങ്ങിനെ നമ്മുടെ ഭാവിതലമുറ എത്ര നല്ലതായിത്തീരും. പിന്നീട് അടുത്ത തലമുറ, പിന്നീട് അതിന ടുത്ത തലമുറ, അടുത്ത നൂറുവർഷംവരെ നിങ്ങളുടെ കുട്ടികൾ നിങ്ങൾ പഠിച്ചത് നേടുന്നതാണ്. അത് നല്ല ശിക്ഷണമായിരിക്കും.

# റുകൂഅ്

സൂറ:ഫാത്തിഹായും മറ്റ് ആയത്തുകൾക്കും ശേഷം അല്ലാഹു അക്ബർ എന്ന് പറഞ്ഞ് കുനിയുന്നു. سُبْحَانَ رَبِّيَ الْعَظِيْمِ എന്തിന് ചൊല്ലുന്നു എന്നതാണ് ഒന്നാമത്തെ ചോദ്യം. ഇതിനുമുമ്പ് സൂറഃ ഫാതിഹയും വിശുദ്ധ ഖുർആനും നിന്ന്കൊണ്ട് ഓതുന്നു. അതി ന്റെ അർഥം അറിയാമെങ്കിൽ അത് ഹൃദയത്തെ സ്വാധീനിച്ചിട്ടു ണ്ടെങ്കിൽ പിന്നെ റുകൂഅ് ശരിയാകുന്നതായിരിക്കും.

ആദ്യം .........سُبْحٰنَكَ اللّٰهُمَّ എന്ന് പറയുന്നു. അതായത്, അല്ലാഹുവേ നീ എല്ലാ ന്യൂനതകളിൽ നിന്നും പരിശുദ്ധനാകുന്നു. പിന്നീട് നിങ്ങൾ سُبْحَانَ رَبِّيَ الْعَظِيْمِ എന്ന് പറയുമ്പോൾ അതിനർഥം ലോകത്തി ന്റെ നാഥൻ ന്യൂനതയിൽ നിന്ന് പരിശുദ്ധനാകുന്നു എന്നല്ല. എന്റെ നാഥൻ ന്യൂനതയിൽ നിന്ന് പരിശുദ്ധനാകുന്നു എന്നാണ്. ആദ്യം പറഞ്ഞത് മുഴുലോകത്തിന്റെയും നാഥൻ എന്നാണ്.

سُبْحٰنَكَ اللّٰهُمَّ وَبِحَمْدِكَ وَتَبَارَكَ ഇതെല്ലാം അദൃശ്യകാര്യങ്ങളായിരുന്നു. അല്ലാഹുവിനെ അഭിസംബോധന ചെയ്തുകൊണ്ടായിരുന്നു പറ

ഞ്ഞിരുന്നത്. മുഴുലോകത്തിന്റെയും നാഥനായിരുന്നു. اِيَّاكَ نَعْبُدُ ഞങ്ങൾ നിന്നെമാത്രം ആരാധിക്കുന്നു എന്നതിലൂടെ നിങ്ങൾ അവനെ സ്വന്തമാക്കുന്നു.

റബ്ബ് ആരുടേതായിരുന്നാലും മഹാൻ തന്നെയാകുന്നു. സൂറഃ ഫാതിഹയിലും തിലാവത്തിലും നാം നമ്മുടെ റബ്ബിനെ സംബന്ധിച്ച് മനസ്സിലാക്കിയ കാര്യങ്ങൾമൂലം എന്റെ നാഥൻ പരിശുദ്ധനാണെന്ന് നമുക്ക് സാക്ഷ്യം പറയാൻ സാധിക്കുന്നു എന്നതിനാലാണ് ഇവിടെ **സുബ്ഹാന റബ്ബീ** എന്ന് പറയുന്നത്. എന്റെ നാഥൻ ഏറ്റവും മഹാനാണ് എന്ന് പറയുമ്പോൾ അതിന്റെ ഉദ്ദേശ്യമെന്താണ്? എന്റെ നാഥൻ ഏറ്റവും മഹാനാകുമ്പോൾ ഞാനും മഹാനാകേണ്ടതാണ്. ഞാൻ ഒരു മഹാന്റെ ദാസൻ അല്ലെങ്കിൽ ദാസിയാണെന്നിരിക്കെ ഞാനും അങ്ങിനെതന്നെ ആയിത്തീരണമല്ലോ.

ആരാണ് അളീം? അഅ്ളം എന്ന് പറയുന്നത് ആരെയാണ്? എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ഏറ്റവും ഉന്നതമായതിനെയാണ് اَعْظَمْ എന്ന് പറയുന്നത്. എന്നാൽ അല്ലാഹുവിനെ സംബന്ധിച്ച് അഅ്ളം എന്നല്ല മറിച്ച് അളീം എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. അതിനുശേഷം, അതിനു മുകളിൽ, അതിനേക്കാൾ വലുതായി ഒന്നും ഉണ്ടാകാൻ സാധ്യമല്ലാത്തത് എന്നതാണ് അളീമിന്റെ അർഥം. പർവതനിരകളെ നോക്കുക. അതിൽ കൊടുമുടിയുണ്ടാകുന്നു. അതിൽ ശ്രദ്ധിക്കുക. ചില സമയത്ത് മനുഷ്യർ പറയുന്നു, ഏറ്റവും മഹത്തായ നിരകളാകുന്നു. ലോകം മഹത്തായതായുന്നു. ഏറ്റവും മഹത്തായത് എന്ന് പറയുമ്പോൾ അതിനേക്കാൾ മഹത്തരം മറ്റൊന്ന് സാധ്യമേ അല്ല. അത് അതിന്റെ അസ്തിത്വത്തിൽ എല്ലായിടത്തും വിശാലമാണ്. അത് മുഴുലോകത്തും നിറഞ്ഞിരിക്കുന്നു. ഈ എല്ലാ ദിശകളും തന്നെ അളീം എന്നതിൽ ഉൾക്കൊള്ളുന്നു. മനുഷ്യനാകട്ടെ, ഭരണകൂടമാകട്ടെ, രാഷ്ട്രമാകട്ടെ ഏറ്റവും മഹത്തായത് എന്നു പറയുമ്പോൾ അതിനേക്കാൾ മഹത്തായ മറ്റൊന്നിനെ കുറിച്ചുള്ള ചിന്ത തന്നെ വരുന്നതല്ല. ആരെ സംബന്ധിച്ചാണോ നിങ്ങൾ അളീം എന്ന് പറഞ്ഞത് അതായിരിക്കും ഏറ്റവും വലുത്. മഹത്വത്തിൽ കാലഘട്ടം മുഴുവനായും ഉൾക്കൊള്ളുന്നു. ഏറ്റവും ഉന്നതം എന്ന് പറയുന്നതിനായി اَعْلٰى എന്ന പദമാണ് ഉപയോഗിക്കുക. ചുരുക്കത്തിൽ റുക്കൂഇൽ അളീം എന്ന്

പറയുന്നു. അല്ലാഹുവിന്റെ ഗുണങ്ങൾ എല്ലാ വസ്തുക്കളേയും വലയം ചെയ്തിരിക്കുന്നു. അവന്റെ മഹത്വത്തിൽ നിന്ന് ഒന്നും തന്നെ പുറത്തല്ല. അവൻ ഏറ്റവും വലിയവനാകുന്നു. അവൻ എല്ലായിടത്തുമുണ്ട്. അതായത് Space ൽ അവനേക്കാൾ വലുതായി ഒന്നും തന്നെയില്ല.

ഇനി അവന്റെ ഔന്നിത്യത്തെകുറിച്ച് ഏറ്റവും ഉന്നതൻ എന്ന് പറയുമ്പോൾ ഏത് പദമാണ് ഉപയോഗിക്കുക? سُبْحَانَ رَبِّيَ الْاَعْلٰى സുജൂദിൽ എത്തുമ്പോഴാണ് അഅ്ലാ ആകുന്നത്. ഇനി നമസ്കാരത്തിന്റെ ഈ ക്രമം നോക്കുക. എത്ര സുന്ദരമാണ്. റുക്കൂഇൽ നിങ്ങൾ കുനിഞ്ഞുകൊണ്ട് നാലുപാടും വിശാലമാക്കുന്നു. അന്നേരം سُبْحَانَ رَبِّيَ الْاَعْلٰى എന്ന് പറയുന്നു. പിന്നീട് ഏറ്റവും താഴെ വീഴുമ്പോൾ, തല താഴെ മുട്ടുമ്പോൾ سُبْحَانَ رَبِّيَ الْاَعْلٰى എന്ന് പറയുന്നു. അളീം എന്നും അഅ്ലാ എന്നും എത്തരം സന്ദർഭങ്ങളിലാണ് അല്ലാഹു ഉപയോഗിച്ചിരിക്കുന്നതെന്ന് നോക്കുക. റുക്കൂഇൽ അളീം എന്ന് പറഞ്ഞുകൊണ്ട് മഹത്വം കരസ്ഥമാക്കുക. സുജൂദിൽ അഅ്ലാ എന്ന് പറഞ്ഞുകൊണ്ട് ഔന്നിത്യം കരസ്ഥമാക്കുക.

ആദ്യം എല്ലാ തവണയും അവസ്ഥ മാറുന്നതനുസരിച്ച് اَللّٰهُ اَكْبَرْ എന്നാണ് പറഞ്ഞിരുന്നത്. ഓരോ റകഅത്തിലും اَللّٰهُ اَكْبَرْ എന്ന് പറയുമായിരുന്നു. ഇപ്പോൾ റുകൂഇൽ നിന്ന് നിവർന്ന് നിൽക്കുമ്പോൾ ഇമാം പറയുന്നു, سَمِعَ اللّٰهُ لِمَنْ حَمِدَهُ പിന്നിലുള്ളവർ പറയുന്നു, رَبَّنَا وَلَكَ الْحَمْدُ

റുകൂഇൽ سُبْحَانَ رَبِّيَ الْاَعْلٰى എന്ന് പറഞ്ഞു. ശേഷം നിവർന്ന് നിന്ന് ഇമാം سَمِعَ اللّٰهُ لِمَنْ حَمِدَهُ എന്നു പറയുന്നു. അതിന്റെ അർഥം അല്ലാഹുവിനെ സ്തുതിച്ചവന്റെ സ്തുതി അവൻ കേട്ടു എന്നാണ്. റുക്കൂഇൽ سُبْحَانَ എന്നാണ് പറഞ്ഞത്. റുകൂഇൽ സ്തുതിയൊന്നും പറഞ്ഞിട്ടില്ല. യഥാർഥത്തിൽ **അളീം** എന്നത് സ്തുതി തന്നെയാണ്. سُبْحَانَ അതായത് ന്യൂനതകളിൽ നിന്നും പരിശുദ്ധൻ എന്നത് സ്തുതിയാകുന്നു. ആരെയെങ്കിലും സ്തുതിക്കണമെങ്കിൽ രണ്ടു വാക്കുകളിൽ എല്ലാ സ്തുതിയും പറയാവുന്നതാണ്. ഒന്നുകിൽ **അളീം** എന്ന് പറയുക, അല്ലെങ്കിൽ **അഅ്ലാ** എന്ന് പറയുക. റുകൂഇൽ നിങ്ങൾ **അളീം** എന്ന സ്തുതിയാണ് പറഞ്ഞത്.

ഇപ്പോൾ സ്തുതിയുടെയും സൂറഃഫാതിഹയുടെയും എല്ലാ വിഷയ ങ്ങളും മനസ്സിലായില്ലേ? سُبْحَانَ رَبِّىَ الْعَظِيْمِ എന്ന് പറയുമ്പോൾ ഇമാം നിങ്ങൾക്ക് സുവാർത്തയാണ് നൽകുന്നത്. سَمِعَ اللّٰهُ لِمَنْ حَمِدَهُ അല്ലാഹുവിനെ സ്തുതിച്ചവന്റെ സ്തുതി അവൻ കേട്ടു. അപ്പോൾ നിങ്ങൾ വീണ്ടും സ്തുതിക്കുന്നു.

നിവർന്ന് നിന്നു പറയുന്നു, رَبَّنَا وَلَكَ الحَمْدُ حَمْداً كَثِيْراً طَيِّباً مُبَارَكاً فِيْهِ

رَبَّنَا وَلَكَ الحَمْدُ എന്നതിൽ **റബ്ബനാ** എന്നതിനു ശേഷം **വാവ്** എന്തിനാണ് വന്നിരിക്കുന്നതെന്ന് ചിന്തിച്ചിട്ടുണ്ടോ?

അല്ലാഹു കേട്ടു എന്ന ശബ്ദം കേൾക്കുമ്പോൾ ഹൃദയം അനിയന്ത്രിതമായി പറയും **റബ്ബനാ** ഞങ്ങളുടെ നാഥാ! എത്ര മനോഹരമായ റബ്ബ്. നാമിവിടെ സ്തുതിച്ചു അപ്പോൾ തന്നെ അവിടെ അത് കേട്ടു.

رَبَّنَا وَلَكَ الحَمْدُ നിനക്കായ് ഇനിയും സ്തുതിയുണ്ട് എന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു. **റബ്ബനാ** എന്നതിൽ കൃതജ്ഞതയുടെ സ്തുതിയും അടങ്ങിയിട്ടുണ്ട്. ഹൃദയത്തിൽ നിന്ന് അനിയന്ത്രിതമായാണ് ആ ശബ്ദം പുറപ്പെടുന്നത്.

سُبْحَانَ رَبِّىَ الْعَظِيْمِ سَمِعَ اللّٰهُ لِمَنْ حَمِدَهُ ഇതിനു മുമ്പ് നമസ്കാരത്തിൽ നാം എന്നാണ് പറഞ്ഞത്. അപ്പോൾ سَمِعَ اللّٰهُ لِمَنْ حَمِدَهُ എന്ന ശബ്ദം കേട്ടു. അതായത് അവനെ സ്തുതിച്ചവന്റെ സ്തുതി അവൻ കേട്ടു. പെട്ടെന്ന് തന്നെ പ്രതിഫലം ലഭിച്ചു. അപ്പോൾ അനിയന്ത്രിതമായി ഹൃദയം പറയും **റബ്ബനാ. റബ്ബനാ** എന്ന് മാത്രം പറഞ്ഞാൽ എല്ലാം അതിൽ പരാമർശവിധേയമാകുന്നു. **റബ്ബനാ** എന്ന് പറഞ്ഞ്കൊണ്ട് പറയുകയാണ്, നോക്കുക നമ്മുടെ നാഥൻ എത്ര മഹാനാണ്.

പിന്നീട് رَبَّنَا وَلَكَ الْحَمْدُ എന്ന് പറഞ്ഞു. വാസ്തവത്തിൽ സ്തുതി നിനക്ക് തന്നെയാണ്. മറ്റാർക്കും അല്ല. حَمْداً كَثِيْراً طَيِّباً مُبَارَكاً فِيْهِ

(ഉർദു ക്ലാസ് നം. 316, 31.10.1997)

# സുജൂദ്

നാം ചെയ്യുന്ന ഓരോ ചലനങ്ങളും ഓരോ റുകുൻ ആകുന്നു. നമസ്കാരത്തിലെ എല്ലാ റുകുനെയും അതിന്റെ അർക്കാൻ എന്ന് പറയുന്നു. ഞാൻ നിങ്ങൾക്ക് നമസ്കാരത്തിലെ അർകാനുകളെ സംബന്ധിച്ചായിരുന്നു വിവരിച്ചിരുന്നത്. ഓരോ റുകൂഇലും ചെല്ലുന്ന ദുആകൾ അതുമായി ബന്ധപ്പെട്ടതാണ്.

സുജൂദിൽ سُبۡحَانَ رَبِّيَ الۡاَعۡلٰى എന്നാണ് പറയുന്നത് എന്ന് ഞാൻ പറഞ്ഞിരുന്നു. അതിന്റെ അർഥമെന്താണ്? سُبۡحَانَ رَبِّيَ الۡاَعۡلٰى എന്നതിൽ നിന്ന് നിങ്ങൾക്ക് എന്ത് സന്ദേശമാണ് ലഭിക്കുന്നത്? അതിന് മുമ്പ് സൂറഃ ഫാതിഹഃ നിങ്ങൾക്ക് റബ്ബിനെ പരിചയപ്പെടുത്തിതന്നിരുന്നു. അന്നേരം നിന്റെ റബ്ബായിരുന്നില്ല. സൂറഃ ഫാതിഹഃ **റബ്ബുൽആലമീൻ** അതായത് മുഴുവൻ പ്രപഞ്ചത്തിന്റെയും നാഥൻ എന്നാണ് പറഞ്ഞത്. നിങ്ങൾ ആ റബ്ബിനെ സ്മരിക്കുകയും അവനിൽ നിന്ന് സഹായം തേടുകയും ചെയ്യുമ്പോൾ അവൻ നിന്റേതായി മാറും. ഇതാണ് **റബ്ബിയൽ അഅ്ലാ** എന്നതിലെ ആദ്യ സന്ദേശം. അതായത് എന്റെ റബ്ബ് വളരെ ഉന്നതനാണ്.

വളരെ ശക്തമായ പ്രഖ്യാപനമാണിത്. **സുബ്ഹാനല്ലാഹ്**! എന്റെ നാഥൻ! നോക്കുക, എന്റെ നാഥൻ എന്നതിൽ വീണ്ടും ഒരു പ്രഖ്യാപനമുണ്ട്. അതായത്, എനിക്ക് ജീവിത വിഭവങ്ങൾ നൽകുന്നവൻ, എനിക്ക് കഴിവുകൾ നൽകുന്നവൻ അത് ഈ റബ്ബ് തന്നെയാകുന്നു, മറ്റാരുമല്ല. എല്ലാ റബ്ബും നശിച്ചു കഴിഞ്ഞു. എന്റെ നാഥൻ ഉന്നതനാണ്. ഏറ്റവും വലിയവനാണ്. ഇനി മറ്റെന്താണ് വേണ്ടത്?

سُبۡحَانَ رَبِّيَ الۡاَعۡلٰى എന്നതിൽ മറ്റൊരു സന്ദേശവും ഉണ്ട്. അതായത് അവൻ തിന്മകളിൽ നിന്നും പരിശുദ്ധനാണ്. ഒരു വ്യക്തിക്ക് ഉന്നത പദവികൾ കരസ്ഥമാക്കാൻ സാധിക്കുന്നതാണ്. എന്നാലും അയാളിൽ കളങ്കം ഉണ്ടാകാം. എന്നാൽ എന്റെ ഈ നാഥൻ എല്ലാ തിന്മകളിൽ നിന്നും പരിശുദ്ധനാണ്. ഇതാണ് എന്റെ നാഥൻ എന്നതിന്റെ വിവക്ഷ. ഏറ്റവും ഉന്നതൻ എന്നതിന്റെ വിവക്ഷ എന്താണ്? നിങ്ങൾ തിന്മകളിൽ നിന്ന് പരിശുദ്ധരല്ലെങ്കിൽ എങ്ങിനെയാണ് അവൻ നിങ്ങളുടെ നാഥനാകുക? അഥവാ നിങ്ങൾ സ്വന്തം സ്വഭാവങ്ങളിലും, പ്രകൃതങ്ങളിലും ഉന്നതരല്ലെങ്കിൽ അവൻ നിങ്ങളുടെ നാഥ

നാകില്ല. അതിനാൽ നാം سُبْحَانَ رَبِّيَ الْاَعْلٰى എന്ന് ഉരുവിടുമ്പോഴെല്ലാം തന്നെ ഞാനും എന്റെ നാഥനെ പോലെ തന്നെയാകേണ്ടതാണ്, എനിക്കും എന്റെ നാഥനെ പോലെ പരിശുദ്ധനാകണം, എന്റെ നാഥൻ ഉന്നതനായതിനാൽ എനിക്കും ഉന്നതനാകേണ്ടതുണ്ട് എന്ന സന്ദേശം ലഭിക്കുന്നു.

അല്ലാഹു ഉന്നതനാകുന്നതിനുള്ള എന്ത് മാർഗമാണ് പഠിപ്പിച്ചു തന്നത്? സുജൂദിൽ നിങ്ങൾ ഏറ്റവും താണ അവസ്ഥയിലാണ് ഉള്ളത്. അതിനപ്പുറത്തേക്ക്. സുജൂദിലും താഴെക്ക് നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയില്ല. ഭൂമിയിൽ നിങ്ങളുടെ നെറ്റി പതിച്ചതു തന്നെ ധാരാളമാണ്. ഇതാണ് മൂന്ന് തവണ ഉരുവിടുന്ന سُبْحَانَ رَبِّيَ الْاَعْلٰى എന്നതിലെ സന്ദേശം. എന്നാൽ ചിലർ ഇക്കാര്യങ്ങളെ കുറിച്ച് ചിന്തിച്ച് ചിന്തിച്ച് സുജൂദ് വളരെ ദീർഘിപ്പിക്കുകയും പിന്നിൽ നമസ്കരിക്കുന്നവർക്ക് അഭിരുചി നഷ്ടപ്പെടുകയും ചെയ്യുന്നു.

അവൻ സുബ്ഹാനാണ് എന്നതിനെ സംബന്ധിച്ച് വിവിധ നിലയിൽ ചിന്തിക്കുക. അവന്റെ പരിശുദ്ധി ഏതെല്ലാം അർഥങ്ങളിലാണ്? എനിക്കെന്തുകൊണ്ട് അവനുമായി ബന്ധപ്പെടാനുള്ള അർഹതയില്ല? എന്റെ വാപ്പ വലിയ ആളാണ് എന്ന് ചില കുട്ടികൾ പറയാറുണ്ട്. എന്നാൽ നമുക്ക് നമ്മെ അവനുമായി ബന്ധിപ്പിക്കുമ്പോൾ ലജ്ജ തോന്നുന്നു. കാരണം അവൻ ഉന്നതനാണ്. നാം വളരെ നിസാരരും. **സുബ്ഹാന റബ്ബി** എന്റെ നാഥൻ വളരെ പരിശുദ്ധനാണ്, അവനിൽ യാതൊരു ന്യൂനതയും ഇല്ല എന്ന് പറഞ്ഞതിനു ശേഷം, എന്നാൽ എന്നിൽ ഇന്ന ഇന്ന ന്യൂനതയുണ്ട്, ഞാൻ ഇന്ന ഇന്ന നിലയിൽ അശുദ്ധനാണ് എന്ന് മനുഷ്യൻ ചിന്തിക്കുമ്പോൾ വിഷയം എത്ര ദീർഘിക്കുന്നു. **സുബ്ഹാന** എന്നതിൽ എത്തി നിൽക്കുമ്പോഴേക്കും ഞാനെന്തു കൊണ്ട് പരിശുദ്ധനല്ല, ഏതെല്ലാം കാര്യങ്ങളിൽ എനിക്ക് മുന്നേറേണ്ടതുണ്ട് എന്ന ചിന്തകൾ ഉടലെടുക്കാൻ തുടങ്ങുന്നു.

കൂടാതെ **റബ്ബീ** എന്നു പറയുമ്പാൾ അത് ദുആയായിത്തീരുന്നു. അവനിൽ നിന്നാണ് എനിക്ക് സഹായം അർഥിക്കേണ്ടത്, അവനിലേക്കാണ് ചായേണ്ടത്, അവൻ ശിക്ഷണം നൽകുന്നവനെന്ന നിലയിൽ നാഥനാണ്, എനിക്ക് ശിക്ഷണം നൽകുന്നവനാണ്. എന്റെ നാഥൻ എന്ന് പറയുമ്പോൾ പ്രതീക്ഷയായി. അത് ഉത്തരവാദിത്വം

മാത്രമല്ല, മറിച്ച് ഒരു സഹായിക്കുന്ന അസ്ഥിത്വത്തിലേക്കുള്ള വിളിയായി. **സുബ്ഹാന റബ്ബീ,** എന്റെ നാഥൻ എല്ലാ ന്യൂനതകളിൽ നിന്നും, എല്ലാ തിന്മകളിൽ നിന്നും പരിശുദ്ധനാണ്. എന്നാൽ അവ ൻ എന്റെ നാഥനാണ്. എന്നെ ശരിയാക്കുന്നവനാണ്. എനിക്കതിൽ അവനോട് കൃതജ്ഞതയുണ്ട്.

റബ്ബ് പിന്നെന്തെല്ലാം അർഥത്തിലാണുള്ളത്? എങ്ങിനെയാണ് ആത്മീയമായ നിലയിൽ അല്ലാഹു നിങ്ങൾക്ക് ചിന്തിക്കാനുള്ള സാഹചര്യം സജ്ജമാക്കുന്നത്, നമസ്കാരം നിങ്ങളെ എവിടെ നിന്ന് എവിടേക്ക് എത്തിച്ചു? ഇതെല്ലാം തന്നെ റബ്ബീ എന്നതുമായി ബന്ധ പ്പെട്ട കാര്യങ്ങളാണ്. എന്റെ നാഥൻ എന്നെ ഇങ്ങനെയാക്കി. പിന്നീ ട് അവസാനത്തിൽ **അഅ്ലാ** യുടെ വിഷയമാണ്, ഏറ്റവും ഉന്നതൻ. എന്നാൽ മനുഷ്യന് എങ്ങനെയാണ് ഏറ്റവും ഉന്നതനാകാൻ കഴി യുക? സ്വയം സാധ്യമല്ല. ഏറ്റവും ഉന്നതനായ അല്ലാഹുവിന്റെ മുന്നിൽ നിങ്ങളുടെ ശിരസ്സ് ഭൂമിയിൽ പതിപ്പിച്ചാൽ അല്ലാഹു നിങ്ങ ളെ ഉന്നതരാക്കുന്നതാണ്. എന്റെ നാഥനായ അല്ലാഹു ഏറ്റവും ഉന്നതാണെന്നു പറയുമ്പോൾ അവൻ എന്നെയും ഉന്നതനാക്കു ന്നതാണ് എന്ന പ്രതീക്ഷ ജനിപ്പിക്കുന്നു. ഇത്തരത്തിലുള്ള ഇനി യും ധാരാളം കാര്യങ്ങൾ ചിന്തിക്കാവുന്നതാണ്.

ഒരു പ്രാവശ്യം سُبْحَانَ رَبِّيَ الْاَعْلٰى എന്നു പറഞ്ഞു നിങ്ങൾ ചിന്തിക്കു വാൻ തുടങ്ങിയാൽ സുജൂദ് എത്ര ദൈർഘ്യമുള്ളതായി തീരും. ചിലർക്ക് സുജൂദിൽ ഉറക്കം വരാറുണ്ട്. ഖാദിയാനിൽ ഹദ്റത് മൗല വി സർവർ ശാഹ് സാഹിബ്[റ] എന്ന ഒരു സഹാബിയുണ്ടായിരുന്നു. അദ്ദേഹം മഹാപണ്ഡിതനും ബഹുമാന്യ വ്യക്തിയുമായിരുന്നു. ചില പ്പോൾ എന്റെ പിതാവായ ഹദ്റത് മുസ്ലിഹ് മൗഊദ്[റ] രോഗിയാ കുമ്പോൾ പറയും, മൗലവി സർവർ ശാഹ് സാഹിബ് നമസ്കരിപ്പി ക്കുന്നതാണ്. അദ്ദേഹം നമസ്കരിപ്പിക്കുമ്പോൾ, വിശേഷിച്ച് സുബ്ഹി നമസ്കാരത്തിൽ, സുജൂദ് വളരെ ദീർഘിച്ചതാകുമായിരുന്നു. കുട്ടികളായ ഞങ്ങളിൽ ചിലർ ഉറങ്ങി അങ്ങോട്ടും ഇങ്ങോട്ടും മറിഞ്ഞു വീഴുമായിരുന്നു. സുജൂദ് അവസാനിക്കുകയേ ഇല്ലായിരുന്നു. ആരോ മൗലവി സാഹിബിനോട് പരാതി ബോധിപ്പിച്ചുകൊണ്ടു പറഞ്ഞു, മൗലവി സാഹിബ് എത്ര തവണ سُبْحَانَ رَبِّيَ الْاَعْلٰى എന്ന് ഉരുവിടാറുണ്ട്? മൂന്നു തവണ سُبْحَانَ رَبِّيَ الْاَعْلٰى എന്ന് പറയലാണ് സുന്നത്ത്. നിങ്ങൾ

മുന്നൂറു തവണയാണ് ഉരുവിടുന്നതെന്നു തോന്നുന്നു. സുജൂദ് അവസാനിക്കാറേ ഇല്ല. അദ്ദേഹം പറഞ്ഞു, അല്ലാഹുവാണെ സത്യം മൂന്ന് തവണയിൽ കൂടുതൽ ഉരുവിടാറില്ല. മൂന്ന് തവണ മാത്രമേ ചൊല്ലാറുള്ളു. മൗലവി സാഹിബിന്റെ സ്ഥാനം എന്തായിരുന്നു എന്ന് ഇതിൽ നിന്നും ഊഹിക്കാവുന്നതാണ്. ചിന്തിച്ചു ചിന്തിച്ച് ഉരുവിടുമായിരുന്നു. ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) നമസ്കരിപ്പിക്കുമ്പോൾ പുറകിൽ നിൽക്കുന്നവരെ പരിഗണിക്കും, എന്നാൽ മൗലവി സാഹിബ് പുറകിൽ ആരെങ്കിലും നമസ്കരിക്കുന്നുണ്ടെന്ന കാര്യംതന്നെ വിസ്മരിച്ച് പോകുമായിരുന്നു എന്ന വ്യത്യാസം മാത്രം.

ഖാദിയാനിൽ തമാശ പറയുന്നതിൽ പ്രശസ്തനായ ഒരു വ്യക്തിയുണ്ടായിരുന്നു. പള്ളിയിൽ നമസ്കരിക്കാനായി പോകാറില്ല എന്ന ന്യൂനത അദ്ദേഹത്തിനുണ്ടായിരുന്നു. എന്നാൽ അദ്ദേഹം തമാശക്കാരനെന്ന നിലയിൽ ഏറെ പ്രസിദ്ധനായിരുന്നു. അദ്ദേഹത്തിന്റെ പേര് മീർസാ അർശദ് ബേഗ് എന്നായിരുന്നു. ആരോ അദ്ദേഹത്തോട് പറഞ്ഞു, നിങ്ങൾ എത്ര നല്ല ആളാണ്, എത്രയോ പേരെ നിങ്ങൾ സേവിക്കുന്നു, ദരിദ്രരോടു കരുണ കാണിക്കുന്നവനാണ്, പള്ളിയിൽ പോയി എന്തുകൊണ്ട് നമസ്കരിക്കുന്നില്ല? അവസാനം പള്ളിയിൽ പോകാം എന്ന് അദ്ദേഹം തീരുമാനമെടുത്തു. സുബ്ഹി നമസ്കാരത്തിനായി പള്ളിയിൽ എത്തി. ഹദ്റത് മൗലവി സർവർ ശാഹ് സാഹിബ്(റ) നമസ്കരിപ്പിക്കുകയായിരുന്നു. അദ്ദേഹം സുജൂദിലേക്ക് പോയി. സുജൂദിൽ നിന്ന് തലയുയർത്തുന്നുണ്ടായിരുന്നില്ല. അദ്ദേഹം അസ്സലാമു അലൈക്കും ഞാൻ പോകുന്നു എന്ന് പറഞ്ഞ് ഓടി താഴെ ഇറങ്ങി. തന്റെ സ്വതസിദ്ധമായ തമാശയിൽ അദ്ദേഹം പറഞ്ഞു, ഭരണം മാറി. വഴിയിൽ വെച്ച് ആരോ ചോദിച്ചു, എന്തു പറ്റി? എങ്ങിനെയാണ് ഭരണം മാറിയത്? അദ്ദേഹം മറുപടിയായി പറഞ്ഞു, ആദ്യം മുഗളന്മാരുടെ (ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ) ഭരണമായിരുന്നു. മുഗളന്മാരുടെ ഭരണത്തിൽ സയ്യിദുമാർ ആട്ടുകല്ല് സ്ഥാപിച്ചു. അതായത് മൗലവി സാഹിബ് നമസ്കരിക്കുന്നവരുടെ എണ്ണ ആട്ടിയെടുക്കും. ഇതെല്ലാം പറയുമ്പോൾ പഴയകാലത്തെ പല സംഭവങ്ങളും ഓർമവരും. ഒറ്റക്കു നമസ്കരിക്കുമ്പോൾ സുജൂദ് എത്ര വേണമെങ്കിലും ദീർഘിപ്പിച്ചു കൊള്ളുക. എന്നാൽ ആരെയെങ്കിലും നമസ്കരിപ്പിക്കുമ്പോൾ ആട്ടുകല്ലാകരുത്. നിങ്ങൾക്കുള്ള പ്രധാനപ്പെട്ട സന്ദേശമാണിത്. (ഉർദു ക്ലാസ് നമ്പർ- 321, 12.10.1997)

# രണ്ടു സൂജൂദുകൾക്കിടയിലുള്ള ദുആ

ഇതിൽ وَارْفَعْنِي എന്നതിനു ശേഷമാണ് وَاجْبُرْنِي وَارْزُقْنِي വച്ചിട്ടുള്ളത്. എന്നാൽ അവസാനത്തിൽ وَارْفَعْنِي എന്നതിനുള്ളത്ര ബന്ധം وَارْزُقْنِي എന്നതിനില്ല. എന്നാൽ നമ്മുടെ ഗ്രന്ഥങ്ങളിൽ അങ്ങനെയാണ് കൊടുത്തിട്ടുള്ളതും. ആദ്യത്തിൽ എന്റെ മനസ്സിൽ തോന്നിയത് ഈ ക്രമം ശരിയല്ല അതിനാൽ അന്വേഷിക്കേണ്ടതാണ് എന്നാണ്. ഇത് വളരെ രസകരമായ ഒരു തോന്നലായിരുന്നു. കാരണം എന്റെ അനുമാനത്തിൽ وَارْفَعْنِي അവസാനത്തിലാണു വരേണ്ടത്, ആദ്യമല്ല. അതിനാൽ ഞാൻ പരിശോധിപ്പിച്ചു. ഏതെല്ലാം ഹദീസുകളിൽ ഈ ദുആയെ സംബന്ധിച്ചു പരാമർശമുണ്ടെന്നു കണ്ടുപിടിക്കുന്ന ജോലി റബ്വയെ ഏൽപ്പിച്ചു. നമ്മുടെ ഗ്രന്ഥത്തിൽ പരാമർശിക്കുന്ന ദുആ ഒരു ഹദീസിലും ഇല്ല എന്നുള്ളത് വളരെ വിചിത്രമായ കാര്യമായിരുന്നു. വിവിധ നിവേദനങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് ഒരു ദുആ ഉണ്ടാക്കി. എന്നാൽ ഹദീസിലെ വാക്കുകളിൽ ഈ ക്രമവും ആയിരുന്നില്ല, ഈ എല്ലാ പദങ്ങളും ഉണ്ടായിരുന്നില്ല. അതിനാൽ ആദ്യംതന്നെ നാം ഈ ദുആ ശരിയാക്കണം. സിഹാഹ് സിത്തയിലുള്ള മൂന്നു ഗ്രന്ഥങ്ങളിൽ മൂന്നു രിവായത്തുകൾ ഉണ്ട്. രണ്ടു ഗ്രന്ഥങ്ങളിൽ ഒരേ വാക്കുകളാണ്. ഒന്നിൽ അതിൽനിന്ന് വ്യത്യസ്തമായ പദങ്ങളും. അതും ശരിയായ ദുആ തന്നെയാണ്. ഇനി ആ ഗ്രന്ഥങ്ങളിലുള്ള നിവേദനങ്ങൾ എന്താണെന്നു പറയാം.

ജാമിഅ് തിർമിദി ഒരു സഹീഹ് ഗ്രന്ഥമാണ്. അതിൽ വന്നിട്ടുള്ളത് اَللّٰهُمَّ اغْفِرْلِي وَارْحَمْنِي وَاهْدِنِي وَارْزُقْنِي എന്നാണ്. وَارْفَعْنِي അതിലില്ല. അതാണു ഞാൻ അന്വേഷിച്ചതും. അത് അവസാനത്തിൽ ആയിരിക്കുമെന്നത് എനിക്കുറപ്പുണ്ടായിരുന്നു. കാരണം, നബി തിരുമേനി(സ)യുടെ ഭാഷ വളരെയധികം സാഹിത്യ സമ്പുഷ്ടവും അതിവിശാലവുമാകുന്നു. നബി(സ) ഒരു ദുആ പഠിപ്പിച്ചിട്ടുണ്ടെങ്കിൽ സുജൂദിൽ പോകുന്നതിനു മുമ്പ് وَارْفَعْنِي എന്ന പരാമർശം ഉണ്ടാകുന്നതാണ്. കാരണം സുജൂദിലൂടെയാണ് മനുഷ്യന്റെ **റഫഅ്** ഉണ്ടാകുന്നത്. നബി(സ) ഒരിക്കൽ പറഞ്ഞു, അല്ലാഹുവിന്റെ ദാസൻ അല്ലാഹുവിന്റെ സവിധത്തിൽ താഴ്മയോടു കൂടി കുനിയുമ്പോൾ

അല്ലാഹു അവനെ ഏഴാനാകാശത്തേക്ക് ഉയർത്തുന്നു. ചുരുക്കത്തിൽ **റഫഅ** എന്ന പദം സുജൂദുമായി ബന്ധപ്പെട്ടതാകുന്നു. അതുകൊണ്ടാണ് എന്റെ അനുമാനം ശരിയായി എന്ന സന്തോഷം എനിക്ക് ഉണ്ടായത്. പ്രസ്തുത ഹദീസിന്റെ വാക്കുകൾ ഇപ്രകാരമാണ്, اَللّٰهُمَّ اغْفِرْلِىْ وَارْحَمْنِىْ وَاجْبُرْنِىْ وَاهْدِنِىْ وَارْزُقْنِىْ ഇതിൽ **ആഫിനീ** ഇല്ല. രണ്ടാമത്തേത് اَللّٰهُمَّ اغْفِرْلِىْ وَارْحَمْنِىْ وَعَافِنِىْ وَاهْدِنِىْ وَارْزُقْنِىْ എന്നാണ്. ഇതിൽ وَاجْبُرْنِىْ ഇല്ല.

ഈ മൂന്നു ഹദീസുകളിലും വാക്കുകളിലുള്ള വ്യത്യാസത്തിനു കാരണം ഹദീസ് രിവായത്ത് ചെയ്തവരുടെ ഓർമശക്തിയിലുള്ള മാറ്റമാണെന്നു മനസ്സിലാകുന്നു. തുടക്കം മുതൽ ഹദീസ് ശരിയായ നിലയിൽ തുടരുന്നു. എന്നാൽ, ശരിയായ മാർഗത്തിൽ എത്തിച്ചേരാനുള്ള ഏതെങ്കിലും മാർഗം ഉണ്ടായിരിക്കുമല്ലോ. ചുരുക്കത്തിൽ, ഈ രണ്ടു ഗ്രന്ഥത്തിലെയും പദങ്ങൾ പരസ്പരം യോജിക്കുന്നില്ല.

സുനൻ ഇബ്നുമാജയിലെ മറ്റൊരു രിവായത്തും കൂടിയുണ്ട്. അതിലെ വാക്കുകളും സമാനമല്ല. എന്നാൽ, അതിന്റെ ഉള്ളടക്കം വളരെ നല്ലതാണ്. നമ്മുടെ സാഹിത്യങ്ങളിൽ ധാരാളമായി ഉദ്ധരിക്കപ്പെടുന്ന ഒരു ഗ്രന്ഥമാണിത്. അതിലെ വാക്കുകൾ ഇപ്രകാരമാണ്, رَبِّى اغْفِرْلِىْ وَارْحَمْنِىْ وَاجْبُرْنِىْ എന്റെ നാഥാ! എനിക്കു പൊറുത്ത് തരേണമേ, എന്നിൽ കരുണ ചൊരിയണമേ, എന്നെ നേരെയാക്കണമേ, وَارْزُقْنِىْ എനിക്ക് ആത്മീയവും ഭൗതീകവുമായ ജീവിത വിഭവങ്ങൾ നൽകേണമേ, അവസാനത്തിൽ وَارْفَعْنِىْ എന്നും ഉണ്ട്. എന്നെ ഉയർത്തേണമേ. അതിനു ശേഷം اَللّٰهُ اَكْبَرْ എന്ന് പറഞ്ഞ് സുജൂദിലേക്ക് പോകുന്നു. رَبِّى اغْفِرْلِىْ وَارْحَمْنِىْ وَاجْبُرْنِىْ وَارْزُقْنِىْ وَارْفَعْنِىْ ഇതാണ് എന്നെ ആകർഷിച്ച ഹദീസ്. അത് കിട്ടുമെന്ന് എനിക്ക് ഉറപ്പുണ്ടായിരുന്നു. ലഭിക്കുകയും ചെയ്തു.

ഈ മൂന്നു നിവേദനങ്ങളും വ്യത്യസ്തമാണ്. എന്നാൽ എന്റെ മനസ്സിൽ ഉണ്ടായിരുന്നത് നബി(സ) ഒരു ക്രമത്തിലായിലിരിക്കും കാര്യങ്ങൾ പറഞ്ഞിട്ടുണ്ടാകുക അതിനാൽ وَارْفَعْنِىْ എന്ന് അവസാനത്തിലായിരിക്കും പരാമർശിച്ചിട്ടുണ്ടാകുക എന്നാണ്. അത് സുനൻ ഇബ്നുമാജയിൽ ലഭിച്ചു. അതിനാൽ നമ്മുടെ ഗ്രന്ഥങ്ങളിലും ഇതാണ് ഉൾപ്പെടുത്തേണ്ടത്.

നമ്മുടെ ഗ്രന്ഥങ്ങളിൽ പരാമർശിക്കപ്പെട്ടിരിക്കുന്ന ഹദീസ് ഈ മൂന്നെണ്ണത്തിൽ നിന്നുള്ളതല്ല. മറ്റ് ഹദീസുകളിലും ഇല്ല. ഇങ്ങനെ ഒരു ഹദീസ് ഉണ്ടോ ഇല്ലേ എന്നുള്ളത് നമ്മുടെ പണ്ഡിതന്മാർ അന്വേഷിച്ചതുമില്ല. മനപ്പാഠമാക്കിയിരുന്ന വാക്കുകൾ തന്നെ എഴുതിവെച്ചു.

എന്റെ അഭിപ്രായത്തിൽ പ്രസ്തുത പണ്ഡിതന്മാരിൽ ചിലർ വളരെ വിശ്വാസയോഗ്യരായവരാണ്. അവർ എവിടെയും തന്നെ വായിച്ചിട്ടുണ്ടാകില്ല എന്ന് അവരെ സംബന്ധിച്ച് സംശയിക്കാനും സാധിക്കില്ല. ഒരു പക്ഷേ നമ്മുടെ പണ്ഡിതന്മാർ ഇപ്പോൾ പൂർണമായും അന്വേഷണം നടത്തിയിട്ടുണ്ടാകില്ല. അതായത് ആറ് സഹീഹായ ഗ്രന്ഥങ്ങളെ മാത്രം പരിശോധിച്ചിട്ടുണ്ടായിരിക്കുകയുള്ളു. ഒരു പക്ഷേ അത് മറ്റ് ഗ്രന്ഥങ്ങളിൽ കാണപ്പെട്ടേക്കാം...... എന്റെ അഭിപ്രായത്തിൽ നമ്മുടെ പണ്ഡിതന്മാരിൽ ആരും തന്നെ സ്വയം ഇത്തരത്തിലുള്ള കാര്യങ്ങൾ സൃഷ്ടിക്കില്ല. എന്നാൽ നമ്മുടെ ഗ്രന്ഥങ്ങളിൽ ഇടം പിടിച്ചു കഴിഞ്ഞു എന്നത് അവർ ഏതോ ഹദീസ് എവിടെയോ വായിച്ചിട്ടുണ്ടാകാം എന്നാണ് തെളിയിക്കുന്നത്. അതിൽ പദങ്ങൾ കൂടുതലുണ്ടായിരുന്നതിനാൽ അവർക്ക് ഇഷ്ടപ്പെട്ടിട്ടുണ്ടാകും. അങ്ങനെ മുഴുവൻ പദങ്ങളും എഴുതിച്ചേർത്തു.

وَارْفَعْنِىْ എന്നതിന് അനഹ്മദി മൗലവിമാർ നൽകുന്ന അർഥം ഇവിടെ യോജിക്കുന്നതല്ല. അവർ പറയുന്നു, "എന്നെ ശരീരത്തോടു കൂടി ഉയർത്തിയാലും." ഹദ്റത് ഈസാ(അ)നെ സംബന്ധിച്ച് **'റഫഅ'** എന്ന പദം വന്നിട്ടുണ്ട്. بَلْ رَفَعَ اللّٰهُ اِلَيْهِ അദ്ദേഹത്തെ തന്നിലേക്ക് ഉയർത്തി. **റഫഅ** എന്നതിന് ശരീരത്തോടു കൂടി ഉയർത്തി എന്നാണ് അവർ അർഥം നൽകുന്നത്.

ഇവിടെ وَارْفَعْنِىْ എന്നതിന് ശരീരത്തോടു കൂടി ഉയർത്തുക എന്നത് അർഥം നൽകുവാൻ സാധിക്കുന്നതല്ല. അങ്ങിനെയെങ്കിൽ അടുത്ത സുജൂദ് ചെയ്യാനെ കഴിയില്ല. യഥാർഥ അർഥമിതാണ്, സുജൂദിൽ മനുഷ്യൻ ഉയർത്തപ്പെടുന്നു. അല്ലാഹുവിന്റെ മുന്നിൽ എത്രത്തോളം താഴുന്നുവോ അല്ലാഹു അത്രത്തോളം ഉയർത്തുന്നു. അവരുടെ പദവി ഉയരുന്നു. അതിനാൽ وَارْفَعْنِىْ എന്നതിന്റെ അർഥം എന്റെ സ്ഥാനം ഉയർത്തണേ എന്നാകുന്നു. ഇങ്ങനെ പറഞ്ഞുകൊണ്ട് സുജൂദിലേക്ക് പോകുകയാണെങ്കിൽ കാര്യങ്ങൾ എത്ര പരിപൂർണ

വും മനോഹരവുമായിത്തീരുന്നു. അത് ഈ ഹദീസിൽ നിന്നാണ് ലഭിക്കുന്നത്. അതിനാൽ ഇനി ഈ ഹദീസിനെ മനപ്പാഠമാക്കുക. എളുപ്പത്തിൽ മനപ്പാഠമാക്കാൻ പറ്റിയ തരത്തിലുള്ളതാണ് അതിന്റെ വിഷയം. (ഉർദു ക്ലാസ് നമ്പർ: 322, 14.11.1997)

*(അടുത്ത ക്ലാസിൽ ഹുസൂർ തിരുമനസ് ഇതേ വിഷയം തുടർന്നു കൊണ്ട് പറഞ്ഞു)*

ഈ ഹദീസുകൾക്ക് ഒരേ ഒരു നിവേദകൻ മാത്രമാണുള്ളത്. അതിനുശേഷം രണ്ടു മൂന്ന് അതേ നിവേദകർ തന്നെയാണുള്ളത്. പിന്നീട് അവസാനം എത്തുന്നതിനു മുമ്പ് ഓരോന്ന് മാറി വരുന്നു.

ഈയൊരു ഹദീസാണ് സിഹാഹ് സിത്തയിലുള്ള മൂന്ന് ഹദീസ് ഗ്രന്ഥങ്ങളിലും അതായത് ഇബ്നുമാജ, അബൂദാവൂദ്, സുനൻ തിർമിദി എന്നിവയിൽ ഉള്ളത്. അതിന്റെ അവസാനത്തിൽ وَارْفَعْنِيْ എന്നുണ്ട്. അതാണ് എനിക്കിഷ്ടപ്പെട്ടത്.

ഒരു പക്ഷെ, പ്രസ്തുത നിവേദകന് وَارْفَعْنِيْ എന്നത് ഓർമയുണ്ടാകുകയും മറ്റ് നിവേദകർക്ക് ഓർമയുണ്ടായിരുന്ന മറ്റ് ചില പദങ്ങൾ മറന്നുപോകുകയും ചെയ്തിരിക്കാം. ഇതിൽ പ്രയുക്തമായിട്ടുള്ള എല്ലാ പദങ്ങളെയും ഒരുമിച്ചുകൂട്ടുകയാണെങ്കിലും അത് അനുവദനീയമാണ്. وَارْفَعْنِيْ എന്നത് അവസാനത്തിൽ തന്നെ വെക്കേണ്ടതാണ്. ഇനി അവസാനം ഈ ദുആ എന്താകും?

ജാമിഅ് തിർമിദിയിലുള്ള രണ്ടാമത്തെ ഹദീസിൽ ഇതിലില്ലാത്ത وَاهْدِنِيْ എന്ന പദമുണ്ട്. അതിനാൽ അതിൽ وَاهْدِنِيْ ചേർക്കുക. അബൂദാവൂദിലുള്ള നിവേദനത്തിൽ ഇതിലില്ലാത്ത وَعَافِنِيْ എന്ന പദമുണ്ട്. وَعَافِنِيْ യും ചേർക്കുകയാണെങ്കിൽ وَارْفَعْنِيْ വരെയുള്ള ആ ദുആ ഇങ്ങിനെയാകും. അതിന്റെ സനദും ഉണ്ട്. അതിനാലാണ് ഈ ദുആ പറഞ്ഞുതരുന്നത്.

رَبِّى اغْفِرْلِيْ وَارْحَمْنِيْ وَاهْدِنِيْ وَعَافِنِيْ وَاجْبُرْنِيْ وَارْزُقْنِيْ وَارْفَعْنِيْ

وَارْفَعْنِيْ എന്ന് രിവായത്ത് ചെയ്ത നിവേദകൻ റബ്ബി എന്നാണ് പറഞ്ഞത്. എന്ത്കൊണ്ട്? സുജൂദിൽ سُبْحَانَ رَبِّيَ الْاَعْلٰى എന്നായിരുന്നു പറഞ്ഞിരുന്നുത്. അതിനാൽ **റബ്ബ്** എന്ന പദമുള്ള ദുആയാണ് മനപ്പാഠമാക്കേണ്ടത്. **അല്ലാഹുമ്മ** എന്നും പറയാം. സംഗതി ഒന്നു തന്നെയാണ്. എന്താണോ മനപ്പാഠമാക്കിയത്. ഓർമയുള്ളത് ചൊല്ലുക.

رَبِّی اغْفِرْلِیْ وَارْحَمْنِیْ وَاهْدِنِیْ وَعَافِنِیْ وَاجْبُرْنِیْ وَارْزُقْنِیْ وَارْفَعْنِیْ അർഥം: എന്റെ നാഥാ എനിക്ക് പൊറുത്ത് തരേണമേ, എന്നിൽ കരുണ ചൊരിയേണമേ وَاهْدِنِیْ: എനിക്ക് നേർമാർഗം കാണിച്ചു തരേണമേ, وَعَافِنِیْ: എനിക്ക് നേർമാർഗത്തിൽ ചലിക്കുന്നതിനുള്ള ആരോഗ്യം നൽകേണമേ, وَاجْبُرْنِیْ: ശാരീരികമായും ആത്മീയമായും എന്നെ നേരെയാക്കേണമേ.

ഏതെങ്കിലും വസ്തു വളഞ്ഞു പോകുകയാണെങ്കിൽ ഉദാഹരണമായി, എല്ല് പൊട്ടുകയാണെങ്കിൽ അതിൽ **ജബ്ര** ചെയ്യുന്നു. وَاجْبُرْنِیْ എന്നാൽ എന്റെ സന്ധികളും, എല്ലുകളും, വാരിയെല്ലുകളും ആത്മീയമായും ശാരീരികമായും വളഞ്ഞുപോയിരിക്കുന്നു. അതിനെ നേരെയാക്കേണമേ. പിന്നീട് ജീവിതവിഭവം നൽകേണമേ. പിന്നീട് എന്നെ ഉയർത്തേണമേ.

അതായത്, പരിഷ്കരണം നടന്നു കഴിഞ്ഞാൽ ശരിയായി ഉപയോഗപ്പെടുത്തുന്നതിനായി ജീവിതവിഭവം നൽകേണമേ. തുടർന്ന് ആ വസ്തുക്കളെ നന്നായി ഉപയോഗപ്പെടുത്തുമ്പോൾ وَارْفَعْنِیْ , എന്റെ പദവിയെ ഉയർത്തേണമേ. (ഉർദു ക്ലാസ് നമ്പർ:323, 15.11.1997)

# അത്തഹിയ്യാത്ത്

സുജൂദിൽ മൂന്ന് തവണ سُبْحَانَ رَبِّیَ الْاَعْلٰی എന്ന് പറഞ്ഞുകൊണ്ട് (തല ഉയർത്തിയതിന് ശേഷം) നാം എന്താണ് പറയുന്നത്?

اَلتَّحِیَّاتُ لِلّٰہِ وَالصَّلَوَاتُ وَالطَّیِّبَاتُ 'തഹിയ' എന്നാൽ എന്താണ്? പാരിതോഷികം. അതായത് സർവവിധത്തിലുമുള്ള പാരിതോഷികങ്ങളും അല്ലാഹുവിനാണ്. പാരിതോഷികങ്ങൾ എന്തിനാണ് നൽകാറുള്ളത്? നിങ്ങൾ പാരിതോഷികം നൽകുമ്പോൾ പ്രത്യേക കാരണമുണ്ടാകും.

അത്തഹിയ്യാത്തിനു മുമ്പ് سُبْحَانَ رَبِّیَ الْاَعْلٰی എന്നാണ് പറഞ്ഞത്. അപ്പോൾ അല്ലാഹു നിങ്ങളിൽ ധാരാളം കരുണ ചൊരിഞ്ഞുവെന്നും, നിങ്ങളെ വളരെ പ്രശംസിച്ചിരിക്കുന്നുവെന്നും, നിങ്ങൾക്ക് വളരെ വലിയ പദവി നൽകിയിരിക്കുന്നുവെന്നും പ്രതീക്ഷിക്കാവുന്നതാണ്. ഏതെങ്കിലും രാജാവിന്റെ മുന്നിൽ ഹാജരാകുമ്പോൾ

ഇതെന്റെ ഉപഹാരം എന്ന് പറഞ്ഞ് എന്തെങ്കിലും നൽകുന്നു. اَلتَّحِيَّاتُ لِلهِ എന്നതിന്റെ അർഥം ആരെങ്കിലും പാരിതോഷികം നൽകുന്നുവെങ്കിൽ അല്ലാഹുവിന് തന്നെ നൽകുക എന്നാകുന്നു.

وَالصَّلَوَاتُ وَالطَّيِّبَاتُ സ്വലവാത്തിലും ത്വയ്യിബാത്തിലുമുള്ള വ്യത്യാസം എന്താണ്? ശാരീരിക ത്യാഗങ്ങൾക്കാണ് **സ്വലവാത്ത്** എന്ന് പറയുന്നത്. അതായത് നിങ്ങളുടെ ശരീരം പ്രയാസം അനുഭവിക്കുന്നു. നിന്നും ഇരുന്നും നമസ്കരിക്കുന്നു. ഇതാണ് സ്വലവാത്ത്. അപ്പോൾ പാരിതോഷികങ്ങളും അല്ലാഹുവിന്, നാം ചെയ്യുന്ന സ്വലവാത്തുകളും അല്ലാഹുവിന്. അതായത് നമസ്കാരമടക്കമുള്ള എല്ലാ ശാരീരിക ത്യാഗങ്ങളുമുള്ളതാണ് അത്. അല്ലാഹുവിന് വേണ്ടി മനുഷ്യർ ഓടിനടക്കുന്നു. ധാരാളം പ്രയത്നിക്കുന്നു. നിങ്ങളും ഇവിടെ വന്നിട്ടുള്ളത് അല്ലാഹുവിന് വേണ്ടിയാണ്. ഇതെല്ലാം ശാരീരിക ത്യാഗങ്ങളാകുന്നു. നിങ്ങളുടെ ശരീരം ത്യാഗം ചെയ്യുന്നു. അപ്പോൾ ഇത്തരത്തിലുള്ള എല്ലാ ശാരീരിക ത്യാഗങ്ങളും അല്ലാഹുവിന് വേണ്ടിയാകുന്നു.

**വത്വയ്യിബാത്തു**. എന്താണ് ത്വയ്യിബാത്ത്? എന്തിനെയാണ് ത്വയ്യിബ് എന്നു പറയുന്നത്? പരിശുദ്ധമായതിനെയാണ് ത്വയ്യിബ് എന്നു പറയുന്നത്. അപ്പോൾ ത്വയ്യിബാത്ത് എന്നാൽ പരിശുദ്ധമായ വസ്തുക്കൾ അതിനും ഉപഹാരവുമായി ബന്ധമുണ്ട്. അല്ലാഹുവിനായി നാം പാരിതോഷികങ്ങൾ നൽകുമ്പോൾ എപ്പോഴും ഏറ്റവും ഉത്തമമായതാണ് നൽകുന്നത്. ആർക്കെങ്കിലും ഉപഹാരങ്ങൾ നൽകുമ്പോൾ പഴയത് നൽകാറുണ്ടോ? ഉപഹാരം നൽകുമ്പോൾ നല്ലതും ആകർഷകവുമായതാകേണ്ടതാണ്. നിങ്ങൾക്കും ഇഷ്ടപ്പെടണം. സ്നേഹവും ഇഷ്ടവും കൂടുന്നതിനനുസരിച്ച് ഉപഹാരത്തിന്റെ മേന്മയും കൂടുന്നു. ഏറ്റവും പ്രിയപ്പെട്ടവർക്ക് ഏറ്റവും ഉത്തമമായത് തന്നെ നൽകണമെന്ന് ചിന്തിക്കുന്നു.

ചുരുക്കത്തിൽ അല്ലാഹുവിന്റെ സമക്ഷത്തിൽ **അത്തഹിയ്യാത്ത്** എന്നതിന്റെ അർഥം, നമസ്കാരങ്ങളും ഹൃദ്യമായിരിക്കണം, ശാരീരിക ത്യാഗങ്ങളും യാതൊരു ന്യൂനതയില്ലാത്തതുമായിരിക്കണം എന്നായിത്തീരുന്നു.

**ത്വയ്യിബാത്ത്** എന്നതിൽ നിങ്ങളുടെ ധനവും ഉൾപ്പെടുന്നു, നിങ്ങളുടെ വസ്ത്രങ്ങളും ഉൾപ്പെടുന്നു, നിങ്ങളുടെ എല്ലാംതന്നെ ഉൾപ്പെ

ടുന്നു. അതെല്ലാം ഏറ്റവും ഉത്തമമായിരിക്കണം. അത് നിഷിദ്ധ കാര്യങ്ങളിലൂടെയല്ല മറിച്ച്, അനുവദനീയ മാർഗത്തിലൂടെ സമ്പാദിച്ചതായിരിക്കണം. നിഷിദ്ധ മാർഗത്തിലൂടെ സമ്പാദിച്ചത് പരിശുദ്ധമായിരിക്കില്ല. എന്താണ് പരിശുദ്ധം? അനുവദനീയമായതിനെ മാത്രമല്ല പരിശുദ്ധം എന്നു പറയുന്നത് മറിച്ച്, അനുവദനീയമായതിൽ നിന്നും ഏറ്റവും ഉത്തമമായതിനെയാണ് ത്വയ്യിബ് എന്നു പറയുന്നത്. ഉദാഹരണമായി ഞാൻ നിങ്ങൾക്ക് സമൂസ തരികയാണ്. അത് ദുർഗന്ധം വമിക്കുന്ന ഇറച്ചിയുടേതാണെങ്കിൽ അനുവദനീയമായതാണെങ്കിലും അതിനെ നിങ്ങൾ ഉപേക്ഷിക്കുന്നതാണ്. എന്നാൽ അതിൽ നിന്നും ഇറച്ചിയുടെ സുഗന്ധമാണ് വരുന്നതെങ്കിൽ അതിനെ **ത്വയ്യിബ്** എന്ന് പറയാം.

ചുരുക്കത്തിൽ അല്ലാഹുവിന് മുന്നിൽ അനുവദനീയമായത് മാത്രമല്ല സമർപ്പിക്കേണ്ടത് മറിച്ച്, സുഗന്ധം നൽകുന്ന അനുവദനീയമായതായിരിക്കണം സമർപ്പിക്കേണ്ടത്. കാണുമ്പോൾ തന്നെ മനം കുളിർക്കുന്നതായിരിക്കണം സമർപ്പിക്കേണ്ടത്.

وَالصَّلَوَاتُ وَالطَّيِّبَاتُ എന്ന് പറഞ്ഞ് കഴിയുമ്പോൾ എന്താണ് കൊണ്ടുവന്നിരിക്കുന്നത് എന്ന ചിന്ത മനസ്സിൽ ഉടലെടുക്കുന്നു. നാം സമർപ്പിക്കുന്നത് ഒഴിഞ്ഞ പാത്രമാണ്. അതിൽ ഒന്നും തന്നെയില്ല. സ്വീകരിക്കുക എന്നത് അവന്റെ ഇഷ്ടം.

وَالصَّلَوَاتُ وَالطَّيِّبَاتُ എന്നതിൽ ചിന്തിക്കുമ്പോൾ നിത്യവും എന്തെങ്കിലും ശാരീരിക ത്യാഗങ്ങൾ നാം സമർപ്പിക്കേണ്ടതാണ് എന്നും മനസിലാകുന്നു. നിത്യവും അല്ലാഹുവിന്റെ സവിധത്തിൽ എന്തെങ്കിലും പരിശുദ്ധമായത് സമർപ്പിക്കേണ്ടതാണ്. അങ്ങനെ ചെയ്യുകയാണെങ്കിൽ അല്പമാണെങ്കിലും നിനക്ക് സമർപിക്കാൻ അനുയോജ്യമായത് ഇതേ ഉള്ളു അത് സമർപ്പിക്കുകയാണ് എന്ന് നിങ്ങൾക്ക് പറയാൻ കഴിയുമല്ലോ?

ചുരുക്കത്തിൽ നമസ്കാരം ഓരോ ചുവടിലും നിങ്ങളെ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു. ഒരു നമസ്കാരത്തിൽ തന്നെ എല്ലാം അസാധ്യവുമാണ്. അത്കൊണ്ടാണ് അഞ്ച്നേര നമസ്കാരം വെച്ചിരിക്കുന്നത്. രാവിലെ നമസ്കാരം, രാത്രി നമസ്കാരം. എന്നാൽ നിങ്ങൾക്ക് മടുപ്പ് തോന്നില്ല. കാരണം ഓരോ നമസ്കാരത്തിലും നിങ്ങളുടെ ചിന്തകൾ വ്യത്യസ്തങ്ങളായിരിക്കും. എല്ലാ കാര്യങ്ങളും

ഒരു നമസ്കാരത്തിൽ തന്നെ ചിന്തിക്കാൻ സാധ്യമല്ല. എന്നാൽ നിങ്ങളുടെ മനസ്സിൽ ഒരു സമയത്ത് ഒരു കാര്യം വരും മറ്റൊരു സമയത്ത് വേറൊരു കാര്യം. ആയുസ്സ് തീർന്നേക്കാം എന്നാൽ നമസ്കാരം അവസാനിക്കില്ല.

അത്തഹിയ്യാത്തിന് ശേഷം അടുത്തതായി നാം എന്താണ് പറയുന്നത്? പ്രിയങ്കരമായ ഈ കാര്യങ്ങളെല്ലാം തന്നെ ആരാണ് നമുക്ക് പഠിപ്പിച്ചു തന്നത്? ഹദ്റത് നബി തിരുമേനി(സ). അല്ലാഹുവിന് ഉപഹാരം നൽകി. നബി തിരുമേനിക്ക് വേണ്ടി നാം എന്താണ് കൊണ്ടുവന്നത്? നബിതിരുമേനി(സ)യ്ക്കായി അല്ലാഹുവിൽനിന്ന് നൽകപ്പെട്ട ദുആയുണ്ട്. കൂടാതെ നമ്മിൽ നിന്ന് ഒരു ഉപഹാരവും സമർപ്പിക്കപ്പെടുന്നതാണ്. അതുകൊണ്ട് ഉപഹാരം സമർപ്പിച്ചപ്പോൾ ആദ്യം അല്ലാഹുവിനെ മറഞ്ഞിരിക്കുന്നവനായി അഭിസംബോധന ചെയ്തു. اَلتَّحِيَّاتُ لِلّٰهِ പിന്നീട് അഭിസംബോധനയിലേക്ക് വിഷയം മാറി. പിന്നീട് തന്നിലേക്ക് വിഷയം വന്നു. എല്ലാ ഭാഷകളിലും മൂന്ന് രീതികളാണ് ഉള്ളത്. (1) ഒരാളെ അയാളുടെ അസാന്നിധ്യത്തിൽ പരാമർശിക്കുക. (2) അഭിസംബോധന ചെയ്യുക. (3) സ്വയം തന്നെക്കുറിച്ച് പറയുക. ഈ മൂന്ന് കാര്യങ്ങളും അത്തഹിയ്യാത്തിൽ ഉൾപ്പെട്ടിരിക്കുന്നു. ഒന്നാമത്തേത് اَلتَّحِيَّاتُ لِلّٰهِ എന്നതാണ്. അതായത് എല്ലാ ഉപഹാരങ്ങളും അല്ലാഹുവിനാകുന്നു. രണ്ടാമതായി നാം ഓർക്കേണ്ടത്, മുഹമ്മദ് നബി(സ) ആണ് ആ അല്ലാഹുവുമായി നമ്മെ ബന്ധിച്ചത്. അതുകൊണ്ടിവിടെ **'റബ്ബീ'** എന്ന് പറഞ്ഞില്ല. കാരണം ഇത് മുഹമ്മദ് നബി(സ)യുടെ അല്ലാഹുവാണ്. ആ മഹാത്മാവാണ് അവനെ നമുക്ക് പരിചയപ്പെടുത്തി തന്നത്.

അത്കൊണ്ട് നാം اَلسَّلَامُ عَلَيْکَ اَيُّهَاالنَّبِیُّ وَرَحْمَةُ اللّٰهِ وَبَرَكَاتُهٗ എന്ന് പറയുന്നു. അതായത്, അല്ലയോ നബി(സ) അങ്ങക്ക് സമാധാനമുണ്ടാകട്ടെ. അങ്ങ് എത്ര വലിയ കാര്യമാണ് ഞങ്ങൾക്ക് നൽകിയത്. അത് പറഞ്ഞതിനു ശേഷം അവസാനത്തിൽ اَلسَّلَامُ عَلَيْنَا എന്ന പറഞ്ഞ് സ്വയം നമുക്കായും സമാധാനം നേരുന്നു.

നബി തിരുമേനി(സ)ക്കും സ്വയം തനിക്കും പിന്നീട് എല്ലാ സദ്വൃത്തർക്കായും وَعَلٰی عِبَادِ اللّٰهِ الصّٰلِحِيْنَ എന്ന് പറയുമ്പോൾ അതിനർഥം, അല്ലയോ ദൂതരേ! താങ്കൾക്ക് ഞങ്ങൾ സമാധാനം നേരുകയുണ്ടായി. അതിന്റെ ഫലമായി ഞങ്ങളിലും സമാധാനം ഉണ്ടാകട്ടെ. നബി(സ)ക്ക് സമാധാനം നേരുമ്പോൾ നമുക്കും സമാധാനം ലഭിക്കുന്നതാണെന്ന്

ഓർത്തുകൊള്ളുക. ഇത് അതിന്റെ സ്വഭാവിക പരിണിതിയാണ്. അത്കൊണ്ട് നിങ്ങൾ വളരെ ദൃഢവിശ്വാസത്തോടു കൂടി اَلسَّلَامُ عَلَيْنَا وَعَلٰى عِبَادِ اللّٰهِ الصّٰلِحِيْنَ എന്ന് പറയുന്നു. അതായത് ഞങ്ങൾക്കും സമാധാനം ഉണ്ടാകട്ടെ, ലോകത്തുള്ള അല്ലാഹുവിന്റെ എല്ലാ ദാസർക്കും സമാധാനം ഉണ്ടാകട്ടെ.

ഇതാണ് അത്തഹിയ്യാത്തിന്റെ സംക്ഷിപ്ത വിശദീകരണം. ഇനി ഈ കാര്യം നിങ്ങൾ ഓർമവെക്കുക. നിങ്ങൾ നമസ്കരിക്കുമ്പോഴെല്ലാം തന്നെ ഇരുന്നു കൊണ്ട് സാധ്യമാകുന്നുവോളം ഇക്കാര്യങ്ങളെ കുറിച്ച് ചിന്തിക്കുക. മെല്ലെ മെല്ലെ മുന്നോട്ട് ഗമിച്ചു കൊണ്ടിരിക്കുക. ആരംഭത്തിൽ അത്തഹിയ്യാത്ത് ചൊല്ലുമ്പോൾ എന്താണ് പറയുന്നത്, ചെയ്യുന്നത് എന്ന് അറിയുന്ന തരത്തിൽ ജാഗ്രതയോടു കൂടി ഇരിക്കുക.

(അത്തഹിയ്യാത്തിനെ സംബന്ധിച്ച് വീണ്ടും പറഞ്ഞു,) അത്തഹിയ്യാത്ത്: ഇതിന് വാക്കാലുള്ള എല്ലാ ആരാധനകളും എന്നുള്ള അർഥം എന്റെ അഭിപ്രായത്തിൽ ശരിയല്ല. എന്നാൽ ഞാൻ വിവരിച്ച വിഷയം പദത്തിനനുസൃതമായതാണ്....... അത്തഹിയ്യാത്ത് എന്നത് ശരിയല്ല, യഥാർഥത്തിൽ അത്തഹിയ്യാത്ത് എന്നാണ്.

അത്തഹിയ്യാത്ത്; തഹിയ്യത്ത് എന്നതിന്റെ ഒരർഥം സ്വാഗതം പറയുക എന്നുമാണ്. Welcome ചെയ്യുക. നിഘണ്ടു നോക്കുകയാണെങ്കിൽ അറബികളിൽ അത്തഹിയ്യാത്തിന്റെ അർഥം Greeting എന്നാണ് കാണാൻ സാധിക്കുക. മുഴുവൻ അറേബ്യയിലും ഞാൻ അന്വേഷിച്ചു. എല്ലാവരും അത്തഹിയ്യാത്തിന് ഉപഹാരം എന്നർഥമാണ് നൽകുന്നത്. അതേ അർഥത്തിൽ തന്നെ അവർ നിത്യവും സുഹൃത്തുക്കൾക്ക് ഉപഹാരം നൽകുന്നതിനായി ഈ വാക്ക് ഉപയോഗിക്കുന്നു.

അത്തഹിയ്യാത്ത്: ഉപഹാരം നൽകുക, പാരിതോഷികം നൽകുക. എന്റെ അഭിപ്രായത്തിൽ അത്തഹിയ്യാത്തിന്റെ രണ്ടാമത്തെ അർഥവും ഇവിടെ അനുയോജ്യമാണ്. അത്തഹിയ്യാത്ത് എന്നാൽ എല്ലാ Greetings ഉം. ഞങ്ങളുടെ വീട്ടിലേക്ക് ഉൽസാഹത്തോടു കൂടി വന്നാലും. അത്തഹിയ്യാത്തുലില്ലാഹി Welcome, Welcome. ഇതെല്ലാം തന്നെ അല്ലാഹുവിനുള്ളതാകുന്നു.

(ഉർദു ക്ലാസ്, നമ്പർ 321, 12.11.1997)

അത്തഹിയ്യാത്ത് എന്നതിന്റെ അർഥം വാക്കാലുള്ള ആരാധന കൾ എന്നതിനെ സംബന്ധിച്ച് വിശദീകരിച്ച്കൊണ്ട് പരഞ്ഞു,

ഞാനിതിന്റെ മറുപടി നേരത്തേ തന്നുകഴിഞ്ഞു. ഞാൻ Greetin gs എന്ന് പരിഭാഷപ്പെടുത്തുകയുണ്ടായി. Greetings പറയുന്നത് വാക്കുകൾ കൊണ്ടാണ്. വരിക, താങ്കൾക്ക് സ്വാഗതം, മാശാഅ ല്ലാഹ് വന്നാലും, Welcome. അപ്പോൾ Greetings വാക്കാലാണ് കൊടുക്കുന്നത്. അക്കാരണം കൊണ്ടാണ് പരിഭാഷയിൽ വാക്കു കൾ കൊണ്ടുള്ള ആരാധനകൾ എന്ന് വന്നത്. എന്നാൽ എനിക്ക് അതിനോട് പൂർണമായ യോജിപ്പില്ല. കാരണം എല്ലാ ആരാധക ളുടെയും എല്ലാ രീതിയിലും വാക്കാലുള്ള ആരാധകളും ഉൾപ്പെടു ന്നു. അപ്പോൾ വാക്കാലുള്ള ആരാധകളെ അതിൽ നിന്നും വേർപെ ടുത്തുക സാധ്യമല്ല, പരിശുദ്ധമായതിൽ നിന്നും. വിശുദ്ധ ഖുർആ നിൽ طَيِّبٌ مِنَ الْقَوْلِ എന്നും വന്നിട്ടുണ്ട്. (*വഹുദൂ ഇലത്വയ്യിബി മിനൽ ഖൗലി വഹുദൂ ഇലാ സിറാതിൽ ഹമീദി.* പരിശുദ്ധമായ വാക്കുക ളിലേക്ക് അവർ മാർഗദർശനം ചെയ്യപ്പെടുന്നതാണ്. സ്തുത്യഹ ർനായ അല്ലാഹുവിന്റെ മാർഗത്തിലേക്ക് അവർ നയിക്കപ്പെടുകയും ചെയ്യും (അൽഹജ്ജ്: 25), സമ്പാ:) അപ്പോൾ ഞാൻ പറയാൻ ആഗ്ര ഹിക്കുന്നത്, എല്ലാ ആരാധനകളിലും വാക്കുകളും ഉൾപ്പെടുന്നു. നിങ്ങൾ വാക്കാലുള്ള ആരാധനകളും എന്ന് പറഞ്ഞ് അതിനെ വേർതിരിക്കുകയാണെങ്കിൽ “ഉം” എന്നതിന്റെ അർഥം ഇല്ലാതാ കുന്നു. അതിനാൽ Greetings എന്നതിന് പകരം ഉപഹാരം എന്ന വിഷയമാണ് കൂടുതൽ ഇഷ്ടപ്പെടുന്നത്. ഉപഹാരം എത്തരത്തിലു ള്ളതായിരിക്കണം എന്നുള്ള എല്ലാ വസ്തുതകളും അതിൽ ഉൾപ്പെ ടുകയും ചെയ്യുന്നു. (ഉർദുക്ലാസ് നമ്പർ 322, 14.11.1997)

# നമസ്കാരത്തെ സംബന്ധിച്ചുള്ള ചില കാര്യങ്ങൾ

## സുബ്ഹി നമസ്കാരം

സുബ്ഹി നമസ്കാരം രണ്ട് റകഅത്ത് ഫർളും രണ്ട് റകഅത്ത് സുന്നത്തുമാകുന്നു. എന്താണ് ഫർള്? നമസ്കാരത്തിന്റെ അനിവാര്യമായ ഭാഗത്തെയാണ് ഫർള് എന്നു പറയുന്നത്. അനുഷ്ഠിച്ചില്ലായെങ്കിൽ അല്ലാഹുവിനോടുള്ള ആജ്ഞാലംഘനമാകുകയും, അനുഷ്ഠിക്കേണ്ട മുറക്ക് അനുഷ്ഠിച്ചില്ലായെന്ന് തോന്നുകയും ചെയ്യുന്ന നമസ്കാരത്തെയാണ് ഫർള് എന്നു പറയുന്നത്. നിങ്ങളിൽ നിർബന്ധമാക്കപ്പെട്ട കാര്യങ്ങൾ നിങ്ങൾ ചെയ്യാതിരിക്കുമ്പോൾ ഫർള് അനുഷ്ഠിക്കപ്പെടുന്നില്ല എന്ന് നാം പറയാറുള്ളതുപോലെ.

ചുരുക്കത്തിൽ സുബ്ഹി നമസ്കാരത്തിന്റെ രണ്ടു റകഅത്തുകൾ ഫർളാകുന്നു. അതില്ലാതെ നമസ്കാരം തന്നെയില്ല. കോളം കാലിയായി അവശേഷിക്കുന്നു. മുഴുവൻ ദിവസത്തേയും നമസ്കാരവും അവതാളത്തിലാകുന്നു.

എന്താണ് സുന്നത്ത്? ഫർള് നമസ്കാരത്തിനു മുമ്പും പിമ്പും നബി(സ) തിരുമേനി പതിവായി അനുഷ്ഠിക്കാറുണ്ടായിരുന്ന നമസ്കാരത്തെയാണ് നാം സുന്നത്ത് എന്നു പറയുന്നത്. രണ്ട് തരത്തിലുള്ള സുന്നത്തുകളാണ് ഉള്ളത്. ഒന്ന് **മുഅക്കദ.** രണ്ടാമത്തേത് **ഗൈർ മുഅക്കദ.** ഇത് ഫിഖ്ഹിന്റെ വിശദീകരണമാണ്. അവരുടെ കാര്യങ്ങൾ പറഞ്ഞ് കൊണ്ട് ഞാൻ നിങ്ങളെ ബുദ്ധിമുട്ടിക്കുന്നില്ല. സുബ്ഹി നമസ്കാരത്തിന്റെ സുന്നത്തുകൾ മാപ്പാക്കപ്പെടുന്നതല്ല എന്നത് അനിവാര്യമായും ഓർത്തിരിക്കേണ്ട കാര്യമാണ്. സുബ്ഹിയുടെ രണ്ട് റകഅത്തുകൾ നിങ്ങൾക്ക് യാത്രയിലും നമസ്കരിക്കേണ്ടിവരും. യാത്രയിലും അത് ഇല്ലാതാകുന്നില്ല. എന്നാൽ ളുഹ്റിന്റെ ആദ്യ രണ്ട് റകഅത്ത് സുന്നത്തും ശേഷമുള്ള രണ്ട് റകഅത്ത് സുന്നത്തും ആവശ്യമില്ല. ഫർള് മാത്രം അനുഷ്ഠിച്ചാൽ മതിയാകും.

എന്നാൽ സുബ്ഹി നമസ്കാരത്തിന്റെ രണ്ട് റകഅത്ത് സുന്നത്ത് നബി(സ) ഒരിക്കലും ഉപേക്ഷിച്ചിരുന്നില്ല. അതിനാൽ അത് ഫർള് പോലെ തന്നെയാകുന്നു. ഫർളല്ല, എന്നാൽ ഫർള് പോലെ. ആദ്യം രണ്ട് റകഅത്ത് സുന്നത്ത് പിന്നെ ഫർള്. എന്നാൽ നബി(സ) സുബ്ഹിയുടെ സുന്നത്തുകൾ വളരെ ചുരുക്കിയാണ് നമസ്കരിച്ചിരുന്നത്. എപ്പോഴും ചുരുക്കി നമസ്കരിച്ചിരുന്നത് ഈയൊരു നമസ്കാരം മാത്രമായിരുന്നു. അതായത് സുബ്ഹി നമസ്കാരത്തിനായി പുറപ്പെടുന്നതിനു മുമ്പ് വളരെ വേഗത്തിൽ രണ്ട് റകഅത്ത് സുന്നത്ത് നമസ്കരിക്കുമായിരുന്നു. നബി(സ) സാധാരണ നമസ്കരിക്കുന്നതിനേക്കാൾ വേഗത്തിലാണ് സുബ്ഹിയുടെ സുന്നത്ത് അനുഷ്ഠിച്ചിരുന്നത്. അത് കാണുമ്പോൾ ചിലപ്പോൾ അത്ഭുതപ്പെടാറുണ്ട്. എന്നാൽ താനുമായി ബന്ധപ്പെടുത്തി പറയുമ്പോൾ അത് വേഗത്തിലുള്ളതിലായിരുന്നില്ല.

തഹജ്ജുദ് നമസ്കാരത്തിന് ശേഷം നബി(സ) സുബ്ഹി നമസ്കാരത്തിനായി പുറപ്പെടുന്നതിന് മുമ്പ് വിശ്രമിക്കാറുണ്ടായിരുന്നു. പിന്നീട് നമസ്കാരത്തിനായി പോകാൻ ധൃതിപ്പെടുമായിരുന്നു. സുന്നത്ത് വീട്ടിലും ഫർള് പള്ളിയിലും അനുഷ്ഠിക്കുന്നതാണ് ഉത്തമം.

## തഹജ്ജുദ്

തഹജ്ജുദ് നമസ്കാരം നഫലാകുന്നു. ഇതാണ് യഥാർഥ നഫൽ. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു, **ഫതഹജ്ജദ് ബിഹീ നാ ഫിലത്തൻ ലക്ക്.** നാഫിലത്തൻ എന്നാൽ നഫൽ ആണ് ഉദ്ദേശിക്കുന്നത്, എന്നാൽ മനുഷ്യന് മുഴുവൻ ദിവസവും നഫൽ നമസ്കരിക്കാവുന്നതാണ്. എല്ലാ നമസ്കാരത്തിന് ശേഷവും നമസ്കരിക്കാവുന്നതാണ്. ചിലർ മഗ്‌രിബിന് ശേഷം നമസ്കരിക്കുന്നു, ചിലർ ഇശാക്ക് ശേഷം നമസ്കരിക്കുന്നു. ഇതെല്ലാം നഫലുകളാകുന്നു. നഫൽ എന്നതിന്റെ ബഹുവചനമാണ് നവാഫിൽ.

തഹജ്ജുദിന് ശേഷം അവസാനത്തിൽ ഒരു റകഅത്ത് നമസ്കരിക്കുകയാണെങ്കിൽ അത് വിത്റ് ആയിത്തീരുന്നു. തഹജ്ജുദിന്റെ സമയത്ത് നമസ്കരിക്കുക, വിശുദ്ധ ഖുർആൻ പാരായണം ചെയ്യുക. ഒരു മണിക്കൂറോ ഒന്നര മണിക്കൂറോ. സമയത്തിനനുസരിച്ച് കഴിവിന്നനുസരിച്ച് അനുഷ്ഠിക്കുക. വിശുദ്ധ ഖുർആനിൽ പറഞ്ഞിരിക്കുന്നത്, **മാ തയസ്സറ** എന്നാണ്. **തയസ്സറ** എന്നാൽ കഴിയുന്നത്

എന്നാണർഥം. നമസ്കാരത്തിൽ എത്രത്തോളം വിശുദ്ധ ഖുർആൻ പാരായണം ചെയ്യാൻ സാധിക്കുന്നുവോ അത്രത്തോളം ഓതുക. തഹജ്ജുദും തന്റെ കഴിവനുസരിച്ച് അനുഷ്ഠിക്കുക.

നമസ്കാരം സാവധാനത്തിൽ അനുഷ്ഠിക്കേണ്ടതാണ്. കോഴി ധാന്യം കൊത്തിത്തിന്നുന്നത് പോലെയാകരുത്. പതുക്കെ പതുക്കെ അനുഷ്ഠിക്കുക. അതിനാൽ തഹജ്ജുദ് നമസ്കാരത്തിന് സമയവും ആവശ്യമാണ്. വേഗത്തിൽ നമസ്കരിക്കരുത്. സമയ ലഭ്ധിയനുസരിച്ച് നിങ്ങൾ തന്നെ തെരഞ്ഞെടുക്കുക. എത്ര നമസ്കരിക്കാൻ സാധിക്കുമോ താൽപര്യത്തോടു കൂടി നമസ്കരിച്ചു കൊള്ളുക.

(ഉർദുക്ലാസ്സ് നമ്പർ 321, 12.11.97)